വേദപ്രചാര മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 02 | 2022 ആഗസ്റ്റ് VEDAPRACHARA MADHYASTHAN
Price Rs.25/- Annual Subscription Rs.300/- Malayalam Monthly

The official organ of the Archeparchy of Changanacherry

ഓഗസ്റ്റ് 14ന് ജന്മദിനം ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ
പിതാവിന് അതിരൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

Happy Birthday
to our beloved Pithav

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശേരി അതിരൂപത
സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 02 ● ആഗസ്റ്റ് 2022

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 90374 40040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

ഉള്ളടക്കം

സർക്കുലർ (22 Ch. 272-353) 05
സർക്കുലർ (കെ.സി.ബി.സി. - തടവറ പ്രേഷിതഞായർ) 15
സർക്കുലർ (കെ.സി.ബി.സി. - ജസ്റ്റിസ് സൺഡേ) 19
കച്ചേരിക്കാര്യം 24
അനുസ്മരണം 26
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി 29
MAAC (Media Apostolate Archeparchy of Changanacherry) 31
സന്ദേശനിലയം 32
ചെറുപുഷ്പ മിഷൻലീഗ് 34
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ 36
ഫാമിലി അപ്പോസ്തലേറ്റ് 38
യുവദീപ്തി - SMYM 41
KCSL 43
CARP 44
CHASS 45
KRRIS 53
ജീവകാരുണ്യനിധി ട്രസ്റ്റ് 54
DFC 55
ആതുരശുശ്രൂഷാമേഖല 57
പ്രവാസി അപ്പോസ്തലേറ്റ് 60
KLM 61
ആത്മതാകേന്ദ്രം 62
DCMS 65
ലീജിയൻ ഓഫ് മേരി 67
SFO 68
വിൻസെൻഷ്യൻ വേദി 70
ചാരിറ്റി വേൾഡ് ട്രസ്റ്റ് 72
കരിസ്മാറ്റിക് നവീകരണം 73
പൗരോഹിത്യ ആദ്ധ്യാത്മികത 74
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി 79
അഭിവന്ദ്യ പിതാക്കന്മാരുടെ Engagements 89

Annual Subscription: Rs. 300/-

സർക്കുലർ

22 Ch. 272-353

അജപാലകരും വിശ്വാസിസമൂഹം മുഴുവനും അറിയുന്നതിനും സൂക്ഷ്മതയോടെ പാലിക്കുന്നതിനും ചില ആരാധനക്രമമാർഗ്ഗനിർദ്ദേശങ്ങൾ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ആരാധനക്രമമാണ് സഭയുടെ ഏറ്റവും ശ്രേഷ്ഠവും പരിശുദ്ധവുമായ പ്രവൃത്തിയെങ്കിൽ അതിന്റെ അനുഷ്ഠാനത്തിലാണ് ആരാധനാസമൂഹമായ സഭ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത്. അജ്ഞതമൂലമോ അലസതകൊണ്ടോ മറ്റേതെങ്കിലും കാരണത്താലോ ആരാധനക്രമാനുഷ്ഠാനത്തിൽ സൂക്ഷ്മതക്കുറവും അപാകതകളും സംഭവിക്കാം. അലക്ഷ്യമായോ അപൂർണമായോ ഉത്സാഹമില്ലാതെയോ വേണ്ടത്ര ഒരുക്കമില്ലാതെയോ ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന്റെ മുഖ്യകാരണം വിശ്വാസക്കുറവും ശരിയായ ബോദ്ധ്യമില്ലായ്മയുമാകാം. തിരുക്കർമ്മങ്ങൾക്കു നേതൃത്വം കൊടുക്കുന്നവരുടെ കാര്യത്തിലും പങ്കെടുക്കുന്ന ആരാധനാസമൂഹത്തിന്റെ കാര്യത്തിലും അങ്ങനെ സംഭവിക്കാം. ഉറച്ച വിശ്വാസമാണ് ഏകാഗ്രതയോടും സജീവമായും ഭക്തിനിർഭരമായും ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് ഏറ്റവും ആവശ്യമായിരിക്കുന്നത്. വിശ്വാസത്തിന്റെ ആഘോഷമാണല്ലോ ലിറ്റർജി.

ലിറ്റർജിയുടെ ആഘോഷത്തിൽ പലപ്പോഴായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും തിരുത്തേണ്ടതുമായ ചില കാര്യങ്ങൾ താഴെക്കൊടുക്കുന്നു. ആഘോഷത്തിന്റെ പൂർണതയ്ക്കും ആരാധനക്രമനിയമങ്ങളോട് കൂടുതൽ വിശ്വസ്തത പാലിക്കുന്നതിനും ഇക്കാര്യങ്ങൾ എല്ലാവരും ഗൗരവപൂർവം കണക്കിലെടുക്കുകയും ലിറ്റർജിയുടെ ചൈതന്യം ഉൾക്കൊണ്ട് നടപ്പിലാക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

പരിശുദ്ധ കുർബാനയുടെ അർപ്പണത്തിൽ ശ്രദ്ധിക്കേണ്ടവ

1. സീറോമലബാർസഭാസിനഡ് നിശ്ചയിച്ച് പരി. സിംഹാസനത്തിന്റെ അംഗീകാരത്തോടെ നടപ്പിലാക്കിയിരിക്കുന്ന പരി. കുർബാനയുടെ

ഏകീകൃത അർപ്പണരീതിയാണല്ലോ നമ്മൾ പാലിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് ഫൊറോനാ വൈദികകോൺഫറൻസുകളിൽ വിശദമായി ചർച്ചചെയ്യുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുള്ളതാണ്. പ്രാർത്ഥനകളിലെ ഐച്ഛികങ്ങളെ സംബന്ധിച്ച് ഭിന്നരീതികൾ ഒഴിവാക്കുന്നതിന് നമ്മുടെ മുൻപതിവു തുടരുകയെന്ന കാര്യത്തിലും ഏകാഭിപ്രായമാണ് ഉണ്ടായത്. ചില പ്രാർത്ഥനകളുടെ ആവർത്തനങ്ങൾ ഒഴിവാക്കി സമയദൈർഘ്യം കുറയ്ക്കുക എന്ന പ്രവണത നമ്മുടെ ആരാധനക്രമചൈതന്യത്തിന് ചേരുന്നതല്ല എന്നകാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

2. പരി. കുർബാനയിൽ മാത്രമാണ് വചനശുശ്രൂഷയും സമാപന ശുശ്രൂഷയും ആരാധനാസമൂഹത്തിലേക്കു തിരിഞ്ഞുനിന്ന് നടത്താൻ നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ മറ്റു ആരാധനാകർമ്മങ്ങളോ പ്രാർത്ഥനാശുശ്രൂഷകളോ നടത്തേണ്ടത് മദ്ബഹായിലേക്കുതന്നെ തിരിഞ്ഞുനിന്നുകൊണ്ടാണ്.

ഉദാ:- മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്, വിവാഹവാഗ്ദാനശുശ്രൂഷ, മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ തുടങ്ങിയവ.

കിഴക്കിനഭിമുഖമായി പ്രാർത്ഥിക്കത്തക്കവിധം അൾത്താരസ്ഥാപിച്ച് പള്ളികൾ പണിയുന്ന പുരാതനസഭാപാരമ്പര്യത്തിന്റെ പ്രാധാന്യവും അതിന്റെ സമ്പന്നമായ പ്രതീകാത്മതയും ആഴമായ മൂല്യവും എടുത്തുപറഞ്ഞുകൊണ്ട് ഈ പാരമ്പര്യം സംരക്ഷിക്കാനുള്ള ആഹ്വാനമാണ് പൗരസ്ത്യസഭാകാര്യാലയം 1996-ൽ പൗരസ്ത്യസഭകൾക്കായി നൽകിയ ഉദ്ബോധനത്തിൽ നൽകിയിരിക്കുന്നത്. ''ദൈവാരാധനാകർമ്മങ്ങളിൽ പങ്കെടുക്കുന്ന ജനത്തെപ്പോലെതന്നെ നേതൃത്വം നൽകുന്ന കാർമ്മികനും കിഴക്കനഭിമുഖമായി പ്രാർത്ഥിക്കുന്നു'' എന്നും, ശരിയായ പൗരസ്ത്യ ആരാധനാദ്ധ്യാത്മികതയോട് ചേർന്നുപോകുന്ന ഇത്തരം ആചാരങ്ങൾ സംരക്ഷിക്കേണ്ടതുണ്ടെന്നും ഉദ്ബോധനം വ്യക്തമാക്കുന്നു (Instruction 1996, n.107).

3. ദിവ്യകാരുണ്യം നൽകുന്നതു സംബന്ധിച്ച്

a. ദിവ്യകാരുണ്യം നൽകേണ്ടത് വൈദികരാണ്. സഭയുടെ പ്രത്യേക നിയമം നിശ്ചയിക്കുന്നെങ്കിൽ മ്ശംശാനമാർക്കും ആകാം എന്നതാണ് പൊതുനിയമം (CCEO 709 #1). എന്നാൽ അടിയന്തിര സന്ദർഭങ്ങളിൽ ദിവ്യകാരുണ്യം നൽകുന്നതിന് പ്രത്യേക പരിശീലനംനൽകി അസാധാരണശുശ്രൂഷകരായി മറ്റുള്ളവരെയും നിയോഗിക്കാവുന്നതാണ്. ചെറുപട്ടങ്ങൾ സ്വീകരിച്ചവർ, സമർപ്പിതർ, യോഗ്യരായ അല്മായർ എന്നീ ക്രമത്തിലാണ് അങ്ങനെയുള്ളവരെ നിയോഗിക്കേണ്ടത്. കാർമ്മികന്റെ അനാരോഗ്യം, വളരെയധികം ആൾക്കാർ ദിവ്യകാരുണ്യസ്വീകരണത്തിനുണ്ടായിരിക്കുക, സാധാരണശുശ്രൂഷകർ ആവശ്യത്തിനില്ലാതിരിക്കുക തുടങ്ങിയ അവസരങ്ങളിലാണ് അസാധാരണ ശുശ്രൂഷകരെ നിയോ

ഗിക്കാവുന്നത്. ബന്ധപ്പെട്ട അജപാലകരാണ് എവിടെ, എപ്പോൾ എന്ന് നിശ്ചയിച്ച് അസാധാരണശുശ്രൂഷകരെ നിയോഗിക്കേണ്ടത്. അതിരൂപതാ കച്ചേരിയിൽനിന്നുള്ള അനുവാദപത്രം ഉള്ളവരെ മാത്രമേ അസാധാരണ ശുശ്രൂഷകരായി നിയോഗിക്കാവൂ. അസാധാരണശുശ്രൂഷകർ സ്വയം സക്രാരിതുറന്ന് പരി. കുർബാന എടുക്കാനോ തിരിച്ചുവയ്ക്കാനോ പാടില്ല.

b. ''കൂദാശചെയ്യപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും ഇരുസാദൃശ്യങ്ങളിലായിരിക്കണം പരി. കുർബാന നൽകേണ്ടത്. ലത്തീൻസ്വാധീനംമൂലം ഇന്ന് പലപ്പോഴും സംഭവിക്കുന്നതുപോലെ അപ്പത്തിന്റെ സാദൃശ്യത്തിൽമാത്രം ദിവ്യകാരുണ്യം നൽകുന്നരീതി താമസംവരുത്താതെ ഉപേക്ഷിക്കേണ്ടതാണ്.'' (Instruction 1996, n.59)

നാവിൽത്തന്നെ ശ്രദ്ധാപൂർവ്വം ദിവ്യകാരുണ്യം കൊടുക്കുകയും വേണം. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഇരുസാദൃശ്യങ്ങളിൽ നൽകുന്നത് ഒഴിവാക്കാവൂ. ഒരുകാരണവശാലും രണ്ടുവിരലുകൾകൊണ്ട് പരി. കുർബാന സ്വീകരിക്കുന്ന രീതി പാടില്ല. കൈയിൽ കുർബാനകൊടുക്കേണ്ട പ്രത്യേക സാഹചര്യമുണ്ടെങ്കിൽ ഇടത്തുകൈയുടെമേൽ കുരിശാകൃതിയിൽ വലത്തുകൈവച്ച് സ്വീകരിച്ച് അധരങ്ങൾകൊണ്ട് ഉൾക്കൊള്ളുന്നതാണ് ഉചിതം.

ദിവ്യകാരുണ്യം നൽകുമ്പോൾ തിരുശരീരരക്തങ്ങളുടെ അംശങ്ങൾ നിലത്തുവീഴാതിരിക്കാൻ സൂക്ഷിക്കണം. നൽകുന്ന സമയത്ത് സാമാന്യം വലിപ്പമുള്ള ഒരു തട്ടം ശുശ്രൂഷി അടിയിൽ ശ്രദ്ധാപൂർവ്വം പിടിക്കേണ്ടതാണ്.

c. സാത്താൻസേവക്കാർ ബ്ലാക്ക്മാസ്സിലുംമറ്റും പരി. കുർബാനയെ അവഹേളിക്കുന്നതിനായി എങ്ങനെയും തിരുവോസ്തി കരസ്ഥമാക്കാൻ ശ്രമിക്കുന്നുണ്ട്. അതിനായി പണംകൊടുത്ത് ഏജന്റന്മാരെ നിയോഗിക്കാറുണ്ട്. സത്യവിശ്വാസികളായി അഭിനയിച്ച് തിരുവോസ്തി സ്വീകരിക്കയും ഉൾക്കൊള്ളാതെ ഒളിച്ചുവച്ച് പരി. കുർബാനയെ നിന്ദിക്കുന്നവരുടെ കയ്യിലേല്പിക്കയുംചെയ്യുന്ന സംഭവങ്ങൾ ഉള്ളതായി അറിയുന്നു.

ഇപ്രകാരം തിരുവോസ്തി മോഷ്ടിക്കപ്പെടാതിരിക്കാനും നിന്ദിക്കപ്പെടാതിരിക്കാനും ബഹു.വൈദികരും പരി. കുർബാന അർപ്പിക്കുകയോ സൂക്ഷിക്കയോ ചെയ്യുന്ന സ്ഥലങ്ങളിലെ ചുമതലപ്പെട്ട അധികാരികളും നിതാന്തജാഗ്രത പുലർത്തണമെന്നഭ്യർത്ഥിക്കുന്നു. പരി. കുർബാന സ്വീകരിക്കുന്നവർ അതുൾക്കൊള്ളുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തിരുവോസ്തിയെ നിന്ദിക്കുന്ന ഈ പൈശാചികപ്രവൃത്തിയുടെ ഗൗരവം ബഹു. വൈദികർ വിശ്വാസികളെ ബോധ്യപ്പെടുത്തേണ്ടതാണ്. ദൈവത്തെ ഉപേക്ഷിച്ച് സാത്താനെ ആരാധിക്കുന്ന ഏറ്റവും വലിയ വീഴ്ചയും പാപവുമാണിത്.

തിരുവോസ്തി സൂക്ഷിക്കുന്ന സക്രാരി ഭദ്രമായി പൂട്ടി താക്കോൽ ബഹു.വൈദികരുടെ/സ്ഥാപനാധികാരികളുടെ സംരക്ഷണയിൽ സൂക്ഷിക്കേണ്ടതാണ്. സക്രാരിയിൽ അടിയന്തിരാവശ്യത്തിനുവേണ്ടിവരുന്ന തിരുവോസ്തി മാത്രമേ സൂക്ഷിക്കാവൂ.

d. വിതരണംചെയ്യുന്ന ദിവ്യകാരുണ്യം അതേ ആഘോഷത്തിൽവച്ചുതന്നെ കൂദാശ ചെയ്തതായിരിക്കണം. വത്തിക്കാന്റെ പൗരസ്ത്യസഭാകാര്യാലയത്തിന്റെ ഉദ്ബോധനത്തിൽ ആഹ്വാനം ചെയ്തിരിക്കുന്ന കാര്യമാണിത്.

> വിശ്വാസികൾക്കു വിതരണംചെയ്യുന്ന സ്വർഗ്ഗീയഅപ്പം അതേ ആഘോഷത്തിൽ കൂദാശചെയ്യപ്പെട്ടതായിരിക്കണമെന്നാണ് എല്ലാ ആരാധനാഗ്രന്ഥങ്ങളിലെയും കർമ്മാനുഷ്ഠാനവിധികളിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അനിയന്ത്രിതമായ ആവശ്യം ഉണ്ടാകുന്ന സന്ദർഭത്തിൽ മാത്രമേ സൂക്ഷിച്ചുവച്ചിരിക്കുന്ന ദിവ്യകാരുണ്യം ഉപയോഗിക്കാവൂ. പൗരസ്ത്യ പാരമ്പര്യത്തോട് പൂർണ്ണമായും യോജിക്കുന്ന ഈ അനുശാസനം മാർപാപ്പമാരായ ബനഡിക്ട് IVഉം പീയൂസ് XIIഉം ആവർത്തിച്ചിട്ടുള്ളതാണ്. വിരുന്നിൽ പങ്കുചേരുന്നവർ അവർ സന്നിഹിതരായിരിക്കുന്ന മേശയിൽനിന്നുള്ള ഭക്ഷണമാണ്, മറ്റൊന്നിൽ നിന്നുള്ളതല്ല സ്വീകരിക്കുന്നതെന്നത് സ്പഷ്ടമാണല്ലോ. ഇതിനു വിരുദ്ധമായ ഏതൊരു നടപടിയും ദിവ്യകാരുണ്യത്തിന്റെ അർത്ഥത്തെ മേഘാവൃതമാക്കും. [.....] വിശുദ്ധ കുർബാനയുടെ സ്ഥാപനംമുതൽ നിലവിലുള്ള വിഭജനശുശ്രൂഷയുടെ അർത്ഥത്തോട് പ്രത്യേകമായി ചേർന്നുപോകുന്നതാണ് ശരിയായ ഈ ഉപയോഗം. (Instruction 1996, n.61)

മേല്പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ വിശ്വാസികൾക്ക്, തങ്ങൾ പങ്കെടുക്കുന്ന കുർബാനയിൽത്തന്നെ കൂദാശചെയ്യപ്പെട്ട തിരുശരീര രക്തങ്ങൾ സ്വീകരിക്കാൻ കഴിയുന്നവിധം ഓരോ കുർബാനയിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നവരുടെ എണ്ണം കണക്കാക്കി ആവശ്യത്തിനുമാത്രം ഓസ്തി കൂദാശചെയ്യാൻ വൈദികർ ശ്രദ്ധിക്കണം (തക്സാ, പൊതുനിർദ്ദേശങ്ങൾ, 27).

4. പ്രോപ്രിയ

ഞായറാഴ്ചകൾക്കും വെള്ളിയാഴ്ചകൾക്കും തിരുനാളുകൾക്കുമാണ് പ്രത്യേകമായ പ്രോപ്രിയാ ഉള്ളത്. മറ്റുദിവസങ്ങളിൽ പൊതുക്രമത്തിൽ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളും സ്തോത്രകാഴ്ചകളും ചൊല്ലാവുന്നതാണ്. കൂടുതൽ സങ്കീർത്തനങ്ങൾ തക്സായിൽചേർത്തിട്ടുണ്ട്. അവയിൽനിന്ന് ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. ആഘോഷമായ കുർബാനയിൽ മർമ്മീസായിലെ വിവിധ സങ്കീർത്തനങ്ങൾ പൂർണ്ണമായോ, ഭാഗികമായോ, ഗദ്യത്തിലോ, പദ്യരൂപത്തിലോ ചൊല്ലുവാൻ ശ്രദ്ധിക്കുക.

5. മണിയടിക്കുന്നത്

പരി. കുർബാനയിൽ അനുവാദമുള്ള അവസരങ്ങളിൽ (തക്സാ, പൊതുനിർദ്ദേശങ്ങൾ, 19) മണിയടിക്കുന്നെങ്കിൽ മക്ശാനീസാ (വിശറി മണി) ഉപയോഗിക്കുന്നതായിരിക്കും ഉചിതം.

6. അനാഫൊറകൾ

മൂന്ന് അനാഫൊറകൾ എപ്പോഴൊക്കെ ചൊല്ലണമെന്നത് മുൻനിർദ്ദേശപ്രകാരം തക്സായിൽ പറഞ്ഞിരിക്കുന്നത് പാലിക്കേണ്ടതാണ് (തക്സാ, പൊതുനിർദ്ദേശങ്ങൾ, 24).

7. ധൂപാർപ്പണം

പരി. കുർബാനയിൽ ധൂപാർപ്പണത്തിന് ഏറെ പ്രാധാന്യമുണ്ട്. റാസയിലും ആഘോഷപൂർവകമായ കുർബാനയിലും ധൂപാർപ്പണം നിർബന്ധമാണെന്നും, സാധാരണ കുർബാനയിലും ഇത് അഭിലഷണീയമാണെന്നും തക്സായിലെ പൊതുനിർദ്ദേശങ്ങളിൽ പറയുന്നു (n.3). അനാഫൊറയുടെ സമയം മുഴുവൻ ധൂപാർപ്പണം നടത്തുന്നത് ഏറ്റവും ഉചിതമാണ്. അവസാനത്തെ ധൂപാർപ്പണം വിഭജനശുശ്രൂഷയ്ക്കുമുമ്പ് തിരുവോസ്തി ഉയർത്തുന്നതുൾപ്പെടെയുള്ള സമയത്ത് നടത്തേണ്ടതാണ് (തക്സാ, പൊതുനിർദ്ദേശങ്ങൾ, 19).

8. പ്രണാമജപങ്ങൾ ചൊല്ലുന്നത്

ഒന്നാംപ്രണാമജപം കാർമികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പിപ്പിടിച്ചും മറ്റു പ്രണാമജപങ്ങൾ കുനിഞ്ഞുനിന്ന് കരങ്ങൾ മുകളിലേക്ക് തുറന്നുപിടിച്ചും ചൊല്ലേണ്ടതാണ്. പ്രണാമജപങ്ങൾ ചൊല്ലുന്നത് സ്വരം താഴ്ത്തിയും, എന്നാൽ ആരാധനാസമൂഹം കേൾക്കത്തക്കവിധത്തിലുമായിരിക്കണം.

9. ബലിവസ്തുക്കൾ അൾത്താരയിലേക്കു കൊണ്ടുവരുന്നത്

ബലിവസ്തുക്കൾ ബലിപീഠത്തിലേക്കു കൊണ്ടുവരുന്നത് നെറ്റിവരെ ഉയർത്തിപ്പിടിച്ച്, ഈശോയുടെ ഗാഗുൽത്തായിലേക്കുള്ള പീഡാനുഭവയാത്രയെ ധ്യാനിച്ച്, സാവധാനവും ഭക്ത്യാദരവോടെയുമായിരിക്കണം. കാസയും പീലാസയും ജനങ്ങളുടെനേരേ ഉയർത്തിക്കാണിക്കേണ്ടതില്ല. കാഴ്ച്ചസമർപ്പണത്തിനുമുമ്പുതന്നെ കുസ്തോതികൾ ബലിപീഠത്തിൽ കൊണ്ടുവന്നു വയ്ക്കുന്നത് ശരിയല്ല. ബലിവസ്തുക്കൾ ബലിപീഠത്തിലേക്കു സംവഹിക്കുന്നതിന്റെ പ്രസക്തിയും പ്രതീകാത്മകതയും നഷ്ടപ്പെടാതിരിക്കാനും ഈയൊരു ശ്രദ്ധ ആവശ്യമാണ്.

10. കാസയും പീലാസയും കഴുകിത്തുടയ്ക്കുന്നത്

കാസയിൽനിന്ന് തിരുരക്തം ഉൾക്കൊണ്ടതിനുശേഷം കാസയുടെ വക്ക് സങ്കീഞ്ഞുകൊണ്ട് നന്നായി തുടക്കേണ്ടതാണ്. കാസയും പീലാ

സയും കഴുകിത്തുടക്കേണ്ടത് കാസ തയ്യാറാക്കിയ ബേസ്ഗസ്സയിലായിരിക്കണം (തക്സാ, പൊതുനിർദ്ദേശങ്ങൾ, 30), ബലിപീഠത്തിൽവച്ചല്ല.

11. കുരിശടയാളം വരക്കുന്നത് (തക്സാ, പൊതുനിർദ്ദേശങ്ങൾ, 15)

തന്റെമേൽത്തന്നെ കുരിശുവരയ്ക്കുമ്പോൾ പാലിക്കേണ്ട ക്രമം:

വലത്തെ ഉള്ളംകൈ നെറ്റിയിൽവച്ച്, 'ഇപ്പോഴും' എന്നു ചൊല്ലുമ്പോൾ കൈ നെഞ്ചിനു താഴെവരെ താഴ്ത്തുകയും, 'എപ്പോഴും' എന്നു ചൊല്ലുമ്പോൾ വലത്തെത്തോൾവരെയും 'എന്നേക്കും' എന്നു ചൊല്ലുമ്പോൾ ഇടത്തെത്തോൾവരെയും കൊണ്ടുവരുകയും ചെയ്യുക. ഇപ്രകാരം തന്നെ ത്രിത്വസ്തുതിയിൽ 'പിതാവിനും' എന്നു പറയുമ്പോൾ നെറ്റിയിൽനിന്ന് നെഞ്ചിന്റെ താഴെവരെ താഴ്ത്തുകയും, 'പുത്രനും' എന്നു പറയുമ്പോൾ വലത്തെത്തോൾവരെയും 'പരിശുദ്ധാത്മാവിനും' എന്നു പറയുമ്പോൾ ഇടത്തെത്തോൾവരെയും കൊണ്ടുവരുകയും ചെയ്യുക.

12. സമാപനശുശ്രൂഷ

ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം കാസയും പീലാസയും കഴുകിത്തുടച്ചുകഴിഞ്ഞുള്ള സമാപനശുശ്രൂഷ മദ്ബഹായുടെ കവാടത്തിൽ വന്ന് ജനാഭിമുഖമായി നടത്തുന്നു. സമാപനാശീർവ്വാദം നൽകുന്നത് വശത്തേക്ക് അല്പം നീങ്ങി ബലിപീഠത്തിൽ സുവിശേഷഗ്രന്ഥം വച്ചിരിക്കുന്നതിനുനേരേ വരത്തക്ക സ്ഥാനത്തുനിന്നുകൊണ്ടാണ്. വായനാപീഠംപോലെ ഒരു സ്റ്റാന്റ് മദ്ബഹായുടെ കവാടത്തിനരികെ സ്ഥാപിച്ചാൽ തക്സാ അതിന്മേൽ വയ്ക്കാവുന്നതാണ്.

13. വായനകൾ

വേദപുസ്തകവായനകൾ ശുശ്രൂഷികൾതന്നെ വായിക്കുന്നതാണ് ഉചിതം. സമൂഹത്തിൽനിന്ന് മറ്റാരെങ്കിലുമാണെങ്കിൽ, ദിവ്യകാരുണ്യം കൊടുക്കുമ്പോൾ അസാധാരണശുശ്രൂഷികൾ ധരിക്കുന്നതുപോലുള്ള ഒരു വസ്ത്രം ധരിക്കുന്നത് നന്നായിരിക്കും. പഴയനിയമവായനകൾ വലത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽനിന്നും (തക്സാ പേജ് 30) ലേഖനം ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽനിന്നുമാണ് (തക്സാ പേജ് 37) വായിക്കേണ്ടത്.

വായിക്കുമ്പോൾ അദ്ധ്യായം, വാക്യങ്ങൾ എന്നിവ പറയേണ്ടതില്ല. വിവിധ പട്ടങ്ങൾ ലഭിച്ചവർ സന്നിഹിതരെങ്കിൽ വായനകൾ അവർതന്നെയാണ് നടത്തേണ്ടത്. കാറോയാ, ഹെവ്പ്ദ്യാക്നാ എന്നീ പട്ടങ്ങൾ സ്വീകരിച്ചവർ പഴയനിയമവും, മ്ശംശാനപ്പട്ടം സ്വീകരിച്ചവർ ലേഖനവും വായിക്കുന്നു.

14. തിരുവസ്ത്രങ്ങൾ

പരി. കുർബാനയിലും ഇതരകൂദാശകളിലും ആരാധനാകർമ്മങ്ങളിലും ശുശ്രൂഷകരായിരിക്കുന്നവർ കൊത്തീനായും സൂനാറായും ധരി

ച്ചിരിക്കണം. പട്ടങ്ങൾ ലഭിച്ചവരാണെങ്കിൽ അതനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ ധരിക്കേണ്ടതാണ്.

15. കുർബാനപുസ്തകത്തിന്റെ ഉപയോഗം

എല്ലാവരും കുർബാനപ്പുസ്തകം ഉപയോഗിച്ച് പരി. കുർബാനയിൽ സജീവമായി പങ്കുചേരാൻ പ്രോത്സാഹിപ്പിക്കണം. പുസ്തകത്തിന്റെ ഉപയോഗം വൈദികർ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയുംവേണം. ഏതാനും കുർബാന പുസ്തകങ്ങൾ പൊതുവായി വാങ്ങിവയ്ക്കുന്നതും നല്ലതാണ്.

16. സുറിയാനിചാന്റ്

പരി. കുർബാനയുടെ സുറിയാനിചാന്റ് ശരിയായി പരിശീലിപ്പിച്ച് എല്ലായിടത്തും നടപ്പിലാക്കാൻ ശ്രമിക്കണം. സങ്കീർത്തനങ്ങളും ഗീതങ്ങളും (ഓനീസാകൾ) ഇരുഗണമായി ചൊല്ലേണ്ടതാണ്. ഉത്ഥാന ഗീതവും ത്രൈശുദ്ധകീർത്തനവും വചനവേദിയിലുള്ളവരും സമൂഹവും മാറിമാറി ആലപിക്കേണ്ടതാണ്.

17. ധൂപക്കുറ്റി

ധൂപക്കുറ്റി തീരെ ചെറുതാകരുത്. ചെറുതെങ്കിൽ തീക്കനൽ തെറിച്ചുപോകാൻ സാധ്യതയുണ്ട്. ചെറുമണികളോടുകൂടിയ ചങ്ങലകളുള്ള ധൂപക്കുറ്റി ഉപയോഗിക്കുക. ധൂപക്കുറ്റി ഇടയ്ക്കിടെ തേച്ചുമിനുക്കാനും ശ്രദ്ധിക്കണം.

18. കപ്പലും കുന്തുരുക്കവും

കുന്തുരുക്കം നിക്ഷേപിക്കുന്ന കപ്പലും തീരെ ചെറുതായിരിക്കരുത്. സുഗന്ധമുള്ള നല്ല കുന്തുരുക്കം ഉപയോഗിക്കണം. ദൈവസാന്നിദ്ധ്യത്തിന്റെ സ്വർഗ്ഗീയാനുഭവം പരിമളധൂപം സൂചിപ്പിക്കുന്നു.

19. പ്ലാസ്റ്റിക്ക് കവർ

ബലിപീഠം, ബേമ എന്നിവ പ്ലാസ്റ്റിക്ക്ഷീറ്റോ, തുണിയോ ഉപയോഗിച്ച് മൂടി സൂക്ഷിക്കുന്നത് നല്ലതാണ്. എന്നാൽ തിരുക്കർമ്മങ്ങളുടെ സമയത്ത് അതുണ്ടായിരിക്കരുത്.

20. വിശ്വാസികളുടെ വേഷം

വിശ്വാസികൾ ഉചിതമായ വേഷം ധരിച്ചാണ് പൊതുവെ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നത്. ചില കുട്ടികളും ചെറുപ്പക്കാരും പരസ്യങ്ങളോ കമ്പനിയുടെ പേരോ മറ്റു ചിത്രീകരണങ്ങളോ ഉള്ള വേഷം ധരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആഡംബരമില്ലാത്തതും മാന്യവും ശുചിത്വവുമുള്ള വസ്ത്രം ധരിച്ച് തിരുക്കർമ്മങ്ങൾക്കെത്താൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കണം.

21. പ്രവേശകകൂദാശകൾ

പ്രവേശകകൂദാശകളിൽ ഉപയോഗിക്കുന്ന വിശുദ്ധ തൈലം, പുതുവസ്ത്രം, മുടി, തിരി എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ടത്:

തൈലാഭിഷേകകൂദാശയ്ക്കുള്ള വിശുദ്ധതൈലം റൂഹാദ്ക്കുദ്ശായുടെ സാന്നിദ്ധ്യമാണല്ലോ. ഏറ്റവും ഭക്ത്യാദരപൂർവ്വമായിരിക്കണം വിശുദ്ധതൈലം കൈകാര്യം ചെയ്യേണ്ടത്. സക്രാരിപോലുള്ള ഒരു പേടകത്തിലായിരിക്കണം വിശുദ്ധതൈലം സൂക്ഷിക്കേണ്ടത്. തൈലാഭിഷേകസമയത്ത് വിശുദ്ധ കുർബാനയെന്നപോലെ ഭക്ത്യാദരപൂർവ്വം തൈലപ്പാത്രം കൊണ്ടുവരേണ്ടതാണ്. കാർമികനോ സഹകാർമികനോ ആയിരിക്കണം വിശുദ്ധതൈലം സംവഹിക്കേണ്ടത്. തത്സമയം രണ്ടു ശുശ്രൂഷികൾ ഇരുവശങ്ങളിലും കത്തിച്ച തിരികളുമായി അകമ്പടിസേവിക്കുന്നത് ഉചിതമാണ്. തിരുക്കർമ്മങ്ങൾക്കുമുമ്പായി വിശുദ്ധതൈലം ബലിപീഠത്തിൽ സ്ഥാപിക്കയും ലേപനസമയത്ത് അവിടെനിന്ന് മുകളിൽ സൂചിപ്പിച്ചതുപോലെ ആദരപൂർവ്വം സംവഹിക്കയും ചെയ്യാവുന്നതാണ്.

മാമ്മോദീസായിൽ ധരിപ്പിക്കുന്ന പുതുവെള്ളവസ്ത്രം ഭംഗിയുള്ളതായിരിക്കാൻ ശ്രദ്ധിക്കണം. ഒരു വിശുദ്ധ ഓർമ്മയായി സൂക്ഷിക്കാവുന്നതാണല്ലോ ഈ വസ്ത്രം. വിശുദ്ധീകരിക്കപ്പെട്ട പുതുമനുഷ്യനെ ദൈവം കൃപാവരവസ്ത്രം അണിയിക്കുന്നതിന്റെ പ്രതീകമാണിത്. മിശിഹായിൽ ജലത്താലും റൂഹായാലും പുനർജ്ജന്മം സിദ്ധിച്ച പുതുമനുഷ്യന്റെ പ്രതീകം.

കൈയിൽനൽകുന്ന തിരിയും ശിരസ്സിൽ ധരിപ്പിക്കുന്ന മുടിയും ഭംഗിയുള്ളവയായിരിക്കണം. ലോകത്തിന്റെ പ്രകാശമായ മിശിഹായെയും ഭാവിയിൽ ലഭിക്കാനിരിക്കുന്ന സ്വർഗ്ഗീയകിരീടത്തെയുമാണല്ലോ ഇവ സൂചിപ്പിക്കുന്നത്. ഇവയും ഒരോർമ്മയായി വീട്ടിൽ സൂക്ഷിക്കുന്നത് നന്നായിരിക്കും.

ജലത്തിൽ മുക്കിയുള്ള മാമ്മോദീസാ

മൂന്നുപ്രാവശ്യം ജലത്തിൽ മുക്കിയുള്ള പുരാതനരീതി പുന:സ്ഥാപിക്കണമെന്നാണ് റോമിൽനിന്ന് 1996-ൽ നൽകിയിട്ടുള്ള ഉദ്ബോധനം (Instruction 1996, n.48). ഇത് സാദ്ധ്യമല്ലെങ്കിൽ മാമ്മോദീസാത്തൊട്ടിയിലെ മാമ്മോദീസാജലത്തിൽ മാമ്മോദീസാർത്ഥിയെനിർത്തി ഇരുകൈകൾ കൊണ്ട് ശിരസ്സിൽ 3 പ്രാവശ്യം വെള്ളമൊഴിച്ച് മാമ്മോദീസാ നൽകാൻ വൈദികർ ശ്രദ്ധിക്കണം.

22. ദീപംതെളിക്കൽ

വിവാഹാശീർവ്വാദകർമ്മത്തിൽ ദീപംതെളിച്ച്, അവിടെ നിന്നുകൊണ്ടുതന്നെ ഉത്ഥാനഗീതത്തിന്റെ ആദ്യപാദം പാടിയതിനുശേഷം ബേമയിലേക്കുവന്ന് തുടരുന്നതാണുചിതം.

ഇതുപോലുള്ള അവസരങ്ങളിലും മറ്റ് സവിശേഷസന്ദർഭങ്ങളിലും ദീപംതെളിക്കുന്നതിന് സാമാന്യം വലിപ്പമുള്ള മെഴുകുതിരി ലളിതമായി അലങ്കരിച്ച് ഒരു പീഠത്തിൽ ബേമയുടെ സമീപത്തായി സ്ഥാപിക്കുന്നത് നന്നായിരിക്കും. ദീർഘകാലത്തേക്ക് അതുപയോഗിക്കാവുന്നതാണ്.

23. വിവാഹത്തിനണയുന്ന നവദമ്പതികൾ തിരുക്കർമ്മസമയത്തു പൂച്ചെണ്ടും മറ്റും കയ്യിലേന്തി നിരീക്ഷകരെപ്പോലെ നില്ക്കാതെ, തിരുക്കർ

മ്മങ്ങളിൽ സജീവമായി പങ്കുചേരേണ്ടതാണ്. പ്രാർത്ഥനകൾ ചൊല്ലുന്നതിന് കുർബാനപ്പുസ്തകം കയ്യിൽ കരുതുകയുംവേണം.

24. താലിച്ചരട്

താലികെട്ടുന്നതിനുള്ള ചരട് മന്ത്രകോടിയിൽനിന്നു നൂലെടുത്ത് പിരിച്ചുണ്ടാക്കുന്ന പാരമ്പര്യമാണ് നമ്മുടേത്. മൂന്നോ ഏഴോ നൂലുകൾ ചേർത്ത് പിരിച്ചുണ്ടാക്കുന്ന ചരട് എളുപ്പത്തിൽ പൊട്ടിപ്പോകുകയില്ല. ദീർഘകാലം കഴുത്തിലണിയേണ്ട താലിച്ചരട് നല്ല ബലമുള്ളതായിരിക്കണം. വിവാഹബന്ധത്തിന്റെ ദൃഢതയും സുസ്ഥിരതയുമാണ് ഇത് വ്യക്തമാക്കുന്നത്.

25. ഫോട്ടോഗ്രഫി

വിവാഹാവസരത്തിലും മറ്റവസരങ്ങളിലും ദൈവാലയത്തിൽവച്ച് ഫോട്ടോ എടുക്കുന്നത് ദൈവാലയത്തിന്റെ പരിശുദ്ധിക്കും തിരുക്കർമ്മങ്ങളുടെ ഏകാഗ്രതയ്ക്കും ഒരുതരത്തിലും ഭംഗം വരുത്താതെയായിരിക്കണം. ഫോട്ടോഗ്രാഫേഴ്സ് രണ്ടുപേരിൽ കൂടാൻ പാടില്ല. അവർ കഴിയുന്നത്ര ഒരു സ്ഥലത്തുനിന്നുകൊണ്ടു ഫോട്ടോ എടുക്കാനുള്ള ക്രമീകരണം ഉണ്ടായിരിക്കണം. തിരുക്കർമ്മസമയത്ത് അത്യാവശ്യമുള്ള ഫോട്ടോകൾമാത്രം എടുത്താൽ മതിയാവും.

26. ദൈവാലയാലങ്കാരം

തിരുനാളുകളിലും വിവാഹാവസരത്തിലും മറ്റ് വിശേഷദിവസങ്ങളിലും മദ്ബഹായും പള്ളിയുമൊക്കെ പുഷ്പങ്ങൾ ചാർത്തി അലങ്കരിക്കാറുണ്ട്. ഈ അലങ്കാരം അമിതമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മനോഹരമായി പണിയപ്പെട്ടിരിക്കുന്ന ദൈവാലയത്തിന്റെയും മദ്ബഹായുടെയും സ്വാഭാവികമായ ഭംഗി മറയത്തക്കവിധമുള്ള അലങ്കാരം പാടില്ല. പല ആകൃതിയിലും രൂപത്തിലും അമിതമായി പുഷ്പങ്ങൾ വയ്ക്കുന്നത് മദ്ബഹായുടെ സ്വാഭാവികസൗന്ദര്യം മറയ്ക്കുകമാത്രമല്ല, വിശ്വാസികളുടെ ശ്രദ്ധ തിരുക്കർമ്മങ്ങളിൽനിന്നും ബലിപീഠത്തിൽനിന്നും വ്യതിചലിപ്പിക്കാനും കാരണമാകാം. പൂക്കൾകൊണ്ട് ശില്പങ്ങൾ ഉണ്ടാക്കിവച്ച് തിരുക്കർമ്മങ്ങളിലുള്ള ഏകാഗ്രത നശിപ്പിക്കാൻ ഇടയാക്കരുത്. മദ്ബഹായോട് ചേർന്നുപോകുന്നതും സ്വാഭാവികത നഷ്ടപ്പെടുത്താത്ത ലളിതമായ അലങ്കാരങ്ങളാണ് ഹൃദ്യം. അതുവഴി പണവും സമയവും ലാഭിക്കയുംചെയ്യാം.

27. മൃതസംസ്കാരം

മരണാനന്തരജീവിതത്തിലുള്ള നമ്മുടെ വിശ്വാസവും മൃതരോടുള്ള സ്നേഹാദരവുകളും പ്രകടമാക്കുന്നതാണ് മൃതസംസ്കാരശുശ്രൂഷ. അത് പ്രാർത്ഥനാരൂപിയോടും ഭക്ത്യാദരവോടുംകൂടി നിർവ്വഹിക്കണം. സിമിത്തേരിയിലേക്കുള്ള വിലാപയാത്ര പ്രാർത്ഥനാനിർഭരമായിരി

ക്കണം. എല്ലാവരും പ്രാർത്ഥനാഗീതങ്ങളിൽ പങ്കുചേരണം. റെക്കോർഡുചെയ്ത പ്രാർത്ഥനകൾ സംഗീതോപകരണങ്ങൾവഴി പ്രക്ഷേപണം ചെയ്തു തൃപ്തിപ്പെടുന്ന മനോഭാവം മാറണം. വിശ്വാസിസമൂഹം ഒന്നുചേർന്നു നേരിട്ടു പ്രാർത്ഥിക്കുന്ന മുൻപാരമ്പര്യം വീണ്ടെടുക്കണം. മരണവീടുകളിൽ ചൊല്ലാൻ പറ്റിയ നല്ലൊരു പ്രാർത്ഥനാപുസ്തകമാണ് 'അനുതാപാർച്ചന'. അത് ഉപയോഗപ്പെടുത്തുന്നത് നന്നായിരിക്കും.

മരിച്ചയാളിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾമാത്രം മൃതശരീരത്തിൽ അന്ത്യചുംബനം നടത്തിയാൽ മതി. മറ്റുള്ളവർ പൂക്കളോ കുന്തുരുക്കമോ സമർപ്പിച്ച് സ്നേഹാദരവ് പ്രകടിപ്പിക്കുക.

മരിച്ചവരുടെ ആത്മശാന്തിക്കായി ബലികളും കാഴ്ചകളും സമർപ്പിക്കുന്നതും, സൽകൃത്യങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും ചെയ്യുന്നതും ഏറെ ഫലപ്രദമാണ്.

പ്രിയപ്പെട്ട വൈദികരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ ആരാധനാജീവിതവുമായി ബന്ധപ്പെട്ട ഈ മാർഗ്ഗനിർദ്ദേശങ്ങൾ ശരിയായി മനസ്സിലാക്കി പ്രാവർത്തികമാക്കാൻ നിങ്ങളെല്ലാവരും ശ്രമിക്കണം. ആരാധനാസമൂഹത്തെ സഭയുടെ ആരാധനാപാരമ്പര്യത്തിനും പ്രബോധനങ്ങൾക്കുമനുസരിച്ച് നയിക്കാനും പഠിപ്പിച്ച് പരിശീലിപ്പിക്കാനുമുള്ള രൂപതാധ്യക്ഷന്റെ വലിയ ഉത്തരവാദിത്വം വൈദികരുടെ സഹകരണത്തോടെ മാത്രമേ നിറവേറ്റാനാകൂ. ഇക്കാര്യത്തിൽ നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ ജനങ്ങൾ അറിഞ്ഞിരിക്കേണ്ട എല്ലാക്കാര്യങ്ങളും അവർക്കു വിശദീകരിച്ചുകൊടുക്കേണ്ടതാണ്. ഒരുമിച്ച് വായിച്ച വസാനിപ്പിക്കാതെ (ഒന്നോ രണ്ടോ ഞായറാഴ്ചകളിലായി) പല അവസരങ്ങളിലായി വിശ്വാസികളെല്ലാവരെയും ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തണം.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ടും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളേവരുടെയുംമേൽ ഉണ്ടാകാൻ പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹപൂർവ്വം,

ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

ചൈത്താക്കാലം ഒന്നാം ഞായർ
12 ശ്ലീഹന്മാരുടെ തിരുനാൾ
24-07-2022

തടവറ പ്രേഷിത ഞായർ, ആഗസ്റ്റ് 14, 2022

സമഗ്ര മാനുഷികവികാസവും തടവുകാരുടെ അജപാലനവും

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2021 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിച്ച ലോക തടവറ ജന സംഖ്യാ (World Prison Population List) കണക്കുപ്രകാരം ലോകമാസകലം 11.5 ദശലക്ഷം തടവുകാരാണുള്ളത്. ഭാരതത്തിൽത്തന്നെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 1306 വ്യത്യസ്ത ജയിലുകളിലായി 4,88,511 തടവുകാരാണുള്ളത്. ഇതിൽ 413 പേർ വധ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നവരാണ്. തടവുകാരിൽ 20,046 പേർ സ്ത്രീകളാണ്; 1427 കുട്ടികൾ അവരുടെ അമ്മമാരോടൊപ്പം താമസി ക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർ ആരെങ്കിലും അഴിക്കുള്ളിൽ ആയിപ്പോ യാൽ നമ്മൾ എന്തു ചെയ്യും? അതിന്റെ ആഘാതം എത്രയോ വലു തായിരിക്കും! നമ്മുടെ ഭവനങ്ങളിൽ സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കുക മാത്രമായിരിക്കുമോ നാം ചെയ്യുക? അവരുടെ മോചനത്തിനായി ചെയ്യാ വുന്നതൊക്കെ ചെയ്യുവാൻ നമ്മൾ ശ്രമിക്കാതിരിക്കുമോ? നാം തടവറ പ്രേഷിതഞായർ ആചരിക്കുമ്പോൾ ഈ തടവറ മക്കളെയെല്ലാം നമുക്ക് ഓർക്കാം; അവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കാം. അവരെ അന്വേഷി ക്കാനും ശുശ്രൂഷിക്കാനും മോചിപ്പിക്കാനുമായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ ചില സഹോദരങ്ങളുടെ ഹൃദയം പ്രതികാരബുദ്ധിയും വെറുപ്പുംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നിരാശാജനകമായ സാഹചര്യത്തിൽ അവരെ നയിക്കാൻ അവർക്കു ആരെങ്കിലും ഉണ്ടാകണം. ഇസ്രായേൽക്കാരെ നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെ ട്ടിരുന്നതുപോലെ ദൈവികകരുണയുടെയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാമും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

മൂന്നുപേരെ വധിച്ചിരുന്ന ഫ്രാൻസീനി എന്ന കൊലയാളിയെ ''എന്റെ ആദ്യപുത്രൻ'' എന്നാണ് വിശുദ്ധ കൊച്ചുത്രേസ്യാ വിളിച്ചത്; അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല് കിയ ദൈവത്തിന്റെ പ്രിയ മക്കളാണ്. ഈശോ ഇപ്രകാരം പറഞ്ഞു: ''കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറി യിക്കാൻ അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോച നവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന്

എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ 4:18-19). ദൈവത്തിന്റെ പ്രിയപ്പെട്ട ഏകപുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. തടവറവാതിലുകളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്കു, അവരുടെ മുറിവേറ്റ ഭാവത്തിലേക്കു നമ്മൾ തുറവിയുള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവദൈവത്തെയാണ് കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്ക്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടന്നു അവരെ തന്നോട് ചേർത്തുനിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യമായ തിരസ്ക്കരണമാണ് വീണ്ടും പഴയ തെറ്റിലേക്ക് വഴുതിവീഴാൻ പലപ്പോഴും കാരണമായി ഭവിക്കുന്നത്.

ഭാരതത്തിലെ തടവറ ശുശ്രൂഷയും, പുനഃരധിവാസകേന്ദ്രങ്ങളും

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ ഈശോ ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്തകരുണ അവർക്ക് പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് ഈശോയ്ക്ക് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം നാമും ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറ ശുശ്രൂഷയിലെ (Prison Ministry, India [PMI]) വോളണ്ടിയർമാർ അത് നിവർത്തിയാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികളെന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രദാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവികാലത്തെ കരുണാപൂർവം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരേ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗീയപിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തി നിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളികൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു

കുറ്റവാളിയുടെ പുസ്തകം അടയ്ക്കുമ്പോൾ നമ്മൾ, 'അവനും മോചിക്കപ്പെടാൻ സാധിക്കാത്തവനല്ല' എന്നുപറഞ്ഞുകൊണ്ട് പുതിയൊരു അധ്യായം ആരംഭിക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനഃരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ് ഫ്രറ്റേണിറ്റിയിലെ തടവറപ്രേഷിതർ അഴികൾക്ക് പിന്നിലുള്ളവരെ ജീസസ് ഫ്രറ്റേണിറ്റിയുടെ പുനഃരധിവാസകേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനഃരധിവാസകേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറകു മുളയ്ക്കുന്നു; തടവറപ്രേഷിതർ അവർക്കു മിശിഹായുടെ സ്നേഹം പകർന്നു നല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1-ാം തീയതിയാണ് ആദ്യ പുനഃരധിവാസകേന്ദ്രം ''സ്നേഹാശ്രമം'' എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനഃരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനഃരധിവാസകേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭിച്ചതുപോലെയുള്ള അനുഭവമാണ് പ്രദാനം ചെയ്യുന്നത്. നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാഗോപുരവും നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവുമാണ്.

ഒരമ്മയുടെ സാക്ഷ്യം

ഭർത്താവിൽനിന്നുള്ള പ്രഹരത്തിൽനിന്ന് രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമലാരാമിലെ പുനഃരധിവാസകേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: ''ഞങ്ങളുടെകൂടെ ആയിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്.''

ഉപസംഹാരം

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറ പ്രേഷിതപ്രവർത്തനങ്ങളിൽ ജീസസ് ഫ്രറ്റേണിറ്റിയോടുചേർന്ന്

നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്ക് സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർഥിക്കാം; അവരുടെ സമഗ്രവികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർഥിക്കാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സുപ്പീരിയർമാർക്കും അഭ്യുദയകാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃതജ്ഞതയർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ ത്യാഗോജ്വലമായ സംഭാവനകൾ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറപ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളിനിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോയിത്. തടവറയിലുള്ള നമ്മുടെ സഹോദരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന ഈശോമിശിഹാ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ബിഷപ് ആൽവിൻ ഡി'സിൽവ
ചെയർമാൻ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ

ബിഷപ് മാർ ജോസ് പുളിക്കൽ
(ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

ആർച്ചുബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

ബിഷപ് തോമസ് മാർ യൗസേബിയൂസ്
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

NB: *2022 ആഗസ്റ്റ് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

Ref: 3735/K-5/KCBC/OL/DS 20.07.2022

ജസ്റ്റിസ് സൺഡേ (നീതി ഞായർ)

2022 ആഗസ്റ്റ് 21 ഞായർ

കെ.സി.ബി.സി. SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ മാതൃരാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷം തികയുകയാണല്ലോ. ഇന്നും ഭാരതത്തിന്റെ മക്കൾ അസ്വാതന്ത്ര്യത്തിലും അസമാധാനത്തിലും ദാരിദ്ര്യത്തിലും കഴിയുന്നത് എങ്ങും കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അതിൽ ഏറ്റവുമധികം അസ്വാതന്ത്ര്യവും അനീതിയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗമാണ് ഭാരത ത്തിലെ ക്രൈസ്തവ ജനസംഖ്യയിൽ ഭൂരിപക്ഷം (150 ലക്ഷം) വരുന്ന ദലിത് ക്രൈസ്തവർ. സുവിശേഷവെളിച്ചം സ്വീകരിച്ചുകൊണ്ട് പട്ടിക ജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച് ക്രൈസ്തവരായി ത്തീർന്ന അനേകലക്ഷം ആളുകൾ (150 ലക്ഷം) ഭാരതത്തിൽ അങ്ങോളമി ങ്ങോളം നിവസിക്കുന്നുണ്ടെന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ക്ലേശ ങ്ങളെയും വിവിധ മണ്ഡലങ്ങളിൽ അവരനുഭവിക്കുന്ന അവഗണനയേ യുംപറ്റി ഭാരത കത്തോലിക്കാനേതൃത്വത്തിനു പൂർണ്ണബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരെപ്പോ ലെതന്നെ വിവിധതരത്തിൽ ക്ലേശമനുഭവിക്കുന്ന മറ്റുള്ളവരോടുമുള്ള ഭാരത കത്തോലിക്കാസഭയ്ക്കുള്ള താത്പര്യവും സ്നേഹവും സഹാനു ഭൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15-നുശേഷം വരുന്ന ഞായറാഴ്ച (Justice Sunday) ആചരിക്കാൻ 1986 ൽ ഗോവയിൽ കൂടിയ CBCI സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം ഈ ദിനം ആചരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ജാതിവ്യവസ്ഥിതിയും വിവിധ ആചാരങ്ങളും നിമിത്തം സമൂഹത്തിൽ നിലവിലിരിക്കുന്ന വിവിധ പ്രശ്ന ങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരാകുകയെന്നതാണ്. അതോ ടൊപ്പം ക്രൈസ്തവവിശ്വാസം സ്വീകരിച്ചു എന്ന ഏകകാരണത്താൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവഗണന അനുഭവിക്കേണ്ടിവന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും

പ്രശ്നപരിഹാരാർത്ഥം വിവിധ കർമപരിപാടികൾ ആവിഷ്കരിക്കുകയും ഗവൺമെന്റുതലത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. CBCI ആഹ്വാനപ്രകാരം ഈ വർഷം ആഗസ്റ്റ് 21 Justice Sunday ആയി ഭാരതത്തിൽ ആചരിക്കുകയാണ്. നീതിക്കുവേണ്ടി പ്രത്യേകമായി നീക്കിവച്ചിരിക്കുന്ന ഞായറാഴ്ച രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുന്നത്. പട്ടികജാതിയിൽനിന്ന് ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദലിത് ക്രൈസ്തവരോടു സഭ എത്രമാത്രം സ്നേഹത്തോടും താത്പര്യത്തോടുംകൂടിയാണ് പെരുമാറേണ്ടത് എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമത്, ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്കു ലഭിക്കേണ്ടതിനു സംസ്ഥാന-കേന്ദ്ര ഗവൺമെന്റുതലങ്ങളിൽ സഭ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്.

സമൂഹത്തിലെ താഴ്ന്നജാതിയിൽനിന്ന് ക്രിസ്തീയവിശ്വാസം സ്വീകരിച്ച് സഭയിലേക്കു വന്നവരാണെങ്കിലും സാമൂഹിക സാംസ്കരിക സാമ്പത്തിക വിദ്യഭ്യാസരംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവർ പിന്നിലാണ്. ഇവരും നമ്മുടെ സഹോദരങ്ങളാണെന്നു പരിഗണിച്ച് മുൻവിധികളില്ലാതെ സഭാംഗങ്ങളായ ദലിത് ക്രൈസ്തവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ കർത്താവ് അരുൾചെയ്തു: ''നിങ്ങളെല്ലാവരും സഹോദരന്മാരാണ്'' (മത്താ. 23:8) ''നിങ്ങൾക്കൊരു പിതാവേയുള്ളൂ സ്വർഗ്ഗസ്ഥനായ പിതാവ്'' (മത്താ. 23:9), ''എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരാൾക്കു നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കുതന്നെയാണ് ചെയ്തത്'' (മത്താ. 25:40). സഭയ്ക്കുള്ളിൽ താത്വികമായി ജാതിതിരിവും വിവേചനവും ഇല്ലായെങ്കിലും സഭാസമൂഹത്തിൽ ഇപ്പോഴും പ്രായോഗികജീവിതത്തിൽ വിവേചനാപരമായ നിലപാടുകൾ വച്ചുപുലർത്തുന്നതായിക്കാണുന്നു. നമ്മുടെ മനോഭാവങ്ങളിൽ മാറ്റങ്ങളുണ്ടാവണം. സത്യവും നീതിയും സാഹോദര്യവും സ്വാതന്ത്ര്യവും നമ്മുടെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും പാലിക്കണം. സഭയ്ക്കുള്ളിൽ ജാതി-വർണ്ണ വ്യത്യാസങ്ങൾ ഒന്നുമില്ല. അതേസമയം പരമ്പരാഗതമായി ചിലയിടങ്ങളിൽ ജാതിയുടെ പേരിൽ ചില ചേരിതിരിവുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം മാറ്റി ഈ സാധുജനവിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാമിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ചാൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് തർക്കമറ്റ സംഗതിയാണ്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അത്യുന്നതി നേടിയിട്ടുള്ള എല്ലാ ക്രൈസ്തവരും തങ്ങളുടെ ഇടയിലുള്ള ഈ എളിയ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും അവരെ ഉൾപ്പെടു

ത്താൻ ശ്രമിക്കണം. തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന ചിന്താഗതി അവർക്കുണ്ടാകാൻ ഇടനൽകരുത്. പുരോഗതിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ എല്ലാ വിധത്തിലും അവരെ സഹായിക്കാൻ സഭാംഗങ്ങൾ തയ്യാറാകണം. അവരുടെ ഇടയിൽനിന്ന് വൈദിക - സന്യാസാന്തസ്സുകളിലേക്കു ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം അല്മായ പ്രേക്ഷിതത്വത്തിനുള്ള താത്പര്യം വളർത്തുകയും വേണം.

വിവിധരംഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന നമ്മുടെ ഈ സഹോദരങ്ങൾ മറ്റുള്ളവരോടുചേർന്ന്, ഒന്നിച്ചു സഹകരിച്ചു നീങ്ങിക്കൊണ്ട് സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഐക്യദാർഢ്യദിനത്തിൽ പൊതുയോഗങ്ങൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ വഴി ഈ പ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 72 വർഷങ്ങളായി ദലിത് ക്രൈസ്തവരോടുള്ള ഈ അവഗണയുടെ കാര്യം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ബോധ്യപ്പെടുത്തുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരുന്നുവെങ്കിലും സഭാനേതൃത്വവും അല്മായ നേതൃത്വവും ഒത്തൊരുമിച്ചു നടത്തിയ പരിശ്രമങ്ങൾ ഭാഗികമായേ വിജയിച്ചുള്ളൂ. പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദലിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിന് 2004ൽ സുപ്രീം കോടതിയിൽ കേസ് കൊടുത്തുവെങ്കിലും 18 വർഷമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിസഹരണംമൂലം ഒരു തീരുമാനം ഉണ്ടായിട്ടില്ല. നീതിക്കുവേണ്ടിയുള്ള ധർമസമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ജാതി-വർഗ-വർണ വ്യത്യാസം കൂടാതെ എല്ലാ പൗരന്മാർക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഭരണഘടന ഉറപ്പു നൽകിയിരുന്നു. എങ്കിലും 72 വർഷമായിട്ടും പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദലിത് ക്രൈസ്തവരോടു നീതി പാലിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. കടുത്ത വിവേചനത്തിന്റെ നയമാണ് ഗവൺമെന്റ് അവരോടു സ്വീകരിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ പ്രസിഡന്റ് 1950 ൽ പ്രസിദ്ധപ്പെടുത്തിയ കോൺസ്റ്റിറ്റ്യൂഷൻ ഓർഡറാണ് ഈ വിവേചനത്തിനെല്ലാം അടിസ്ഥാനം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ഇക്കാര്യം സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇവയെല്ലാം കേവലം വനരോദമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്ര-പാർലമെന്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ പട്ടികജാതിക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകണമെന്നത് മാത്രമാണ് പ്രസ്തുത ഓർഡർകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തദവസരത്തിൽ ഗവൺമെന്റ് വ്യക്തമായിരുന്നുവെങ്കിലും പിന്നീട് ആ വിധത്തിൽ പ്രവർത്തിക്കുവാൻ കൂട്ടാക്കിയില്ല.

മിശിഹായുടെ മൗതികശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. സഭാസമൂഹത്തിലെ വ്യത്യാസങ്ങളും ഉച്ച നീചത്വങ്ങളും അവഗണനയും വിവേചനവും മാറ്റിയെടുക്കുവാൻ നാമൊ രുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡാത്മക സഭ രൂപീക രിക്കുന്നതിനുവേണ്ടി സഭാനവീകരണവർഷമായി 2022 കേരളസഭ ആച രിക്കുകയാണല്ലോ. മിശിഹായുടെ സുവിശേഷം സ്വീകരിച്ചവരാണ് നാമേ വരും. ഒരേ മാമോദീസായും ഒരേ വിശ്വാസവും സ്വീകരിച്ച നാം ആദിമ ക്രൈസ്തവസമൂഹത്തേപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് വിശ്വാസജീവിതം പ്രാവർത്തികമാക്കുന്നത്. മിശിഹായുടെ മൗതികശരീ രത്തിലെ അവയവങ്ങളായ നാം ഒരേ മനസോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ പങ്കുവയ്ക്കുന്ന ജീവിതം വിശ്വാസം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വാസജീവിതത്തിൽ വളർന്ന് ആദി മക്രൈസ്തവസമൂഹത്തെപ്പോലെ മിശിഹാനാഥനു സാക്ഷ്യം വഹിക്കുന്ന ക്രൈസ്തവസമൂഹമായി നമ്മൾ രൂപാന്തരപ്പെടണം. ഇത്തരത്തിൽ നീതി ക്കുവേണ്ടി ദലിത് ക്രൈസ്തവർ നടത്തുന്ന എല്ലാ ധർമസമരങ്ങളിലും പങ്കുചേരുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഇവരുടെ ക്ഷേമത്തിനായി വിവിധതലങ്ങളിലായി നടത്തുന്ന എല്ലാ പ്രവർത്തന ങ്ങളിലും പങ്കെടുക്കണമെന്നും ദലിത് ക്രൈസ്തവസഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കഴിവതും സാമ്പത്തികസഹായവും സംരക്ഷണവും നൽകി വേദനിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്ക ണമെന്നും അഭ്യർത്ഥിക്കുന്നു.

ദലിത് ക്രൈസ്തവസഹോദരങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുവാനും ഇടവക യിലെ എല്ലാ പ്രവർത്തനങ്ങളോടും ഒന്നുചേർന്ന് ആദ്ധ്യാത്മികമായും ഭൗതികമായും വളരാനും സ്വയം അഭിവൃദ്ധിപ്പെടാനും പരിശ്രമിക്കേണ്ട താണ്.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടി കൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ദലിത് ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനു ശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരി ക്കുവാൻ 'ആഗസ്റ്റ് 10 വഞ്ചനാദിനമായും ആഗസ്റ്റ് 21 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി നമുക്കാശിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശാക്തീകരണപ്രവർത്തന ങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭവഴി

യാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2021–2022) എസ്.എസ്.എൽ.സി., (80%), പ്ലസ് ടു (70%), ഡിഗ്രി/ പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തവിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാകുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ്, എസ്. എസ്.എൽ.സി. കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസുകൾ എന്നിവ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാകേന്ദ്രങ്ങൾവഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവകതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

ബിഷപ് മാർ ജേക്കബ് മുരിക്കൻ
ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ
വൈസ് ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്
വൈസ് ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

NB: *2022 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025



I
ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സെഹിയോൻ ധ്യാനഭവനത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം 6 മണിക്ക് റംശായോടുകൂടി ആരംഭിച്ച് സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്നു.

<u>ധ്യാനങ്ങളുടെ തീയതികൾ</u>

ബാച്ച് 2 : 2022 ആഗസ്റ്റ് 07 മുതൽ 12 വരെ

ധ്യാനഗുരു : റവ. ഫാ. ബോബി ജോസ് കട്ടിക്കാട് OFM Cap.

ബാച്ച് 3 : 2022 സെപ്റ്റംബർ 18 മുതൽ 23 വരെ

ധ്യാനഗുരു : റവ. ഡോ. ജോസഫ് കടുപ്പിൽ

അതിരൂപതയ്ക്ക് പുറത്ത് സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്ന്യാസവൈദികർക്കും വിശ്രമജീവിതം നയിക്കുന്ന വൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ ധ്യാനിക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണ് ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

ധ്യാനാവസരത്തിൽ ബഹു. വൈദികർ അവരവരുടെ കുർബാന കണക്കു പുസ്തകം പരിശോധനയ്ക്കായും അനുരഞ്ജനകൂദാശ പത്തേന്തി പുതുക്കാനായും കൊണ്ടുവരാൻ ശ്രദ്ധിക്കണം.

II
ജസ്റ്റീസ് സൺഡേ

ഈ വർഷം ആഗസ്റ്റ് 21-ാം തീയതി ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുകയാണ്. അന്നേദിവസത്തെ സ്തോത്രകാഴ്ച നമ്മുടെ അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. ഇത് ആഗസ്റ്റ് 31-നകം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിന്റെ സമ്പൂർണ്ണകൃതികൾ ഈ ആഗസ്റ്റുമാസത്തിൽ പ്രകാശനംചെയ്യുന്നു. സഭാപരവും സാമൂഹികവുമായ വിഷയങ്ങളെക്കുറിച്ചും അവയെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ നിലപാടുകളും അറിയുന്നതിനുള്ള ആധികാരികരേഖയും കൂടിയാണിത്. അതുകൊണ്ട് ഈ സമ്പൂർണ്ണകൃതികളുടെ ഒരുകോപ്പി ഇടവകലൈബ്രറികളും സൺഡേസ്കൂൾ ലൈബ്രറികളും സ്ഥാപനങ്ങളും വാങ്ങുന്നതിന് ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. **അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം പള്ളികൾക്കും സ്ഥാപനങ്ങൾക്കും 3000 രൂപയ്ക്കു സമ്പൂർണ്ണകൃതികൾ (Hardbound) നൽകുന്നതാണ്.**

ആർച്ചുബിഷപ് ജോസഫ് പവ്വത്തിലിന്റെ കൃതികൾ സമ്പൂർണം

എഡിറ്റർ: ഫാ. ഡോ. തോമസ് പാടിയത്ത്

ഏഴു വാല്യങ്ങൾ, സ്പെഷ്യൽ സൈസ് (15.5 cm x 24 cm)
വലിപ്പം, മൂവായിരത്തഞ്ഞൂറോളം പേജുകൾ,
ഹാർഡ് ബൗണ്ട് & പേപ്പർ ബാക്ക് പതിപ്പുകൾ

വിഷയങ്ങൾ

- സീറോമലബാർ സഭ
- ആരാധനക്രമം
- സഭാവിജ്ഞാനീയം
- വിദ്യാഭ്യാസം
- മതം, രാഷ്ട്രം, രാഷ്ട്രീയം
- സാമൂഹിക വിഷയങ്ങൾ...



- സീറോമലബാർ സഭയുടെ കിരീടമെന്നു ബനഡിക്ട് പതിനാറാമൻ മാർപാപ്പാ വിശേഷിപ്പിച്ച മഹിതാചാര്യൻ ആർച്ചുബിഷപ് ജോസഫ് പവ്വത്തിലിന്റെ സമാഹൃതരചനകൾ ഏഴു വാല്യങ്ങളിൽ.
- സത്യത്തിലും സ്നേഹത്തിലും സഭയെയും സമൂഹത്തെയും ശുശ്രൂഷിച്ച ഒരു സഭാപിതാവിന്റെ ആത്മീയവഴികളിലൂടെയുള്ള തീർഥാടനം.
- ഉണർവുള്ള മനസോടും നിതാന്ത ജാഗ്രതയോടുംകൂടി അജഗണത്തിനു കാവലിരുന്ന ഒരു ഇടയശ്രേഷ്ഠന്റെ ബോധനനിറവിലൂടെയുള്ള കൂട്ടുസഞ്ചാരം.
- ക്രൈസ്തവമൂല്യങ്ങളുടെയും ധാർമികതയുടെയും കാഴ്ചവട്ടങ്ങളുടെ തെളിച്ചത്തിൽ സമൂഹത്തെയും രാഷ്ട്രത്തെയും സമകാലിക പ്രവണതകളെയും ഇഴകീറി പരിശോധിക്കുകയും അപ്രിയസത്യങ്ങൾ ഉള്ളുലയാതെ ഊന്നിപ്പറയുകയും തലമുറകൾക്ക് പുത്തൻ ദിശാബോധത്തിന്റെ വഴിവിളക്ക് കൊളുത്തിവെക്കുകയും ചെയ്യുന്ന ഒരു ക്രാന്തദർശിയുടെ തുറന്നെഴുത്താണ് ഈ ബൃഹദാഖ്യാനം.

മുഖവില Hardbound: ₹3500 | Paperback: ₹3000

വിശദവിവരങ്ങൾക്കും ബുക്കിംഗിനും: 9656985323, 8547785278

'മാന്യനായ പുരോഹിതൻ'
വിരുപ്പേൽ ബഹു. ജോസച്ചൻ

വിരുപ്പേലച്ചൻ ഓർമ്മയായി എന്ന വാർത്ത കേട്ടപ്പോൾ ഹൃദയത്തിനുള്ളിൽ ഒരു വിങ്ങൽ. കൊല്ലം-ആയൂർ ഫൊറോനയിലും തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയിലും ഒന്നിച്ചു പ്രവർത്തിച്ചതിന്റെ ഓർമ്മകൾ. തന്റെ മുറിയിലേയ്ക്ക് വരുന്നവരെ നിറഞ്ഞ പുഞ്ചിരിയോടെ സ്വീകരിക്കുന്ന ഒരു ആത്മീയാചാര്യൻ. ആദർശങ്ങളെ മുറകെപ്പിടിക്കുകയും അതിൽ എന്നും ഉറച്ചുനിൽക്കുകയും ചെയ്ത വ്യക്തിത്വം. കൊച്ചച്ചന്മാർക്ക് പിതൃതുല്യനായിരുന്നു വിരുപ്പേൽ ജോസച്ചൻ.

കോക്കാട് വിരുപ്പേൽ വീട്ടിൽ വി.എം. ജോസഫിന്റെയും കത്രീനാ ജോസഫിന്റെയും ഇളയമകനായി 1958 ആഗസ്റ്റുമാസം 31-ാം തീയതി കോക്കാട് ജനിച്ചു. 1 മുതൽ 7 വരെയുള്ള പ്രാഥമികവിദ്യാഭ്യാസം കോക്കാടുള്ള സ്കൂളിൽ നിർവഹിച്ചു. ഹൈസ്കൂൾവിദ്യാഭ്യാസം വാളകം സ്കൂളിലായിരുന്നു. തുടർന്ന് പ്രീഡിഗ്രി പഠനം, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളേജിൽ പൂർത്തിയാക്കി. ദൈവവിളികളാൽ സമ്പന്നമായ വിരുപ്പേൽ കുടുംബത്തിൽ, തന്റെ ചിറ്റപ്പന്മാരായ റവ. ഫാ. അഗസ്റ്റിൻ വിരുപ്പേലും റവ. ഫാ. സെബാസ്റ്റ്യൻ വിരുപ്പേലും തങ്ങളുടെ ഉത്തമമാതൃകയാൽ ജോസച്ചനെ പൗരോഹിത്യവഴികളിലേയ്ക്ക് കൈപിടിച്ച് നടത്തി. കുറിച്ചിയിലും നാഗ്പൂർ സെന്റ് ചാൾസ് മേജർ സെമിനാരിയിലും തന്റെ വൈദികപഠനം പൂർത്തിയാക്കി, 1986 മാർച്ച് 31-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കൈവയ്പ്പ് ശുശ്രൂഷയിലൂടെ ജോസ് വിരുപ്പേൽ വൈദികനായി.

വൈദികനായി ആദ്യം നിയമിക്കപ്പെട്ടത് എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിലാണ്. അവിടെനിന്നും ആലപ്പുഴ മാർസ്ലീവാ ഫൊറോനാ പള്ളിയിലും തുടർന്ന് ചമ്പക്കുളം സെന്റ് മേരീസ് ഫൊറോനാ പള്ളിയിലും അസിസ്റ്റന്റ് വികാരിയായി നിയമിക്കപ്പെട്ടു.

തന്റെ മേജർ സെമിനാരി പഠനകാലത്തുതന്നെ അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിന്റെ സെക്രട്ടറിയായി ജോസച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. പടിയറ

പിതാവുമായുള്ള ബന്ധമാണ് തനിക്ക് ജീവിതത്തിൽ അച്ചടക്കവും കൃത്യനിഷ്ഠയും ആതിഥ്യമര്യാദകളും അഭ്യസിക്കുവാനിടയായതെന്ന് അച്ചൻ പലപ്പോഴും പറയുമായിരുന്നു. പഠിക്കുവാൻ അതിസമർത്ഥനായിരുന്ന ജോസച്ചനെ ലൈബ്രറി സയൻസ് പഠിക്കുവാൻ മേലധികാരികൾ അയച്ചു. ലൈബ്രറി സയൻസിൽ മാസ്റ്റർ ബിരുദവും MPhil ലും പൂർത്തിയാക്കി ചങ്ങനാശേരി SB കോളേജിൽ ലൈബ്രേറിയനായി. SB കോളേജിന്റെ ലൈബ്രറിയെ ആധുനികവത്ക്കരിക്കാനും ലൈബ്രറി സയൻസിന്റെ ബാച്ച്ലർ, മാസ്റ്റർ ബിരുദങ്ങൾ SB കോളേജിൽ പഠിക്കുവാനുള്ള ക്രമീകരണങ്ങളൊരുക്കുവാനും അച്ചന് കഴിഞ്ഞു. SB കോളേജിന്റെ ബർസാറായും ഹോസ്റ്റൽ വാർഡനായും അച്ചൻ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. SB കോളേജിൽനിന്നും 2015-ൽ വിരമിച്ചു. തുടർന്ന് അജപാലനരംഗത്തേയ്ക്കുള്ള പ്രവേശനമായിരുന്നു. കൊല്ലം-ആയൂർ ഫൊറോനാ വികാരിയായി വന്നത് കൊല്ലംമേഖലയ്ക്കു മാത്രമല്ല, തെക്കൻ മേഖലയ്ക്ക് മുഴുവനും ഉണർവുപകരുന്ന അനുഭവമായിരുന്നു. അവിടുത്തെ 2 വർഷത്തെ സേവനത്തിനുശേഷം ജോസച്ചനെ പിതാവ് തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയുടെ ഉത്തരവാദിത്തം ഏല്പിച്ചു. ഈ രണ്ട് ഫൊറോനകളിലും അച്ചനോടൊപ്പം പ്രവർത്തിക്കാൻ ദൈവം എനിക്ക് അവസരമൊരുക്കി. ആയൂരോ, ലൂർദ്ദിലോ എപ്പോൾ ചെന്നാലും അച്ചൻ നമ്മോട് പുലർത്തുന്ന ആ സ്നേഹം, കരുതൽ അതൊന്നും ആർക്കും വിസ്മരിക്കാൻ കഴിയുകില്ല. തന്നെ സന്ദർശിച്ച് മടങ്ങുന്ന സിസ്റ്റേഴ്സിനോടും മറ്റുള്ളവരോടും അച്ചൻ പറയും YMCA, ഇതിന്റെ അർത്ഥം അറിയാതെ നില്ക്കുന്നവരോട് അച്ചൻതന്നെ പറയും You must come again (YMCA). 2020-ൽ അനാരോഗ്യംമൂലം ലൂർദ്ദ് പള്ളിയിൽ നിന്നും ലൂർദ്ദ് മാതാ കെയർ സെന്ററിലേയ്ക്കും പിന്നീട് ഇത്തിത്താനത്തുള്ള പ്രീസ്റ്റ് ഹോമിലേയ്ക്കും മാറുകയായിരുന്നു. അച്ചനെ കാണാൻ പ്രീസ്റ്റ് ഹോമിൽ ചെന്നപ്പോൾ ക്ഷീണിതനെങ്കിലും വളരെ പ്രസന്നതയോടെ നമ്മുടെ കാര്യങ്ങൾ അച്ചൻ അന്വേഷിച്ചിരുന്നു. ആരോടും ഒരു പരിഭവവും പറയാതെ തന്റെ രോഗത്തെയും അതിന്റെ വേദനകളെയും തന്നിലൊതുക്കി വേദനകളില്ലാത്ത നാട്ടിലേയ്ക്ക് ജൂലൈ 19-ന് രാവിലെ 9.45 ന് അച്ചൻ യാത്രയായി.

ബഹു. അച്ചന്റെ ഭൗതികദേഹം എസ്.ബി. കോളേജിലും ഭവനത്തിലും പൊതുദർശനത്തിനു വച്ചപ്പോൾ ഒഴുകിയെത്തിയ അജഗണങ്ങളും ശിഷ്യസമൂഹവും സുഹൃത്തുക്കളുമെല്ലാം അദ്ദേഹത്തിന്റെ നന്മകൾ അറിഞ്ഞവരും അനുഭവിച്ചവരുമാണ്. ബഹു. അച്ചന്റെ സഹപാഠിയായ റായ്പൂർ ആർച്ചുബിഷപ് റവ. ഡോ. വിക്ടർ ഹെൻറി ഠാക്കൂർ അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പൂർണ്ണമായി പങ്കെടുത്തതും കർമങ്ങൾക്കിടയിൽ നല്കിയ സന്ദേശവും ഇക്കാര്യത്തിനു അടിവരയിടുന്നതാണ്. 2022 ജൂലൈ 22-ന് വെഞ്ചെമ്പ് സെന്റ് ജോർജ് ദൈവാലയത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ നടന്ന മൃതസംസ്ക്കാരശുശ്രൂഷയിൽ റായ്പൂർ ആർച്ചുബിഷപും അനേകം വൈദികരും സമർപ്പിതരും വിശ്വാസികളും പങ്കെടുത്തു.

'മാന്യനായ പുരോഹിതൻ' ജോസച്ചനെക്കുറിച്ച് എല്ലാവരും എടുത്തുപറഞ്ഞകാര്യം അതാണ്. അച്ചനെ ദൈവം അവിടുത്തെ വലംഭാഗെ ഇരുത്തുവാൻ കരുണയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ സ്നേഹിതന്റെ കണ്ണീരിൽ കുതിർന്ന പ്രണാമം.

ഫാ. മാത്യു അഞ്ചിൽ

CHARITABLE ACTIVITIES 2021-2022

പ്രവർത്തനമേഖല	ഇടവകകൾ	സ്ഥാപനങ്ങൾ/ പ്രസ്ഥാനങ്ങൾ/ ഭക്ത സംഘടനകൾ	ആകെ
ഭവന നിർമ്മാണം, അറ്റകുറ്റപണികൾ	13350136	37911829	51261965
ചികിത്സാസഹായം	9803498	122545100	132348598
വിവാഹസഹായം	1662450	1552050	3214500
വിദ്യാഭ്യാസസഹായം	4507601	12338933	16846534
കാർഷികസഹായം	285370	2327500	2612870
അഗതിമന്ദിര ശുശ്രൂഷാസഹായം	2273633	4054667	6328300
ഭക്ഷ്യവസ്തുക്കൾ	5129236	9720204	14849440
മറ്റ് സഹായങ്ങൾ	7662556	15842059	23504609
ആകെ	**44674474**	**206292342**	**250966816**

അഭിനന്ദനങ്ങൾ

CJSM University (Kanpur) ൽ നിന്നും ഫിസിക്കൽ എഡ്യൂക്കേഷനിൽ 'TO GIVE THE BEST OF ONESELF: CHRISTIAN PERSPECTIVE ON SPORT' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

പീടിയേക്കൽ ബഹു. കുര്യാക്കോസ് അച്ചന്

അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2022 ജൂലൈ മാസം PPFA കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിന് യാത്രയായ റവ. ഫാ. ജോസ് വിരുപ്പേൽ, റവ. ഫാ. പീറ്റർ കളപ്പുരയ്ക്കൽ എന്നിവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. എല്ലാ അംഗങ്ങളും ബഹു. അച്ചന്മാരുടെ നിയോഗത്തിൽ ഓരോ വി. കുർബാന അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

ഫാ. റ്റോം ആര്യങ്കാല
(സെക്രട്ടറി)

പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

അഭിനന്ദനങ്ങൾ

ഇന്ത്യയുടെ പതിനഞ്ചാമത് രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി ദ്രൗപദി മുർമുവിനെ സമിതി അഭിനന്ദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. സ്ത്രീ ശാക്തീകരണത്തിന്റെയും ആദിവാസി ഗോത്രവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിന്റെയും പ്രതീകമാണ് ശ്രീമതി മുർമു എന്ന് സമിതി ആശംസാക്കുറിപ്പിൽ രേഖപ്പെടുത്തി.

കെ.സി.ബി.സി. ഗുരുപൂജ പുരസ്കാരം നേടിയ അതിരൂപതാംഗമായ ശ്രീ. ജോയ് തോട്ടാന് സമിതി അഭിനന്ദനങ്ങൾ നേർന്നു. അതിരൂപതാ പി.ആർ.-ജാഗ്രതാസമിതിയുടെ നിർദേശം പരിഗണിച്ച് അദ്ദേഹത്തിന് പുരസ്കാരം നൽകിയ കെ.സി.ബി.സി. മീഡിയ കമ്മീഷന്റെ തീരുമാനത്തെ സമിതി സ്വാഗതം ചെയ്തു.

ജൻവികാസ് കാര്യക്രം

കേന്ദ്ര ന്യൂനപക്ഷ പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം-ൽ കേന്ദ്രസർക്കാർ പുതുതായി വരുത്തിയ മാറ്റങ്ങൾ ക്രൈസ്തവർക്ക് അനുകൂലമാണെന്ന് സമിതി വിലയിരുത്തി. പുതുക്കിയ മാർഗനിർദേശങ്ങൾപ്രകാരം രാജ്യത്തെ എല്ലാജില്ലകളും പദ്ധതിയുടെകീഴിൽ ഉൾപ്പെടും. രാജ്യമൊട്ടാകെ Aspirational Districts ആയി തെരഞ്ഞെടുത്തിരിക്കുന്ന ജില്ലകളിൽ പദ്ധതിക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു. കേരളത്തിൽനിന്നും വയനാട് ജില്ല Aspirational District ആയി ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞവർഷംവരെ കേരളത്തിൽ ഒരു പ്രത്യേക ന്യൂനപക്ഷവിഭാഗം തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളെ മാത്രമേ മുഖ്യമായും പദ്ധതിയുടെകീഴിൽ ഉൾപ്പെടുത്തിയിരുന്നുള്ളൂ. ക്രൈസ്തവർ കൂടുതൽ അധിവസിക്കുന്ന പ്രദേശങ്ങൾ വ്യാപകമായി ഒഴിവാക്കപ്പെട്ടു. ഇത് കടുത്ത അനീതിയും മതവിവേചനവും ന്യൂനപക്ഷ സംരക്ഷണതത്വങ്ങൾക്ക് വിപരീതവുമാണെന്ന പരാതി അതിരൂപതാ ജാഗ്രതാസമിതിയും തുടർന്ന് വിവിധ ക്രൈസ്തവസഭകളും സംഘടനകളും വ്യാപകമായി ഉന്നയിച്ചിരുന്നു. PMJVK യുടെ പുതുക്കിയ മാർഗനിർദേശങ്ങളിലൂടെ ഈ പരാതിക്ക് ഒരു പരിധിവരെ പരിഹാരമാകുമെന്നാണ് അതിരൂപതാ ജാഗ്രതാസമിതിയുടെ വിലയിരുത്തൽ.

പാഠ്യപദ്ധതി ശുദ്ധീകരണം

കേരളാ സിലബസിലും മറ്റ് സിലബസുകളിലും പാഠപുസ്തകങ്ങളിൽ ക്രൈസ്തവവിരുദ്ധത അവതരിപ്പിക്കപ്പെടുകയും നവോത്ഥാനത്തിൽ ക്രൈസ്തവ സംഭാവനകൾ മനഃപൂർവം വിസ്മരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ. കപട ചരിത്രനിർമിതിയിൽനിന്ന് അടുത്തതലമുറയെ രക്ഷിക്കാൻ ആവശ്യമായ കാര്യങ്ങൾ ചർച്ചചെയ്ത് നിരീക്ഷണങ്ങൾ സഭാവേദികളിൽ ഉന്നയിക്കാൻ സമിതി തീരുമാനിച്ചു.

സൗഹൃദസമ്മേളനം

ജൂൺ 17 വെള്ളിയാഴ്ച കോട്ടയത്ത് മുസ്ലിംലീഗ് സംസ്ഥാന പ്രസിഡണ്ട് ശ്രീ. സാദിഖ് അലി ശിഹാബ് തങ്ങൾ വിളിച്ചുചേർത്ത സൗഹൃദസമ്മേളനത്തിൽ ക്രൈസ്തവവിഷയങ്ങളെക്കുറിച്ച് ഡയറക്ടർ സംബന്ധിച്ചുസംസാരിച്ചു. ലീഗ് മൗനം വെടിയണമെന്നും വർദ്ധിച്ചുവരുന്ന ഇസ്ലാമിസ്റ്റ് തീവ്രവാദത്തെ അപലപിക്കാൻ തയ്യാറാകണമെന്നും ഒരു രാഷ്ട്രീയപാർട്ടി എന്നനിലയിൽ മതത്തിന്റെ സങ്കുചിത ചിന്തകളെ മറികടന്ന് പൊതുസമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാൻ ലീഗ് സന്നദ്ധമാകണമെന്നും സമിതി ഡയറക്ടർ പ്രസ്തുത സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

ചങ്ങനാശേരി അതിരൂപത പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതിക്കു വേണ്ടി

അഡ്വ. ജോജി ചിറയിൽ (പി.ആർ.ഒ.)

ഫാ. ജയിംസ് കൊക്കാവയലിൽ (ഡയറക്ടർ)

❍

കരുതൽ 2022

	CHURCHES	Addi. amount	ChurchTotal	TOTAL
1	St. Mary's Forane Church, Athirampuzha			615070
2	St. Joseph's Church, Veroor			800001
3	Little Flower Church, Chunkappara			28570
4	St. James Church, Karikattoor	450	71740	450
5	St. Joseph's Church, Kuttamangalam			31650
6	Immaculate Heart Church, Kaithavana			143500
7	Fathima Matha Church, Fathimapuram	17000	332720	17000
8	St. Antony's Church, Poomattom - Puthuppally			54300
9	St. Joseph's Church, Kuchappuram			10000
10	St. Joseph's Church, Kayalpuram	10000	260450	10000
11	Our Lady of Dolours Church, Kainady			150000
12	St. Mary's Church, Punnamada			51410
13	Dr. P.C. Aniyankunju (Personal Contribution)			10000
				1921951
	Previous Grand Total - Rs. 23491754			
	Additional Amount - Rs. 1921951			
	GRAND TOTAL - Rs. 25413705			

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ അതിരൂപതയുടെ മാധ്യമപ്രേഷിതരംഗമായ MAAC TEAM ന് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി.

നമ്മുടെ പ്രധാന പ്രവർത്തനമേഖലകളായ MAAC TV, MAAC RADIO എന്നിവ നല്ല രീതിയിൽ മുന്നോട്ടുപോകുന്നു. ഈ മാധ്യമശുശ്രൂഷകൾ പലരീതിയിൽ ദൈവജനത്തിന് ഉപകാരപ്പെടുന്നുണ്ടെന്ന് പ്രതീക്ഷിക്കുന്നു. MAAC DAILY WORDS എന്ന പേരിൽ അനുദിനം പുറത്തിറക്കുന്ന സ്റ്റാറ്റസ് പോസ്റ്ററുകൾ ദൈവജനത്തിന് ആരാധനക്രമം അനുസരിച്ചുള്ള വായനകൾക്ക് ഉപകാരമാവുംവിധം ഷെയർ ചെയ്യാൻ പരിശ്രമിക്കുമല്ലോ.

MY PARISH ONLINE SOFTWARE

ചങ്ങനാശേരി അതിരൂപതയുടെ MY PARISH എന്ന ONLINE SOFTWARE ന്റെ പ്രവർത്തനങ്ങൾ ഇടവകതലത്തിൽ ഭംഗിയായി നടന്നുവരുന്നു. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നമ്മുടെ അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദിക വിദ്യാർത്ഥികളുടെ സഹായത്താലാണ് നടത്തപ്പെട്ടത്. ഇപ്പോൾ ഇടവകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും ഇടവകതലത്തിലെ കോർഡിനേറ്റേഴ്സിന്റെയും നേതൃത്വത്തിൽ നടന്നുവരുന്നു. ഫൊറോനാതല ഫോളോ അപ്പ് സമ്മേളനങ്ങൾ ജൂലൈ-ആഗസ്റ്റ് മാസങ്ങളിലായി നടക്കുന്നു. അതിരൂപതയിലെ അറുപതിനായിരത്തിലധികം കുടുംബങ്ങളും ഒന്നരലക്ഷത്തിലധികം വ്യക്തികളും ഇതിനോടകം MY PARISH SOFTWARE ഉപയോഗിച്ചുതുടങ്ങി. MY PARISH SOFTWARE ന്റെ ആദ്യഘട്ടം ലക്ഷ്യംവയ്ക്കുന്നത് അതിരൂപതാ മഹായോഗത്തിനുമുമ്പായി പൂർത്തിയാകേണ്ട സഭാ-സമൂഹിക-സാമ്പത്തിക സർവേ വരെയാണ്. തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണം സ്നേഹപൂർവ്വം പ്രതീക്ഷിക്കുന്നു.

സാധ്യതകൾ

ഇന്നത്തെ കാലഘട്ടത്തിൽ മാധ്യമങ്ങൾക്കുള്ള വലിയ പങ്ക് മുൻകൂട്ടികണ്ട് സ്ഥാപിതമായതാണ് MEDIA VILLAGE.

നമ്മുടെ അതിരൂപയുടെ മാധ്യമകേന്ദ്രമായ മീഡിയാ വില്ലേജിലെ SJCC - ST JOSEPH COLLEGE OF COMMUNICATION, MFTI- MEDIA VILLAGE FILM AND TELEVISON INSTITUTE വിവിധ ഇടവകകളുടെ റിക്കോർഡിങ്ങ് ആവശ്യങ്ങൾക്കും ഉപകാരപ്രദമാകുംവിധം നിർമ്മിക്കപ്പെട്ടിരിക്കുന്ന MEDIA VILLAGE PRODUCTION HOUSE എന്നിവ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അതിരൂപതയുടെ മാധ്യമപ്രേഷിതരംഗത്തെ വളർച്ചയ്ക്ക് നല്ല നിർദ്ദേശങ്ങളും തിരുത്തലുകളുമായി എല്ലാവരും നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾ തുടർന്നും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ...

സ്നേഹപൂർവ്വം,

ഫാ. ജോഫി പുതുപ്പറമ്പ് (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്**
ഫാ. ലൈജു കണിച്ചേരിൽ (9496802254)

മിശിഹായിൽ സ്നേഹമുള്ളവരേ,

നമ്മുടെ വിശ്വാസജീവിതം ആരാധനാക്രമത്തിലെ പുതിയ ഒരു കാലഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. ശ്ലീഹന്മാരുടെ പ്രവർത്തനഫലമായി വളർന്നുവികസിച്ച സഭ ഫലംചൂടി നില്ക്കുന്നതിനെ ധ്യാനിക്കുന്ന കൈത്താക്കാലത്തിൽ നമുക്കും ആത്മീയഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകാം. വിശ്വാസത്തിലും ആത്മീയജീവിതത്തിലും വളരാൻ ഉതകുന്നവിധത്തിൽ നമ്മുടെ വിശ്വാസപരിശീലനരംഗത്തെ സജീവമാക്കാം.

ഏവർക്കും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

ഫാ. ജോസഫ് ഈറ്റോലിൽ
ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ
(അസി. ഡയറക്ടേഴ്സ്)

ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ
(ഡയറക്ടർ)

അറിയിപ്പുകൾ

ആഗസ്റ്റ് 2022

1 തിങ്കൾ	:	പതിനഞ്ചുനോമ്പാരംഭം
4 വ്യാഴം	:	വി. ജോൺ മരിയ വിയാനി
6 ശനി	:	അൽഫോൻസാ തീർത്ഥാടനം (ഓഫീസ് അവധി) നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
7 ഞായർ	:	കൈത്താ മൂന്നാം ഞായർ - ക്ലാസ്സ് 10
13 ശനി	:	CLT ക്ലാസ്സ്
14 ഞായർ	:	കൈത്താ നാലാം ഞായർ - ക്ലാസ്സ് 11
15 തിങ്കൾ	:	പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം (ഓഫീസ് അവധി)
20 ശനി	:	CLT ക്ലാസ്സ്
21 ഞായർ	:	കൈത്താ അഞ്ചാം ഞായർ - ക്ലാസ്സ് 12
26 വെള്ളി	:	CLT ധ്യാനം
28 ഞായർ	:	കൈത്താ ആറാം ഞായർ - ക്ലാസ്സ് 13

സെപ്റ്റംബർ 2022

1 വ്യാഴം	:	എട്ടുനോമ്പാരംഭം
3 ശനി	:	CLT ക്ലാസ്സ്
4 ഞായർ	:	കൈത്താ ഏഴാം ഞായർ - ക്ലാസ്സ് 14
8 വ്യാഴം	:	പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

കാറ്റകെറ്റിക്കൽ ഫൊറോന കമ്മിറ്റി (സി.എഫ്.സി)

2022-23 വിശ്വാസപരിശീലന പ്രവർത്തനപരിപാടികൾ ചർച്ച ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമായി മിക്ക ഫൊറോനകളിലും സി.എഫ്.സി. മീറ്റിംഗുകൾ നടത്തുകയുണ്ടായി. സഹകരിച്ച എല്ലാ ഫൊറോന

കൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഇനിയും സി.എഫ്.സി. മീറ്റിംഗുകൾ നടത്താത്ത ഫൊറോനകൾ എത്രയുംവേഗം അതിരൂപതാ ഡയറക്ടറുമായി ആലോചിച്ച് മീറ്റിംഗുകൾ നടത്തേണ്ടതാണ്. സി.എഫ്.സി. മീറ്റിംഗുകളിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർ, സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ, മിഷൻലീഗ് മേഖലാ ഡയറക്ടർ, മേഖലാ ജോയിന്റ് ഡയറക്ടർ, മേഖലാ ഭാരവാഹികൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

ബി.സി.റ്റി. കോഴ്സ്

എല്ലാ മതാധ്യാപകർക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതയായ ബി.സി.റ്റി. കോഴ്സ് പുനഃരാരംഭിക്കുകയാണ്. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സന്ദേശനിലയത്തിൽനിന്നും നല്കുന്ന ഗൂഗിൾ ഫോം ആഗസ്റ്റ് 7-ന് മുമ്പായി പൂരിപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം അപേക്ഷിക്കുന്ന 70 പേർക്കായിരിക്കും ആദ്യബാച്ചിൽ അഡ്മിഷൻ നല്കുന്നത്.

സി.ആർ.റ്റി. സന്ദർശനം

2022-23 വർഷത്തെ അതിരൂപതാ സി.ആർ.റ്റി. അംഗങ്ങളുടെ സൺഡേസ്കൂൾ സന്ദർശനം, നേരത്തെ നടത്തിയിരിക്കുന്നതുപോലെ ഓഫ്ലൈനായി സെപ്റ്റംബർ മാസം ആരംഭിക്കുകയാണ്. സന്ദർശനാവസരം വെറുമൊരു പരിശോധനാ സന്ദർശനമല്ല. പ്രത്യുത നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അതിന്റെ വെളിച്ചത്തിൽ മികവുറ്റതാക്കുവാനുമുള്ള മാർഗ്ഗങ്ങൾ തേടേണ്ട അവസരവുമാണ്. സി.ആർ.റ്റി. സന്ദർശനം ഫലദായകമാക്കുവാൻ എല്ലാവരും സഹകരിക്കുമല്ലോ.

ബൈബിൾ കലോത്സവം

നമ്മുടെ കുട്ടികൾക്ക് ദൈവം നല്കിയിട്ടുള്ള കലാപരമായ കഴിവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബൈബിൾ കലോത്സവം ഈ വർഷം മുതൽ പുനഃരാരംഭിക്കുന്നു. ഫൊറോനതല ബൈബിൾ കലോത്സവങ്ങളുടെ ഭംഗിയായ നടത്തിപ്പിന് ആവശ്യമായ ഇടവക-ഫൊറോനാതല കലോത്സവ കമ്മിറ്റി കൺവീനേഴ്സ്, ഫൊറോന സ്റ്റേജ് മാനേജേഴ്സ്, സോഫ്റ്റ്വെയർ ഓപ്പറേറ്റേഴ്സ്, എന്നിവരെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക. അവർക്കുള്ള ഓറിയന്റേഷൻ ക്ലാസിന്റെ വിവരങ്ങളും കലോത്സവത്തിന്റെ വിശദവിവരങ്ങളും താമസിയാതെ വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുന്നതാണ്.

പ്രത്യേക ശ്രദ്ധയ്ക്ക്

1. മതബോധനഫണ്ടും പാഠപ്പുസ്തകങ്ങളുടെ തുകയും കുടിശികയുള്ളവർ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
2. 2022-23 വർഷത്തെ മതബോധന കലണ്ടർ സന്ദേശനിലയത്തിൽ ലഭ്യമാണ്.

ആദരാഞ്ജലികൾ

സന്ദേശനിലയം മുൻ ഡയറക്ടർ റവ. ഡോ. മാണി പുതിയിടത്തിന്റെ സഹോദരന്റെയും പടഹാരം സൺഡേസ്കൂൾ അധ്യാപിക ശ്രീമതി ഷൈനി ബിനുവിന്റെ ഭർത്താവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

കൈത്താകാലത്തേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നു. സഭയുടെ വളർച്ചയെ അനുസ്മരിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്കും സഭയോടും സമുദായത്തോടും ചേർന്നുള്ള ജീവിതംനയിക്കാം. അതിനു സഹായിക്കുന്നതാണ് നമ്മുടെ ചെറുപുഷ്പ മിഷൻലീഗ് എന്ന സംഘടന. ഏറ്റവും അടുത്തുവരുന്ന അൽഫോൻസാ തീർത്ഥാടനം, പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിന് ഒരുക്കമായ 15 നോമ്പ് എന്നിവയിലെല്ലാം ആത്മാർത്ഥമായി പങ്കുകൊണ്ട് ആത്മീയമായി മുന്നേറാം.

ഈശോയിൽ സ്നേഹപൂർവ്വം,

ഫാ. ജോസഫ് ഈറ്റോലിൽ **ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ (ഡയറക്ടർ)
(അസി. ഡയറക്ടേഴ്സ്)

അറിയിപ്പുകൾ

ആഗസ്റ്റ് 2022

1 തിങ്കൾ – പതിനഞ്ച് നോമ്പാരംഭം

4 വ്യാഴം – വി. ജോൺ മരിയ വിയാനി, ഇടവക വൈദികദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം, ആശംസകൾ നേരാം.

6 ശനി – നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം, **34-ാമത് അൽഫോൻസാ തീർത്ഥാടനം** (ഓഫീസ് അവധി)

7 ഞായർ – **'ഇടയനോടൊപ്പം'** ശാഖകളിൽ

11 വ്യാഴം – 14-ാമത് കുഞ്ഞേട്ടൻ ചരമവാർഷികം

13 ശനി – **ബേത്‌ലഹേം മീറ്റ്**, പഠനഗ്രന്ഥ ചർച്ച
കുഞ്ഞേട്ടൻ അനുസ്മരണം ശാഖകളിൽ

15 തിങ്കൾ – **പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം**
(കടമുള്ള ദിവസം, ഓഫീസ് അവധി)

സെപ്റ്റംബർ 2022

1 വ്യാഴം – എട്ടുനോമ്പാരംഭം

4 ഞായർ – Preacher's Day ശാഖകളിൽ

5 തിങ്കൾ – കൊൽക്കത്തയിലെ വി. മദർ തെരേസ

8 വ്യാഴം – **പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ**

9 വെള്ളി – സ്ഥാപക ഡയറക്ടർ, റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമദിനം

10 ശനി – മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണം ശാഖകളിൽ

34-ാമത് അൽഫോൻസാ തീർത്ഥാടനം

2022 ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച 34-ാമത് അൽഫോൻസാ തീർത്ഥാടനം കുടമാളൂർ ദൈവാലയത്തിലേയ്ക്കും അൽഫോൻസാ ജന്മഗൃഹത്തിലേയ്ക്കും നടത്തപ്പെടുന്നു. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ആത്മീയതീർത്ഥാടനമായി ക്രമീകരിച്ചത് ഈ വർഷം പഴയതുപോലെ സജീവമായി നടത്തപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ നോട്ടീസിലൂടെയും വാട്സ്ആപ്പ് ഗ്രൂപ്പ് വഴിയായും അറിയിക്കുന്നതാണ്.

ഇടയനോടൊപ്പം

ആഗസ്റ്റ് 4 വ്യാഴം ഇടവകവൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാന്നിയുടെ തിരുനാൾ ദിനമാണ്. അതിന്റെ ഭാഗമായി 7-ാം തീയതി ഞായറാഴ്ച ഇടവകയിൽ നമുക്ക് നേതൃത്വം നല്കുന്ന ബഹു. വൈദികരെ ആദരിക്കുകയും ആശംസകൾ അറിയിക്കുകയും അവരുടെ ദൈവവിളികളെക്കുറിച്ച് ചോദിച്ചറിയുകയും ചെയ്യാം. നമ്മുടെ ഇടവകയിൽനിന്ന് ദൈവവിളി സ്വീകരിച്ച വൈദികർക്കും ആശംസകൾ അർപ്പിക്കാം.

കുഞ്ഞേട്ടൻ അനുസ്മരണം

ആഗസ്റ്റ് 11 മിഷൻലീഗിന്റെ സ്ഥാപകനേതാവായ കുഞ്ഞേട്ടന്റെ 14-ാമത് ചരമവാർഷികം. ആഗസ്റ്റ് 13 ശനിയാഴ്ച കുഞ്ഞേട്ടൻ അനുസ്മരണം ശാഖകളിൽ നടത്തേണ്ടതാണ്.

Preachers Day

വിശ്വാസപരിശീലനത്തിന് പ്രാധാന്യംനല്കുന്ന കൈത്താക്കാലത്ത് വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവരെ പ്രത്യേകമായി ആദരിക്കുന്ന പ്രോഗ്രാമുകൾ ശാഖാ, മേഖലാതലത്തിൽ ചെയ്യേണ്ടതാണ്. കൈത്താക്കാലത്തെ ഒരു ഞായറാഴ്ച അതിനായി തിരഞ്ഞെടുക്കാവുന്നതാണ്.

ബെത്ലഹേം മീറ്റ്

മാസത്തിലെ രണ്ടാം ശനിയാഴ്ചയോ, അതിനോട് ചേർന്നുവരുന്ന ഞായറാഴ്ചയോ ശാഖകൾക്ക് ഉചിതമായ സമയത്ത് ക്രമീകരിക്കേണ്ടതാണ്. അന്നേദിവസം മിഷൻലീഗിന്റെ 'സുകൃത വഴിയിലൂടെ' എന്ന പഠനഗ്രന്ഥം ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കേണ്ടതാണ്.

സ്നേഹബലി പ്രസംഗം മത്സരം

സ്നേഹബലി പ്രസംഗ മത്സരത്തിന്റെ എൻട്രി അതിരൂപതയിൽ എത്തിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 31 ആണ്. ഈ ക്രമീകരണത്തോട് എല്ലാവരും സഹകരിക്കുമല്ലോ.

ശാഖാ സന്ദർശനം

നമ്മുടെ ശാഖകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏറ്റവും അത്യാവശ്യമായി മേഖലാഭാരവാഹികൾ സ്വന്തം മേഖലയിലുള്ള ശാഖകൾ സന്ദർശിക്കേണ്ടതാണ്. മേഖലാഭാരവാഹികൾ ആരൊക്കെയാണ് ശാഖകൾ സന്ദർശിക്കുന്നതെന്നും അതിന്റെ തീയതിയും അടങ്ങിയ ലിസ്റ്റ് ആഗസ്റ്റ് 7-ാം തീയതിക്ക് മുൻപായി അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കുവാൻ ജോയിന്റ് ഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

പരിശുദ്ധ മാതാവിന്റെ ആഗതമാകുന്ന സ്വർഗാരോപണത്തിരുനാളിന്റെയും ഭാരത സ്വാതന്ത്ര്യത്തിന്റെയും മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനാപൂർവം നേരുന്നു. നമ്മുടെ കുട്ടികൾ ഉന്നതപഠനത്തിനായി പ്രവേശനം ആഗ്രഹിക്കുന്ന സമയമാണല്ലോ. ഇതിനായി പ്രവേശനം ലഭിക്കുന്നതിനു സഹായകരമായ EWS സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസിൽനിന്നും അർഹരായ കുട്ടികൾക്ക് വാങ്ങിക്കൊടുക്കുന്നതിന് കൂട്ടായ്മാതലത്തിൽ ശ്രമങ്ങളുണ്ടാകുന്നത് വളരെ നല്ലതാണ്. നമ്മുടെ കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോനാസംഗമങ്ങൾ (കെരിഗ്മ) വളരെ വിജയകരമായി നടന്നുവരുകയാണ്. ഇതിലേയ്ക്ക് നല്ല പങ്കാളിത്തം ഉണ്ടാകുവാൻ കാരണക്കാരായ ബഹു. വികാരിയച്ചന്മാരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ആഗസ്റ്റുമാസത്തിൽ ക്രമീകരിച്ചിരിക്കുന്ന കെരിഗ്മയിൽ ബന്ധപ്പെട്ട ഫൊറോനകളിലെ എല്ലാ ലീഡേഴ്സും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജൂലൈ മാസത്തിൽ ചെങ്ങന്നൂർ, തൃക്കൊടിത്താനം, തുരുത്തി, പുളിങ്കുന്ന് ഫൊറോനകളിൽ കെരിഗ്മ നടന്നുകഴിഞ്ഞു. എല്ലാ ഫൊറോനകളിലും നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. വെരി റവ.ഫാ. ആന്റണി ഏത്തക്കാട്, വെരി റവ.ഫാ. ഫ്രാൻസിസ് കരുവേലിൽ, വെരി റവ.ഫാ. ജോസ് വരിക്കപ്പള്ളി, വെരി റവ.ഫാ. മാത്യു പുത്തനങ്ങാടി എന്നിവർ ബന്ധപ്പെട്ട ഫൊറോനകളിൽ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും റവ.ഡോ. സോണി തെക്കുംമുറി ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ഫൊറോനാ ഡയറക്ടർമാരായ റവ.ഫാ. സ്കറിയ കാമിച്ചേരി, റവ.ഫാ. സ്കറിയ പറപ്പള്ളി, റവ.ഫാ. ജോർജ് കപ്പാമൂട്ടിൽ, റവ.ഫാ. ജോസഫ് കരിങ്ങണാമറ്റം എന്നിവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു. കെ.എൽ.റ്റി. കോഴ്സ് 4-ാം ബാച്ച് നടന്നുവരുന്നു. വി. തോമ്മാശ്ലീഹാ വർഷാചരണത്തിന്റെ ഭാഗമായി കുടുംബക്കൂട്ടായ്മകൾ ചേർന്ന് ശ്ലീഹായുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് തീർത്ഥാടനങ്ങൾ നടത്തുവാൻ ഈ വർഷം പ്രത്യേകം ശ്രദ്ധിക്കണമേ. വിശ്വാസത്തിൽ നമുക്ക് ജന്മംനൽകിയ ശ്ലീഹായോടുള്ള ഭക്തിയും ആദരവും വർദ്ധിക്കുന്നതിനും ഈ വർഷാചരണം കാരണമാകട്ടേയെന്നു പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയോടെ,

ഫാ. ജോർജ് മാന്തുരുത്തിൽ
(ഡയറക്ടർ)

വാർത്തകൾ - പ്രവർത്തനങ്ങൾ

ബൈബിൾ കോഴ്സ്

ജൂൺ, ജൂലൈ മാസങ്ങളിൽ 'പഞ്ചഗ്രന്ഥത്തിനൊരാമുഖം' എന്ന വിഷയം ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ച റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കലച്ചനെ നന്ദിയോടെ ഓർക്കുന്നു.

ബൈബിൾ കയ്യെഴുത്ത്

എല്ലാവരും നന്നായി സഹകരിക്കുന്നതിന് നന്ദി. ഇതിനോടകം നൽകിയ വചനഭാഗങ്ങൾ എഴുതി പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന കാരണത്താൽ ഈ ഉദ്യമത്തിൽനിന്നും ആരും വിരമിക്കരുതെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. ഇത് ഒരു ജീവിതനിയോഗമായിക്കണ്ട് ഈ ഉദ്യമം പൂർത്തീകരിക്കേണ്ടതാണ്.

ഹോം മിഷൻ

ഇടവകകൾക്ക് പുത്തനുണർവു പകരുന്ന ഹോം മിഷൻ ഇതുവരെ നടത്താത്ത ഇടവകകളിൽ ഈ വർഷം സംഘടിപ്പിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

അറിയിപ്പുകൾ

ലോഗോസ് ക്വിസ് 2022

ജൂൺ 1-ാം തീയതി ഓൺലൈനായി ആരംഭിച്ച ലോഗോസ് ക്വിസ് 2022 രജിസ്ട്രേഷൻ ആഗസ്റ്റ് 10 ന് സമാപിക്കുന്നു. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന യൂസർ നെയ്മും പാസ്വേഡും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

രജിസ്ട്രേഷൻ

രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്. ആഗസ്റ്റ് 10 വരെ പരമാവധി ആളുകളെ രജിസ്ട്രേഷൻ നടത്തിയിട്ട് ആഗസ്റ്റ് 20 നു മുമ്പായി ഈ ഫീസ് കുടുംബക്കൂട്ടായ്മ ഓഫീസിൽ അടക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി;

CONTACT NO : 7306208356

പഠനഭാഗം

ജോഷ്വാ 1-12, പ്രഭാഷകൻ 23 - 26, മർക്കോസ് 9 - 16, 1 കോറി. 9 - 16

രൂപതാതല പരീക്ഷാതീയതി - സെപ്. 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

പ്രായവിഭാഗങ്ങൾ

A വിഭാഗം - 1-1-2011 നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം - 1-1-2006 നും 31-12-2010 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം - 1-1-1991 നും 31-12-2005 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം - 1-1-1971 നും 31-12-1990 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 1-1-1958 നും 31-12-1970 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31-12-1957 നും അതിനുമുൻപും ജനിച്ചവർ

പഠനസഹായി തയ്യാറായിരിക്കുന്നു

ലോഗോസ് 2022 പഠനസഹായി തയ്യാറായിട്ടുണ്ട്. കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. വില. 70 രൂപ

പഞ്ചവത്സര അജപാലനപദ്ധതി

വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും (പഞ്ചവത്സര പഠനവിഷയം) വില. 100 രൂപ.

ശേഷം പേജ് 40 ൽ.....»

പ്രിയരേ,

എല്ലാ കാര്യങ്ങൾക്കും നല്ല തുടക്കം അതിപ്രധാനമാണല്ലോ; ദാമ്പത്യജീവിതവും വ്യത്യസ്തമല്ല. മരണംവരെ നീളുന്ന ദാമ്പത്യബന്ധത്തിൽ, ആദ്യവർഷങ്ങളിലെ സ്നേഹബന്ധത്തിനും ആശയവിനിമയത്തിനും നിർണായക സ്ഥാനമാണുള്ളത്. ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ ഈ നാളുകളെ അതീവശ്രദ്ധയോടെ സമീപിക്കേണ്ടതുണ്ട്. വിവാഹജീവിതത്തിന്റെ ആദ്യനാളുകളിൽ അനുഭവിച്ച ആന്തരികസംഘർഷങ്ങളെയും അതിനു കാരണക്കാരായവരെയും അരനൂറ്റാണ്ടിനിപ്പുറവും വലിയവ്യഥയോടെ സ്മരിക്കുന്നവരുണ്ട്.

യുവദമ്പതികളുടെ ദാമ്പത്യജീവിതം സന്തോഷകരമാക്കുന്നതിൽ അവരുടെ മാതാപിതാക്കൾക്കും മുതിർന്ന ബന്ധുജനങ്ങൾക്കും സുപ്രധാനമായ പങ്കുണ്ട്. എന്നാൽ പലപ്പോഴും അവർക്കിടയിലെ ചെറിയ പിണക്കങ്ങൾ അപരിഹാര്യമായ പ്രതിസന്ധികളാക്കിമാറ്റുന്നതിൽ ബന്ധുജനങ്ങളുടേതുൾപ്പെടെയുള്ള ബാഹ്യ ഇടപെടൽ കാരണമായിത്തീരുന്നുവെന്നതാണ് ഇപ്പോൾ കണ്ടുവരുന്ന യാഥാർഥ്യം.

ഫാമിലി അപ്പോസ്തലേറ്റ്, മാതൃവേദി-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ **'യുവദമ്പതീസംഗമവും കിഡ്സ് ഫെസ്റ്റും'** വിവിധ മേഖലകളിൽ ക്രമീകരിക്കുമ്പോൾ ലക്ഷ്യംവക്കുന്നത്, യുവദമ്പതികൾ തങ്ങളുടെ സാഹചര്യങ്ങൾക്കിണങ്ങിയവിധം തിരിച്ചറിവുള്ളവരും പ്രതിസന്ധികളിൽ തളരാതെ പരസ്പരസ്നേഹത്തിലും വിശ്വാസത്തിലും മൂല്യദർശനങ്ങളിലും ആഴപ്പെട്ട് സുദൃഢമായ കുടുംബബന്ധങ്ങൾ രൂപപ്പെടുത്തണമെന്നുള്ളതാണ്. ഈ ലക്ഷ്യം ഫലപ്രാപ്തിയിലെത്താൻ നമുക്ക് ദൈവകൃപയിൽ ആശ്രയിച്ച് പ്രവർത്തിക്കാം.

സ്നേഹപൂർവം,

ഫാ. റ്റിജോ പുത്തൻപറമ്പിൽ **ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
ഫാ. ബിജോ ഇരുപ്പക്കാട്ട് (ഡയറക്ടർ)
(അസി. ഡയറക്ടർമാർ)

റിപ്പോർട്ട്

1. അംഗത്വമാസാചരണം (ജൂലൈ)

യുവദമ്പതികളെ മാതൃവേദി-പിതൃവേദി സംഘടനയിലേക്ക് സ്വീകരിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച അംഗത്വമാസാചരണം ജൂലൈ 21 ന് സമാപിച്ചു.

2. എന്റെ ഇടവക എന്റെ അഭിമാനം

അതിരൂപതയിലെ വിവിധ ഇടവകകളെ പരിചയപ്പെടുത്തുന്ന എന്റെ ഇടവക എന്റെ അഭിമാനം എന്ന വാട്സ്ആപ്പ് വീഡിയോ പ്രോഗ്രാം വിജയകരമായി മുന്നേറുന്നു.

3. ഗ്രാന്റ് പേരന്റ്സ് ഡേ (ജൂലൈ 24)

വി. യോവാക്കീം-വി. അന്ന ദമ്പതികളുടെ തിരുനാൾദിനമായ ജൂലൈ 24 ഗ്രാന്റ് പേരന്റ്സ് ഡേ ആയി ആചരിച്ചു. 'വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും' എന്നായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. 'വാർദ്ധക്യം ക്രിയാത്മകമാക്കാൻ' എന്ന വിഷയത്തിൽ സെമിനാർ, ഗ്രാന്റ് പേരന്റ്സിന്റെ ഒത്തുചേരൽ എന്നിവ സംഘടിപ്പിച്ചു.

4. യുവദമ്പതീ സംഗമവും കിഡ്സ് ഫെസ്റ്റും

യുവദമ്പതീ സംഗമവും കിഡ്സ് ഫെസ്റ്റും കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകളുടെ ആഭിമുഖ്യത്തിൽ ജൂലൈ 24-ാം തീയതി ഞായറാഴ്ച തെള്ളകം പുഷ്പഗിരി ദേവാലയത്തിൽ നടത്തപ്പെട്ടു. കുറുമ്പനാടം, മണിമല, നെടുങ്കുന്നം ഫൊറോനകളുടെ യുവദമ്പതീ സംഗമവും കിഡ്സ് ഫെസ്റ്റും നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ ദേവാലയത്തിൽ ജൂലൈ 31-ാം തീയതി നടത്തപ്പെട്ടു.

അറിയിപ്പുകൾ

1. അതിരൂപതാ കലോത്സവം

2022 ഓഗസ്റ്റ് സെപ്തംബർ മാസങ്ങളിൽ യൂണിറ്റുതല മത്സരങ്ങൾ പൂർത്തിയാക്കുകയും ഫൊറോനാതല മത്സരങ്ങൾ ഒക്ടോബർ 30 നകം പൂർത്തീകരിച്ച് വിജയികളുടെ ലിസ്റ്റ് ഒക്ടോബർ 31 ന് തന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

രചനാ മത്സരങ്ങൾ 2022 ഓഗസ്റ്റ് 28 ഞായറാഴ്ച 2.30 ന് അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. രചനാമത്സരങ്ങൾക്കുള്ള വിഷയങ്ങൾ മത്സരം ആരംഭിക്കുന്നതിന് 10 മിനിറ്റ് മുൻപ് അതിരൂപതാകേന്ദ്രത്തിൽനിന്നും നൽകുന്നതാണ്. അതിനാൽ കൃത്യസമയം പാലിക്കാൻ ശ്രദ്ധിക്കണം.

2. കുടുംബം ഭൂമിയിലെ സ്വർഗം

അതിരൂപതയിലെ മാതൃവേദി-പിതൃവേദി അംഗങ്ങൾക്കായി 'കുടുംബം ഒരു സ്വർഗം' എന്ന വിഷയത്തെ ആസ്പദമാക്കി ടെലിഫിലിം കോമ്പറ്റീഷൻ സംഘടിപ്പിക്കുന്നു. 2.30 മിനിറ്റ് ദൈർഘ്യമുള്ള രംഗങ്ങൾ മൊബൈൽ ഫോണിൽ ചിത്രീകരിക്കാവുന്നതാണ്. (വ്യവസ്ഥകൾ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വാട്സ്ആപ്പ് സന്ദേശത്തിലൂടെ പിന്നീട് അറിയിക്കുന്നതാണ്.)

3. ചരിത്ര വഴികളിലൂടെ

ഓരോ യൂണിറ്റും തങ്ങളുടെ ചരിത്രം തയ്യാറാക്കുന്നു. ആരംഭിച്ച വർഷം, മുൻകാല ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, ഭാരവാഹികൾ, ലഭിച്ച അംഗീകാരങ്ങൾ, യൂണിറ്റിൽനിന്നും ഫൊറോനയിലേക്കും, അതിരൂപതയിലേക്കും എത്തിയ മുൻകാല ഭാരവാഹികൾ, യൂണിറ്റുകൾ മുൻവർഷങ്ങളിൽ നടത്തിയ പ്രത്യേക പരിപാടികൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നു.

4. യുവദമ്പതീ സംഗമവും കിഡ്സ് ഫെസ്റ്റും

നമ്മുടെ അതിരൂപതയിലെ 18 ഫൊറോനകളെ 5 സോണുകളായി തിരിച്ച് നടത്തിവരുന്ന യുവദമ്പതീ സംഗമവും കിഡ്സ് ഫെസ്റ്റും ഈ മാസവും തുടരുന്നു.

വിവാഹിതരായിട്ട് 15 വർഷത്തിൽ താഴെയുള്ള ദമ്പതികൾക്കും 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള അവരുടെ കുട്ടികൾക്കുമായാണ് സംഗമം ക്രമീകരിച്ചിരിക്കുന്നത്.

ആഗസ്റ്റ് 7 : ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, ചെങ്ങന്നൂർ
ആഗസ്റ്റ് 14 : ആലപ്പുഴ, എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന്, മുഹമ്മ
ആഗസ്റ്റ് 20 : തിരുവനന്തപുരം, കൊല്ലം, അമ്പൂരി. ❍

വിവാഹ ഒരുക്ക ധ്യാനം

AUGUST		SEPTEMBER	
08, 09, 10	Chry	05, 06, 07	Chry
15, 16, 17	Zion	19, 20, 21	Chry
22, 23, 24	Chry	26, 27, 28	Zion

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
0481 2424476,
9447016240
വിളിക്കേണ്ട സമയം :
10 a.m. - 5 p.m.

» *ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ തുടർച്ച...*

പഞ്ചവത്സര പഠനവിഷയത്തെ ആസ്പദമാക്കി ഓരോ മാസവും പ്രബോധനങ്ങൾ ഓൺലൈനായി നൽകിവരുന്നു. എല്ലാവർക്കും ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കും.

കെരിഗ്മ

കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാ സംഗമമായ കെരിഗ്മ-2022 ജൂലൈ 10 ന് ചെങ്ങന്നൂർ ഫൊറോനയിലും 17 ന് തൃക്കൊടിത്താനം ഫൊറോനയിലും 28 ന് തുരുത്തി ഫൊറോനയിലും 31 ന് പുളിങ്കുന്ന് ഫൊറോനയിലും നടന്നു. ഫൊറോനാ ഡയറക്ടർമാരായ റവ. ഫാ. സ്കറിയ കാമിച്ചേരി, റവ. ഫാ. സ്കറിയ പറപ്പള്ളി, റവ. ഫാ. ജോർജ് കപ്പാമൂട്ടിൽ, റവ. ഫാ. ജോസഫ് കരിങ്ങണാമറ്റം എന്നിവർ സ്വാഗതം ആശംസിക്കുകയും വെരി റവ. ഫാ. ആന്റണി ഏത്തക്കാട്, വെരി റവ. ഫാ. ഫ്രാൻസിസ് കരുവേലിൽ, വെരി റവ. ഫാ. ജോസ് വരിക്കപ്പള്ളി, വെരി റവ. ഫാ. മാത്യു പുത്തനങ്ങാടി എന്നിവർ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ ജോർജ് മാന്തുരുത്തിലച്ചൻ അദ്ധ്യക്ഷതവഹിച്ചു. റവ. ഡോ. സോണി തെക്കുംമുറി ക്ലാസുകൾ നയിച്ചു. ഓരോ ഇടവകയിലെയും കൂട്ടായ്മാ ലീഡേഴ്സ് (പുരുഷന്മാരുടെ പ്രതിനിധി, സ്ത്രീകളുടെ പ്രതിനിധി, ആനിമേറ്റർ സിസ്റ്റേഴ്സ്) തങ്ങളുടെ ഫൊറോനയ്ക്കായി ക്രമീകരിച്ച കെരിഗ്മയിൽ പങ്കെടുത്തു. കോവിഡ് മഹാമാരിയാൽ നിശ്ചലമായ നമ്മുടെ കൂട്ടായ്കൾ സജീവമാകേണ്ടതിനാൽ തുടർന്നുവരുന്ന കെരിഗ്മകളിൽ എല്ലാ ലീഡേഴ്സും പങ്കെടുക്കുവാൻ ശ്രദ്ധിക്കണമേ. ഈ മീറ്റിംഗിലാണ് അടുത്ത 3 വർഷത്തേയ്ക്കുള്ള ഫൊറോനാസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

ആഗസ്റ്റ്	13 ശനി	2.00 pm	മണിമല ഫൊറോന
,,	18 വ്യാഴം	9.30 am	കൊല്ലം-ആയൂർ ഫൊറോന
,,		2.00 pm	തിരുവനന്തപുരം ഫൊറോന
,,	21 ഞായർ	2.00 pm	നെടുങ്കുന്നം ഫൊറോന ❍

YTP ഉദ്ഘാടനം

2022 ജൂൺ 26 ഞായർ രാവിലെ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ YTP 2022 ബാച്ചിന്റെ ഉദ്ഘാടനം അതിരൂപതാ ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ നിർവഹിച്ചു. ജോർജ് ജോസഫ്, ലാലിച്ചൻ മറ്റത്തിൽ എന്നിവർ സംസാരിച്ചു.

നിരണം തീർത്ഥാടനം

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി എസ്.എം.വൈ.എം. 16-ാം നിരണം തീർഥാടനം 2022 ജൂലൈ 3 ഞായർ രാവിലെ 08.30 ന് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽനിന്ന് നിരണം മാർ തോമാശ്ലീഹാ തീർത്ഥാടന കേന്ദ്രത്തിലേക്ക് നടത്തപ്പെട്ടു. ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ദീപംതെളിച്ച് അതിരൂപതാ പ്രസിഡന്റ് അഡ്വ. ജോർജ് ജോസഫിന് കൈമാറിക്കൊണ്ട് തീർത്ഥാടന പദയാത്ര ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി പ്രസിഡന്റ് ജെയ്നറ്റ് മാത്യു അഭിവന്ദ്യ പിതാവിൽനിന്നും പതാക ഏറ്റുവാങ്ങി. അതിരൂപതയിലെ 16 ഫൊറോനകളിൽനിന്നുള്ള ആയിരക്കണക്കിന് യുവജനങ്ങളുൾപ്പെടെയുള്ള വിശ്വാസി സമൂഹം തീർഥാടനത്തിൽ അണിചേർന്നു. ഉച്ചയ്ക്ക് രണ്ടിന് തീർഥാടന കേന്ദ്രത്തിൽനടന്ന പരി. കുർബാനയ്ക്ക് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് മുഖ്യകാർമികത്വം വഹിച്ചു.

യുവജനദിനം

അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ നടത്തപ്പെട്ട ചങ്ങനാശേരി അതിരൂപതാ യുവദീപ്തി എസ്.എം.വൈ.എമിന്റെ യുവജന ദിനാചരണം കോട്ടയം അതിരൂപതാ സഹായമെത്രാനും സീറോ മലബാർ സഭാ യുവജനകമ്മീഷൻ ചെയർമാനുമായ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് അഡ്വ. ജോർജ് ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ ആമുഖപ്രഭാഷണം നടത്തി. വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ, റവ. ഫാ. ജസ്റ്റിൻ തൈക്കളം, ജിജോ സെബാസ്റ്റ്യൻ, അനീന അഗസ്റ്റിൻ തുടങ്ങിയവർ സംസാരിച്ചു. ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് സർവകലാശാലാതലത്തിൽ റാങ്ക് ജേതാക്കളായ അതിരൂപതാംഗങ്ങളെയും റിയാലിറ്റി ഷോ ഫൈനലിസ്റ്റ് ജെറിൽ ഷാജിയെയും യോഗത്തിൽ ആദരിച്ചു. അതിരൂപതയിലെ യുവജനങ്ങളുടെ വിവിധങ്ങളായ കലാപരിപാടികൾ അവതരിപ്പിച്ചു. 547 യുവജനങ്ങൾ പ്രസ്തുത ദിനാചരണത്തിൽ പങ്കെടുത്തു.

നെടുംകുന്നം ഫൊറോനാ ക്യാമ്പ്

ത്രിദിന പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് (2022 ജൂലൈ 15, 16,17) കൂത്രപ്പള്ളിയിൽ നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽ നിന്നായി 95 യുവജനങ്ങൾ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ

ജോസഫ് പെരുന്തോട്ടം പിതാവ് യുവജനങ്ങളുമായി സംവദിച്ചു. വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടത്തപ്പെട്ടു.

തുരുത്തി ഫൊറോനാ ക്യാമ്പ്

ത്രിദിന പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് (2022 ജൂലൈ 22, 23, 24) തുരുത്തി കാനായിൽ നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽ നിന്നായി 80 യുവ ജനങ്ങൾ പങ്കെടുത്തു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവും വികാരി ജനറാൾ പെ. ബഹു. ജോസഫ് വാണിയപുരയ്ക്കൽ അച്ചനും യുവജനങ്ങളു മായി സംവദിച്ചു. വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടത്തപ്പെട്ടു.

ചങ്ങനാശേരി ഫൊറോനാ ക്യാമ്പ്

ത്രിദിന പ്രാർത്ഥന-പഠന-പരിശീലനക്യാമ്പ് (2022 ജൂലൈ 22, 23, 24) S.H. സ്കൂളിൽ നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽനിന്നായി 170 യുവജന ങ്ങൾ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും മാർ തോമസ് തറയിൽ പിതാവും വികാരി ജനറാൾ പെ. ബഹു. ജോസഫ് വാണി യപുരയ്ക്കൽ അച്ചനും യുവജനങ്ങളുമായി സംവദിച്ചു. വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടത്തപ്പെട്ടു.

UPCOMING EVENTS

ആഗസ്റ്റ് 4: വി. ജോൺ മരിയ വിയാനി ദിനാചരണം
ആഗസ്റ്റ് 12: പൊതുസംവാദം
ആഗസ്റ്റ് 15: ജപമാല റാലി

❍

മാർത്തോമ്മാ വിദ്യാനികേതൻ

Higher Institute for Religious Sciences for Laity

ബൈബിൾ ദൈവശാസ്ത്ര കോഴ്സ്

ഏകവർഷ ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സിലേയ്ക്കുള്ള പുതിയ ബാച്ച് 2022 ആഗസ്റ്റ് 21 ന് ചങ്ങനാശേരി മാർത്തോമ്മാ വിദ്യാനികേ തനിൽ ആരംഭിക്കുന്നു. ബൈബിൾ, ആരാധനക്രമം, സഭാചരിത്രം, സഭാ വിജ്ഞാനീയം, ക്രിസ്തീയ ധാർമ്മികത എന്നീ വിഷയങ്ങളിലായിരിക്കും ക്ലാസുകൾ നടക്കുന്നത്. ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 pm വരെയും രണ്ടാം ശനിയാഴ്ചകളിൽ 10.00 മുതൽ 1.00 മണി വരെയും മാർത്തോമ്മാ വിദ്യാനികേതനിൽ ക്ലാസുകൾ നടത്തപ്പെടുന്നു. ഓൺ ലൈൻ ക്ലാസുണ്ടായിരിക്കുകയില്ല. വിശദവിവരങ്ങൾക്ക് മാർത്തോമ്മാ വിദ്യാനികേതൻ ഓഫീസുമായി ആഗസ്റ്റ് 7 ന് മുമ്പ് ബന്ധപ്പെടുക. ഫോൺ: 0481 - 2421891, 6238819017, 8281876993.

ഫാ. തോമസ് കറുകക്കളം
(ഡയറക്ടർ)

കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്

ഈശോമിശിഹായിൽ സ്നേഹമുള്ള കെ.സി.എസ്.എൽ. കൂട്ടുകാരേ,

2022 – 23 കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾക്ക് ജൂലൈ 1 ന് ചങ്ങനാശേരി സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ മെത്രാൻ തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും ഈ വർഷത്തെ മാർഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു. അതേത്തുടർന്ന് കെ.സി.എസ്.എൽ. വിദ്യാർത്ഥിഭാരവാഹികളായ ചെയർമാൻ -സ്റ്റെഫിൻ സജി (St. Mary's HS Aryankavu), ജനറൽ സെക്രട്ടറി അപർണ തോമസ് (St. Joseph's GHS Changanacherry), ഹയർ സെക്കണ്ടറി വിഭാഗം സെക്രട്ടറിമാരായ ഗ്രീഷ്മ സോണി (St. Teresas HSS Vazhappally), അശ്വിൻ ആന്റോ കെ. എസ്. (St. Teresas HSS Vazhappally) എന്നിവരും ഹൈസ്കൂൾ സെക്രട്ടറിമാരായ നേഹാ മരിയ ജോസഫ് (St. Joseph's HSS Paippadu), ഏയ്ഞ്ചലിൻ മാർഗരറ്റ് മാത്യു (LF GHS Pulincunnoo), നോയൽ മാത്യു റോയി (St. Peter's HSS Kurumpanadom) എന്നിവരും UP വിഭാഗം സെക്രട്ടറിമാരായ അജോ തോമസ് (St. Mary's HSS Champakulam), മെറിൻ ബിജോയ് (SH EMS Fathimapuram), ജിയ മരിയ ചാക്കോ (LF GHS Pulincunnoo) എന്നിവരും തങ്ങളുടെ സ്ഥാനങ്ങൾപറഞ്ഞ് സത്യപ്രതിജ്ഞ എടുക്കുകയും ചെയ്തു.

ഈ മാസം നിരവധി സ്കൂളുകൾ സന്ദർശിക്കാനിടയായിയെന്ന സന്തോഷവാർത്ത ഏവരെയും അറിയിക്കുന്നു. സ്കൂൾതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും അതോടൊപ്പം അർപ്പിക്കുന്ന വി. കുർബാനയും കുട്ടികളിൽ നല്ല ഊർജ്ജം പകരുന്നുവെന്നത് സത്യാവസ്ഥയാണ്. കെ.സി.എസ്.എൽ. പ്രവർത്തന ഉദ്ഘാടനം സ്കൂൾതലങ്ങളിൽ നടത്തപ്പെടുന്നുണ്ട് എന്ന് കരുതട്ടെ. പ്രാർത്ഥനയോടും പഠനത്തോടുമൊപ്പം സാമൂഹിക പ്രതിബദ്ധതയുടെ ശൈലിയും കോർത്തിണക്കി കാര്യക്ഷമതയോടെ നമ്മുടെ സംഘടനാ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കണം.

ജൂലൈ മാസം സന്ദർശിച്ച സ്കൂളുകൾ – St. George HSS Manimala, St. Joseph's GHS Changanacherry, St. Teresa's LPS Vazhappally, St. Antony's GHS Alappuzha, St. Michael's HS Thathampally, St. Teresa's HSS Vazhappally, St. George UPS Eravuchira, St. Shantal's GHS Mammood, Georgian Public School Edathua, Lourdes Matha HSS Pacha, St. Mary's UPS Thuruthy, Cardinal Padiyara Public School Manimala, St. Thomas LPS Karikkattoor, SH UPS Karimpanakulam

Jesus Kids - Zonal Convention

Jesus Kids–ന്റെ ചങ്ങനാശേരി സോണൽ കൺവൻഷൻ വെരൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. സിനു വേളങ്ങാട്ടുശേരിയും ജിജോമോൻ സാറും ചേർന്ന് കൺവൻഷൻ നയിച്ചു. ഏകദേശം നൂറ്റിനാൽപ്പത്തോളം കുട്ടികൾ പങ്കെടുത്തു.

ഓഗസ്റ്റ് 4- ന് ചമ്പക്കുളം സോണൽ കൺവൻഷൻ നടത്തപ്പെടുന്നതാണ്.

സ്നേഹപൂർവം,

ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി
(ഡയറക്ടർ)

ആലപ്പുഴ – മുഹമ്മ ഫൊറോനാതല സംയുക്തസമ്മേളനവും സെമിനാറും

അതിരൂപതാ CARP ന്റെ ആലപ്പുഴ-മുഹമ്മ ഫൊറോനാതല സംയുക്ത സമ്മേളനവും കത്തോലിക്കാ കോൺഗ്രസ് സമിതിയുടെ മീറ്റിംഗും കാർമൽ ഹാളിൽ 2022 ജൂൺ 26 ഞായറാഴ്ച നടത്തപ്പെട്ടു. 'സാമ്പത്തിക സംവരണം – സാധ്യതകൾ' എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

'അഗ്നിപഥ്' വെബിനാർ

അതിരൂപതാ CARP സമിതിയുടെ നേതൃത്വത്തിൽ യുവദീപ്തി-SMYM, DFC, കുടുംബക്കൂട്ടായ്മ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ZOOM പ്ലാറ്റ് ഫോമിൽ 2022 ജൂലൈ 1 വെള്ളിയാഴ്ച' 'അഗ്നിപഥ്' റിക്രൂട്ടുമെന്റ് പ്രക്രിയയും ലഭിക്കുന്ന ആനുകൂല്യങ്ങളും' എന്ന വിഷയത്തെ അധികരിച്ച് കേണൽ (റിട്ട.) ജയ്സൺ കെ. ജോസ് വെബിനാർ നടത്തി.

'EWS സംവരണം' ഓൺലൈൻ സെമിനാർ

അതിരൂപതാ CARP സമിതിയുടെ നേതൃത്വത്തിൽ യുവദീപ്തി-SMYM, DFC, കുടുംബക്കൂട്ടായ്മ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ Google Meet പ്ലാറ്റ് ഫോമിൽ 2022 ജൂലൈ 17 ന് 'EWS സംവരണം' എന്ന വിഷയത്തെ സംബന്ധിച്ച് ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ ക്ലാസെടുത്തു.

കോട്ടയം ഫൊറോനാതല സമ്മേളനവും സെമിനാറും

അതിരൂപതാ CARP ന്റെ കോട്ടയം ഫൊറോനാതല സമ്മേളനവും സെമിനാറും വടവാതൂർ സെന്റ് തോമസ് പള്ളിഹാളിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, കോർഡിനേറ്റർ ബേബി വട്ടക്കര, ടോം ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

ഓഗസ്റ്റ് മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിരാമയ ഇൻഷുറൻസ് പദ്ധതി

ഭിന്നശേഷിക്കാർക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ചികിത്സാപദ്ധതിയാണ് നിരാമയ. വർഷം ഒരുലക്ഷം രൂപ ലഭിക്കും. സാമൂഹികനീതിവകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാം.

ന്യൂനപക്ഷ സ്കോളർഷിപ്പുകൾ

പ്രീ മെട്രിക് സ്കോളർഷിപ്പ്: 1 മുതൽ 10 വരെ ക്ലാസിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് – അവസാന തീയതി: 2022 സെപ്തംബർ 30.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്: +1 മുതൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് – അവസാന തീയതി: 2022 ഒക്ടോബർ 31.

ബീഗം ഹസ്രത്ത് മഹൽ സ്കോളർഷിപ്പ്: 9, 10, +1, +2 ക്ലാസിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് – അവസാന തീയതി: 2022 സെപ്തംബർ 30.

ശേഷം പേജ് 61 ൽ.....»

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

ചാസിൽ നിന്നും ആശംസകൾ !!!

2022 ജൂലൈ 1 മുതൽ ഒറ്റത്തവണമാത്രം ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ രാജ്യമെമ്പാടും നിരോധിച്ചിരിക്കുകയാണല്ലോ. കൂടാതെ 120 മൈക്രോൺ വരെ കട്ടിയുള്ള പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളും വരുന്ന ഡിസംബർ മുതൽ നിരോധിക്കുമെന്ന അറിയിപ്പുകളും വന്നുകഴിഞ്ഞു. ഇത്തരം നിരോധനങ്ങളുടെ പ്രായോഗികതയെക്കുറിച്ചും തുടർനടപടികളെക്കുറിച്ചും ഇവിടെ പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നില്ല. കാരണം, ഇത്തരം ഉൽപ്പന്നങ്ങളുടെ ലഭ്യതയും ഒപ്പം അവയുടെ ഉൽപ്പാദനവും നിരോധിക്കാത്തിടത്തോളം കാലം അത് നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന സാഹചര്യം താല്ക്കാലിക ഇട വേളയ്ക്കുശേഷം ഉണ്ടാകുമെന്നുള്ളത് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. എന്തിനും ഏതിനും പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉപയോഗിച്ചു ശീലിച്ച ആധുനിക സമൂഹത്തിന് ഇത്തരം നിരോധനങ്ങൾ പെട്ടെന്ന് ഉൾക്കൊള്ളാനാകില്ല. ഇവിടെയാണ് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാധാന്യമേറുന്നത്. ചാസ് പോലെയുള്ള സന്നദ്ധസംഘടനകൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാസ്റ്റിക്കിനെ ഒഴിവാക്കി പ്രകൃതിദത്ത ബദൽ സംവിധാനങ്ങൾക്ക് പ്രചാരംകൊടുക്കുന്ന വിവരം അറിവുള്ളതാണല്ലോ. എന്നാൽ പലപ്പോഴും ഇത്തരം പ്രവർത്തനങ്ങളുടെ ഉദ്ദേശശുദ്ധി തിരിച്ചറിഞ്ഞ് അതിനോട് സഹകരിക്കുവാൻ നമ്മുടെ സമൂഹം തയ്യാറാകുന്നില്ല. അവർ പരസ്യങ്ങളുടെയും സോഷ്യൽ മീഡിയാകളുടെയും മാസ്മരിക വലയത്തിലാണ് ജീവിക്കുന്നത്. പ്ലാസ്റ്റിക്കിന് ബദലായി ചാസ് നിർമ്മിക്കുന്ന കഴുകി ഉപയോഗിക്കാവുന്ന 'ലിവ് ഫ്രീ' കോട്ടൺ സാനിട്ടറി പാഡ്, തുണിസഞ്ചി, പേപ്പർ ക്യാരിബാഗ് തുടങ്ങിയവ പ്രചരിപ്പിക്കുവാനും ഉപയോഗിക്കുവാനും നമുക്ക് പരിശ്രമിക്കാം. അങ്ങനെ പ്ലാസ്റ്റിക്കിനെ പടിക്ക് പുറത്താക്കി ഒരു പരിസ്ഥിതി സൗഹാർദ്ദ സമൂഹസൃഷ്ടിക്കായി നമുക്ക് കൈകോർക്കാം.

ഈശോയിൽ സ്നേഹപൂർവം,

ഫാ. ജോർജ്ജ് പനക്കേഴം — **ഫാ. തോമസ് കുളത്തുങ്കൽ** (ഡയറക്ടർ)
ഫാ. ജോർജ്ജ് തൈച്ചേരിൽ (അസി. ഡയറക്ടേഴ്സ്)

കേന്ദ്ര വാർത്തകൾ

റൂറൽ ഹാറ്റ് നിർമ്മാണം ആരംഭിച്ചു

നബാർഡിന്റെ സഹായ സഹകരണത്തോടെ ചാസ് ആരംഭിക്കുന്ന റൂറൽ അഗ്രിക്കൾച്ചർ ഹാറ്റിന്റെ ശിലാസ്ഥാപനം 2022 ജൂൺ 29 വ്യാഴാഴ്ച വാഴപ്പള്ളി ബൈപ്പാസ് റോഡിന് സമീപം സ്ഥിതിചെയ്യുന്ന ചാസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടന്നു. ശിലയുടെ ആശീർവാദകർമം ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. ശിലാസ്ഥാപനവും മുഖ്യപ്രഭാഷണവും നബാർഡ് കേരള ചീഫ് ജനറൽ മാനേജർ ഡോ.

ഗോപകുമാരൻ നായർ നിർവഹിച്ചു. റൂറൽ ഹാറ്റിന്റെ മികവാർന്ന പ്രവർത്തന പുരോഗതിക്ക് നബാർഡിന്റെ എല്ലാ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു. കാർഷികമേഖലയിൽ വരുമാനവും തൊഴിൽസാധ്യതകളും വർദ്ധിപ്പിക്കുവാൻ ലക്ഷ്യം വയ്ക്കുന്ന റൂറൽ ഹാറ്റിൽ ഒരുവർഷത്തിനകം ഇരുപതോളം ഉൽപ്പാദന -വിപണന സ്റ്റാളുകൾ പ്രവർത്തനം ആരംഭിക്കും. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, നബാർഡ് എ.ജി.എം. റെജി വർഗീസ്, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ, ഡോ. ജോസഫ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

FIG (ഫാർമേഴ്സ് ഇന്ററസ്റ്റ് ഗ്രൂപ്പ്)

നാടിന്റെ നട്ടെല്ലായ കർഷകരുടെയും കാർഷികമേഖലയുടെയും ക്ഷേമം മുൻനിർത്തി ചാസ് കോട്ടയം ജില്ലയിൽ രൂപം കൊടുത്തിരിക്കുന്ന കാർഷിക ഉൽപ്പാദന സംഘങ്ങളുടെ പ്രവർത്തനം സജീവമാക്കുന്നതിന്റെ ഭാഗമായി ഫാർമേഴ്സ് ഇന്ററസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിച്ചുവരുന്നു. 20 കർഷകർ വീതമുള്ള FIG കളാണ് ചാസിന്റെ പ്രവർത്തനമേഖലയിൽ രൂപീകരിക്കുന്നത്. താഴെപ്പറയുന്ന യൂണിറ്റുകളിൽ കർഷകരുടെ മീറ്റിംഗ് സംഘടിപ്പിച്ച് FIG രൂപീകരണത്തിന് നേതൃത്വം നൽകി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും മേഖലാ കോർഡിനേറ്റർമാരും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

തീയതി	*യൂണിറ്റ്*
ജൂലൈ 19	മണിമല ഓൾഡ്, വള്ളംചിറ, കുളത്തൂർ, കരിമ്പനക്കുളം
ജൂലൈ 24	ഇത്തിത്താനം
ജൂലൈ 25	മണിമല ന്യൂ, കറിക്കാട്ടൂർ, നെടുമണ്ണി, മൈലാടി

കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ പരിശീലനം

സാങ്കേതികവിദ്യയ്ക്ക് പ്രസക്തിയേറിവരുന്ന ആധുനിക കാലഘട്ടത്തിൽ ചാസിന്റെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു സോഫ്റ്റ്‌വെയർ സംവിധാനം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. ഇതോടനുബന്ധിച്ച് ചാസിന്റെ മേഖല/യൂണിറ്റ് ഭാരവാഹികൾക്ക് ശ്രീ. സുരേഷ് മാത്യു (മാനേജിംഗ് ഡയറക്ടർ, Win-Win Foundation, Ernakulam) വിന്റെ നേതൃത്വത്തിലുള്ള ടീം പരിശീലനം നൽകിവരുന്നു. താഴെപ്പറയുന്ന മേഖലകളിൽ പരിശീലനം സംഘടിപ്പിച്ചു.

തീയതി		*മേഖല*	*സംഘടിപ്പിച്ചത്*
ജൂൺ 29	02.00 pm	ചങ്ങനാശേരി, കുറുമ്പനാടം തൃക്കൊടിത്താനം	ചാസ് കേന്ദ്ര ഓഫീസ്
ജൂലൈ 2	02.00 pm	ആലപ്പുഴ, മുഹമ്മ	ചക്കരക്കടവ്
ജൂലൈ 6	10.00 am	ചമ്പക്കുളം	ചമ്പക്കുളം
ജൂലൈ 6	02.00 pm	പുളിങ്കുന്ന്	പുളിങ്കുന്ന്
ജൂലൈ 8	10.00 am	അതിരമ്പുഴ	അതിരമ്പുഴ
ജൂലൈ 8	02.00 pm	കുടമാളൂർ	ആർപ്പൂക്കര
ജൂലൈ 9	10.00 am	കോട്ടയം	കൂരോപ്പട
ജൂലൈ 9	02.00 pm	എടത്വാ	മരിയാപുരം

സാങ്കേതിക ശില്പശാല – പേപ്പർ ക്യാരി ബാഗ് നിർമ്മാണം

കോട്ടയം ജില്ല വ്യവസായ വാണിജ്യ വകുപ്പ് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെയും റേഡിയോ മീഡിയാ വില്ലേജിന്റെയും സഹകരണത്തോടെ

ചാസ് നവസംരംഭകർക്കായി പേപ്പർ ക്യാരി ബാഗ് നിർമ്മാണത്തിൽ ജൂലൈ 21, 22 തീയതികളിൽ ദ്വിദിന സാങ്കേതിക ശില്പശാല സംഘടിപ്പിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മി ഉദ്ഘാടനം നിർവഹിച്ചു. നഗരസഭാ വാർഡ് കൗൺസിലർ ശ്രീ. എൻ. ജയരാജൻ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. പരിശീലകരായ ശ്രീ. കെ.ജെ. തോമസ്, ശ്രീമതി ഷീബ അനിൽ, ശ്രീ. ജോൺ മാത്യു, ശ്രീ. സുനു മാത്യു എന്നിവർ വിഷയാവതരണം നടത്തി.

കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം

ചാസിന്റെ പ്രാദേശികയൂണിറ്റുകളിൽ സേവനംചെയ്യുന്ന കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിനെ മേഖലാതലത്തിൽ ഒരുമിച്ചുചേർത്ത് കോവിഡാനന്തര കാലഘട്ടത്തിൽ ചാസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനെക്കുറിച്ച് വിലയിരുത്തലുകളും ചർച്ചകളും സംഘടിപ്പിച്ചു. കൂടാതെ, ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനസാധ്യതകൾ പ്രാദേശികതലത്തിൽ എപ്രകാരം നടപ്പിലാക്കാമെന്നും അതിനായി കമ്മ്യൂണിറ്റി ഓർഗനൈസേഴ്സ് എങ്ങനെ വർത്തിക്കണമെന്നും ചർച്ച ചെയ്തു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ഖാദി മാനേജർ ശ്രീ. ജോൺ സക്കറിയാസ്, മേഖലാ കോർഡിനേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

തീയതി	*മേഖലകൾ*
22.07.2022 am	അതിരമ്പുഴ
22.07.2022 pm	കുടമാളൂർ, കോട്ടയം, മണിമല, നെടുംകുന്നം
23.07.2022 am	ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം
23.07.2022 pm	എടത്വാ, ചമ്പക്കുളം

SAFP

1. ക്ലസ്റ്റർ മീറ്റിംഗ് & മോണിട്ടറിംഗ്

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് പുതിയ സംരംഭകത്വപദ്ധതി തുടങ്ങുന്നതിന് ആവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിനും ഓരോ കുടുംബവും നിലവിൽ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വിലയിരുത്തുന്നതിനും ക്ലസ്റ്റർ മീറ്റിംഗ്, ഭവനസന്ദർശനം എന്നിവ നടത്തി. SAFP പ്രോജക്ട് കോർഡിനേറ്റർ സിസ്റ്റർ സെൽമ SRA, കുമാരി നിവ്യ ജോസഫ്, മേഖലാ കോർഡിനേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

തീയതി	*ക്ലസ്റ്റർ*
ജൂലൈ 6	ചങ്ങനാശേരി, പുളിങ്കുന്ന്
ജൂലൈ 7	കരുവാറ്റ
ജൂലൈ 8	ആർപ്പൂക്കര
ജൂലൈ 12	തെള്ളകം, അതിരമ്പുഴ
ജൂലൈ 18	കൊടിനാട്ടുംകുന്ന്
ജൂലൈ 19	വള്ളംചിറ

2. പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ 2022–2028 കാലയളവിലേയ്ക്ക് ചാസിന്റെ വിവിധ മേഖലകളിൽനിന്നും ജൂലൈമാസം 18 കുടുംബങ്ങളെ തെരഞ്ഞെടുത്തു. 100 കുടുംബങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തീയതി	*യൂണിറ്റ്*	*കുടുംബങ്ങളുടെ എണ്ണം*
ജൂലൈ 8	ആർപ്പൂക്കര	4
ജൂലൈ 9	നെടുംകുന്നം	4
ജൂലൈ 9	നെടുങ്ങാടപ്പള്ളി	1
ജൂലൈ 16	കുറുമ്പനാടം	4
ജൂലൈ 19	നെടുംകുന്നം	4
ജൂലൈ 19	ളായിക്കാട്	1

3. ശൗചാലയ നിർമ്മാണപദ്ധതി

SAFP ശൗചാലയ നിർമ്മാണപദ്ധതിയിൽ ശൗചാലയനിർമ്മാണം പൂർത്തീകരിച്ച 53 കുടുംബങ്ങൾക്ക് രണ്ടാംഗഡുവായി 5000/- രൂപ വീതം അനുവദിച്ചു. 200 കുടുംബങ്ങളെയാണ് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തത്.

ജൽ ജീവൻ പദ്ധതി

1. അങ്കണവാടിതലത്തിൽ ബോധവത്ക്കരണം

ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും പങ്കെടുത്തു. കോർഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

ചമ്പക്കുളം പഞ്ചായത്ത്

തീയതി	*വാർഡ്*	*അങ്കണവാടി*
7.07.22	X	നമ്പർ 39, ചമ്പക്കുളം
17.07.22	VII	നമ്പർ 35, 36, പുല്ലങ്ങടി
19.07.22	VIII	നമ്പർ 38, പള്ളത്തുശ്ശേരി
21.07.22	XII	നമ്പർ 119, 41, അമിച്ചകരി, പെരുമാത്ര

നെടുമുടി പഞ്ചായത്ത്

തീയതി	*വാർഡ്*	*അങ്കണവാടി*
30.06.22	XII	നമ്പർ 30, 31, കൊണ്ടാക്കൽ
07.07.22	IX	നമ്പർ 28, മണത്തറ

2. ബ്ലോക്കുതല സെമിനാർ

ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികളെയും ചമ്പക്കുളം ഗ്രാമപഞ്ചായത്ത് ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ട് നെടുമുടി ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ ജൂലൈ 7 ന് രാവിലെ 11 മണിക്ക് ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ബ്ലോക്കുതല സെമിനാർ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റ്റി.ജി. ജലജകുമാരി അദ്ധ്യക്ഷതവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിൻസി ജോളി സെമിനാർ ഉദ്ഘാടനം ചെയ്തു.

നെടുമുടി ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ ജൂലൈ 7 ഉച്ചകഴിഞ്ഞ് 2 മണിക്ക് ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ ബ്ലോക്കുതല സെമിനാർ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മന്മഥൻ നായർ അദ്ധ്യക്ഷതവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിൻസി ജോളി സെമിനാർ ഉദ്ഘാടനം ചെയ്തു.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള

സാഹചര്യങ്ങളും മുന്നോട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങളും രണ്ട് ഗ്രാമപഞ്ചായത്തുകളിലും ജലവിഭവവകുപ്പ് കിഫ്ബി പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷിഹാബ് വിശദീകരിച്ചു.

3. സ്വാശ്രയസംഘതലത്തിൽ ബോധവത്ക്കരണം

ചമ്പക്കുളം: ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചമ്പക്കുളം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ഭാര വാഹികൾക്ക് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ജൽ ജീവൻ മിഷൻ കോർഡിനേറ്റർ ശ്രീ. ബിനു ജോസഫ് ക്ലാസ് നയിച്ചു.

തീയതി	*വാർഡ്*	*സ്ഥലം*
19.7.2022	8	ചമ്പക്കുളം
21.7.2022	12	അമിച്ചകരി
21.7.2022	13	മങ്കൊമ്പ്

നെടുമുടി: ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നെടുമുടി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ഭാരവാഹികൾക്ക് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ജൽ ജീവൻ മിഷൻ കോർഡിനേറ്റർ ശ്രീ. ബൈജു സി. സേവ്യർ ക്ലാസ് നയിച്ചു.

തീയതി	*വാർഡ്*	*സ്ഥലം*
04.7.22	11 to 15	നർബോനപുരം പാരീഷ് ഹാൾ
05.7.22	6 to 10	ചമ്പക്കുളം പാരീഷ് ഹാൾ
08.7.22	1 to 5	കൊണ്ടാക്കൽ പാരീഷ് ഹാൾ

4. ജൽ ജീവൻ മിഷൻ പദ്ധതി-മാടപ്പള്ളി ഗ്രാമപഞ്ചായത്ത്

മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാടപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഒരു വിശേഷാൽ യോഗം ജൂലൈ 12-ാം തീയതി സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മണിയമ്മ രാജപ്പന്റെ അദ്ധ്യക്ഷതയിൽ ചാസ് പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, കോർഡിനേറ്റർ ശ്രീ. അരുൺ തോമസ് എന്നിവർ പദ്ധതി വിശദീകരണം നൽകി. തുടർന്ന് വാർഡുതലയോഗങ്ങൾ സംഘടിപ്പിക്കുവാൻ ഭരണസമിതി തീരുമാനിച്ചു.

ചാസ് സാമൂഹ്യ സുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹിക സുരക്ഷാസഹായ പദ്ധതികൾ വഴി 2022 ജൂലൈ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

1. SHG മരണാനന്തര സഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം)

	പേര്	*സംഘം*	*യൂണിറ്റ്*	*മേഖല*
584.	ഔസേപ്പ് റ്റി.ജെ.	ചെറുപുഷ്പം	ആര്യാട്	ആലപ്പുഴ
585.	ഷേർളി ജോസഫ്	മേരിമാതാ	നെടുമണ്ണി	നെടുംകുന്നം

2. മ്യൂച്വൽ ബെനഫിറ്റ് സ്കീം

• മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം സഹായം അനുവദിച്ചു)

പേര്	*യൂണിറ്റ്*	*മേഖല*
736. ജോസഫ് കരയാലമേത്ത്	ആര്യങ്കാവ്	കൊല്ലം
737. റോസമ്മ മത്തായി കുന്തക്കാട്ട്	ആര്യങ്കാവ്	കൊല്ലം
738. കുഞ്ഞമ്മ ദേവസ്യാ ചുഴിക്കുന്നേൽ	ആര്യങ്കാവ്	കൊല്ലം

739.	നീലകണ്ഠൻ എ.എൻ. ആലപ്പാട്ട്	പാറേൽ	ചങ്ങനാശേരി
740.	മറിയാമ്മ വർഗീസ് പള്ളിപ്പറമ്പിൽ	അയർക്കുന്നം	കോട്ടയം
741.	പൊന്നമ്മ തൊമ്മി കരിമ്പുപറമ്പിൽ	മുട്ടാർ	എടത്വാ
742.	മറിയക്കുട്ടി തോമസ് ഉമ്പുക്കാട്ട്	വെട്ടിമുകൾ	അതിരമ്പുഴ
743.	അന്നമ്മ ജോസഫ് പൂവത്തുംമൂട്ടിൽ	കൂത്രപ്പള്ളി	നെടുംകുന്നം
744.	ബേബിച്ചൻ കൊണ്ടാക്കൽ	ചമ്പക്കുളം	ചമ്പക്കുളം
745.	ഷേർളി ജോസഫ് മനയത്ത്	നെടുമണ്ണി	നെടുംകുന്നം
746.	വർഗീസ് വി.ജെ. വേങ്ങലപ്പള്ളി	നെടുമണ്ണി	നെടുംകുന്നം

മേഖലാ വാർത്തകൾ

ആശാകിരണം

സൗജന്യ കാൻസർ രോഗനിർണ്ണയ മെഡിക്കൽ ക്യാമ്പ്

വടക്കേ അമിച്ചകരി യൂണിറ്റിൽ തിരുവല്ല പുഷ്പഗിരി ആശുപത്രിയുടെ സഹകരണത്തോടെ കാൻസർ രോഗനിർണ്ണയ പരിശോധനാ ക്യാമ്പ് ജൂൺ 25 ന് സംഘടിപ്പിച്ചു. പുഷ്പഗിരി മെഡിക്കൽ കോളേജിലെ ഡോ. വിപിന്റെ നേതൃത്വത്തിലുള്ള ടീം തൈറോയ്ഡ് എക്സാമിനേഷൻ, ബ്രസ്റ്റ് സ്കാനിംഗ്, ബ്രസ്റ്റ് വെൽസ്കോപ്പ് എക്സാമിനേഷൻ എന്നീ പരിശോധനകൾ നടത്തി. രോഗ സംശയമുള്ളവരെ Mammogram, Papsmear, Thyroid Ultrasound, Oral punch biopsy എന്നീ വിദഗ്ധ പരിശോധനകൾക്കായി പുഷ്പഗിരി മെഡിക്കൽ കോളേജിലേയ്ക്ക് റെഫർ ചെയ്തു.

കൊണ്ടാക്കൽ: ആശാകിരണം പദ്ധതിയുടെ ഭാഗമായി ചാസിന്റെയും മാതൃ പിതൃവേദിയുടെയും ആഭിമുഖ്യത്തിൽ ജൂലൈ 8 ന് തിരുവല്ല പുഷ്പഗിരി ആശുപത്രിയുടെ സഹകരണത്തോടെ കാൻസർ രോഗനിർണയ പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം നെടുമുടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വർഗീസ് ജോസഫ് നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് വടക്കേറ്റം അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ലിജോ കടുക്കാത്തറ, മാതൃജ്യോതിസ് പ്രസിഡന്റ് ശ്രീമതി ലിൻസി ഓണാട് എന്നിവർ പ്രസംഗിച്ചു. ഡോ. വിപിന്റെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾ കാൻസർ രോഗനിർണ്ണയ ക്യാമ്പിന് നേതൃത്വം നൽകി.

സ്വാശ്രയ സംഘരൂപീകരണം

ചാസിന്റെ വിവിധ മേഖലകളിൽ ജൂലൈ മാസം 14 പുതിയ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചു.

തീയതി	*യൂണിറ്റ്*	*സംഘം*	*അംഗങ്ങൾ*
01.7.2022	ചങ്ങനാശ്ശേരി	മെട്രോ ചാസ്	20
06.7.2022	മിത്രക്കരി	ഒരുമ	16
06.7.2022	കുറുമ്പനാടം	ഉഷസ്	19
13.7.2022	പള്ളാത്തുരുത്തി	പമ്പ	18
13.7.2022	പുന്നമട	കൊച്ചുത്രേസ്യാ	13
,,	,,	സെന്റ് ജോസഫ്	10
,,	,,	സെന്റ് തെരേസാസ്	13
,,	,,	സെന്റ് തോമസ്	10
,,	,,	കന്യാമറിയം	10
,,	,,	സെന്റ് സേവ്യേഴ്സ്	14
,,	,,	റോസാമിസ്റ്റിക്കാ	11

,,	,,	യൂദാ തദേവൂസ്	13
,,	,,	കാർമൽ VS	19
19.7.2022	അതിരമ്പുഴ	അമല അകാഫാം	15

ഫലവൃക്ഷത്തൈ വിതരണം

പരിസ്ഥിതി സംരക്ഷണവും ഭൂസുരക്ഷയും ഭക്ഷ്യസുരക്ഷയും ലക്ഷ്യമാക്കി ജൂലൈ 2 ന് ചേന്നംകരി, പുല്ലങ്ങടി, കൊണ്ടാക്കൽ എന്നീ യൂണിറ്റുകളിൽ ഫലവൃക്ഷതൈകൾ വിതരണം നടത്തി.

സ്വാശ്രയസംഘ സംഗമം

ചമ്പക്കുളം മേഖലയിലെ 4 യൂണിറ്റുകളിൽ സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു.

തീയതി	*യൂണിറ്റ്*	*ക്ലാസ്*
ജൂൺ 27	പടഹാരം	സ്ത്രീകൾ കുടുംബത്തിൽ
ജൂലൈ 2	ചമ്പക്കുളം	ഉറവിട മാലിന്യസംസ്ക്കരണം
ജൂലൈ 4	നർബോനപുരം	ജലജന്യരോഗങ്ങളും പ്രതിവിധികളും
ജൂലൈ 4	കൊണ്ടാക്കൽ	ജലജന്യരോഗങ്ങളും പ്രതിവിധികളും

മുഖാഭിമുഖം

യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാക്കുക, ചാസിന്റെ എല്ലാ പ്രവർത്തനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ നേതൃത്വത്തിൽ ജൂലൈ 17 ന് പൊങ്ങ യൂണിറ്റിൽ മുഖാഭിമുഖം പരിപാടി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് വെള്ളാനിക്കൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

കമ്മ്യൂണിറ്റി ഓർഗനൈസേഴ്സ് മീറ്റിംഗ്

ചമ്പക്കുളം യൂണിറ്റിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ മീറ്റിംഗ് ജൂലൈ 19 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ വെരി റവ. ഫാ. ഗ്രിഗറി ഓണംകുളം അദ്ധ്യക്ഷതവഹിച്ചു. കോർഡിനേറ്റർ ശ്രീ. ബിനു ജോസഫ് കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകി. യൂണിറ്റ് സെക്രട്ടറി ശ്രീമതി മോൾബി, ജോയിന്റ് സെക്രട്ടറി ശ്രീ. ഷാജി എന്നിവർ പ്രവർത്തനങ്ങൾ വിലയിരുത്തി.

യൂണിറ്റ് വാർഷിക പൊതുയോഗം

ചാസ് മാമ്പുഴക്കരി യൂണിറ്റിന്റെ വാർഷിക പൊതുയോഗം ജൂലൈ 10 ഉച്ച കഴിഞ്ഞ് 2 മണിക്ക് മാമ്പുഴക്കരി ലൂർദ്ദ്മാതാ ദൈവാലയ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച് കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബി പുതുശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ചാസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരണം നൽകി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജിജി മൈക്കിൾ സ്വാഗതവും സെക്രട്ടറി സിജോ സെബാസ്റ്റ്യൻ നന്ദിയും അർപ്പിച്ചു.

ബേക്കറി നിർമ്മാണ പരിശീലനം

കറിക്കാട്ടൂർ യൂണിറ്റിൽ ചാസ്-ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ സഹകരണത്തോടെ ജൂലൈ 16 ന് ബേക്കറി നിർമ്മാണത്തിൽ 20 വനിതകൾക്ക് പരിശീലനം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് ആനിത്തോട്ടം CMI ആശംസയർപ്പിച്ചു. ഖാദി വിദ്യാലയം പരിശീലക ശ്രീമതി ജോളി നേതൃത്വം നൽകി.

കുടനിർമ്മാണ പരിശീലനം

കിഴക്കേമിത്രക്കരി യൂണിറ്റിൽ ജൂലൈ 21 ന് കുടനിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലിജോ കുഴിപ്പള്ളിൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. മേഖലാ കോർഡിനേറ്റർ ശ്രീമതി സജി ഷാജിയുടെ നേതൃത്വത്തിൽ 13 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തു.

SLCA Kerala

Three Days "Navchetna Module" TOT on Teaching Life Skills & Preventive Drug Education to School Children at NISD - New Delhi

ജൂൺ 2022 : കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയവും കേന്ദ്ര മനുഷ്യമാനവശേഷി വികസനമന്ത്രാലയവും സംയുക്തമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കൗമാരക്കാരുടെ ഇടയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നടത്തുന്ന 'നവ്ചേതന' എന്ന ത്രിദിന TOT പരിശീലന പരിപാടി ന്യൂ ഡൽഹി NISD ഓഫീസിൽ നടത്തപ്പെട്ടു. മെയ് 30 മുതൽ ജൂൺ 1 വരെ നടന്ന പരിശീലനപരിപാടിയിൽ കേരള കോർഡിനേറ്റിംഗ് ഏജൻസിയായ ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ചു ശ്രീ. റ്റി.എം. മാത്യു, ശ്രീ. കാർമൽ ജോബി മാത്യു എന്നിവർ പങ്കെടുത്തു. ഗ്യാരി റീഡ് (ഓസ്ട്രേലിയ), SPYM കോർഡിനേറ്റർ ശ്രീമതി ഡോ. കല്ല്യാണി വി. എന്നിവർ ക്ലാസ് നയിച്ചു. NISD ഡയറക്ടർ ഡോ. ഗിരിരാജ്, മനോജ് കട്ടോജ്, ഡോ. രാജേഷ് എന്നിവർ നേതൃത്വം വഹിച്ചു.

ജൂലൈ 2022: ജൂലൈ 7, 8, 9 തീയതികളിൽ നടന്ന പരിശീലന പരിപാടിയിൽ കേരള കോർഡിനേറ്റിംഗ് ഏജൻസിയായ ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ചു കോർഡിനേറ്റർ ഫാ. ജിജു വർഗീസ് പങ്കെടുത്തു. ഗ്യാരി റീഡ് (ഓസ്ട്രേലിയ), SPYM കോർഡിനേറ്റർ ശ്രീമതി കല്ല്യാണി വി. എന്നിവർ പരിശീലനം നൽകി. NISD ഡയറക്ടർ ഡോ. ഗിരിരാജ്, ശ്രീ. മനോജ് കട്ടോജ്, ഡോ. രാജേഷ് എന്നിവർ നേതൃത്വം വഹിച്ചു.

അന്താരാഷ്ട്ര ലഹരി വിരുദ്ധവാരാചരണം

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി SLCA ചാസിന്റെ ആഭിമുഖ്യത്തിൽ 2022 ജൂൺ 20 മുതൽ 26 വരെ ലഹരി വിരുദ്ധ വാരാചരണം സംഘടിപ്പിച്ചു. സ്കൂൾ, കോളേജ് തലത്തിൽ സംഘടിപ്പിച്ച ബോധവത്ക്കരണ ക്ലാസുകളിലും പോസ്റ്റർ പ്രദർശനത്തിലും ക്വിസ് മത്സരങ്ങളിലും ചങ്ങനാശേരി എസ്.ബി. കോളേജ്, ചെത്തിപ്പുഴ ക്രിസ്തു ജ്യോതി കോളേജ്, സെന്റ് ജോസഫ്സ് കോളേജ് കുരിശുംമൂട്, ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, എസ്.ബി. ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ സഹകാരികളായി. SLCA ചാസ് കോർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ SLCA സ്റ്റാഫ് അംഗങ്ങളായ ശ്രീ. മാത്യു ടി.എം., ശ്രീ. കാർമൽ ജോബി മാത്യു, അക്സപ്റ്റ് IRCA കോർഡിനേറ്റർ ശ്രീ. ലിജു തോമസ്, ശ്രീ. ലിറ്റിമോൻ എം.എസ്. എന്നിവർ ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

ലഹരി വിരുദ്ധ പ്രതിജ്ഞ

ചാസ് ഹാളിൽ നടത്തിയ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണ സെമിനാറിൽ ചാസ് കോർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ ക്ലാസ് നയിച്ചു. ശ്രീ. ടി.എം. മാത്യു ലഹരി വിരുദ്ധ സന്ദേശം നൽകി. ഫാ. ജോർജ് തൈച്ചേരിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ക്രിസ് കർഷകസമിതി അതിരൂപതാതല ഉദ്ഘാടനം

ചങ്ങനാശേരി ക്രിസ് കർഷകസമിതിയുടെ അതിരൂപതാതല ഉദ്ഘാടനം ജൂലൈ 3 ഞായറാഴ്ച 4 മണിക്ക് കൊടുപ്പുന്ന സെന്റ് ജോസഫ് പള്ളിയുടെ പാരിഷ് ഹാളിൽ നടന്നു. ക്രിസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി അദ്ധ്യക്ഷനായിരുന്നു. ക്രിസ് ഡയറക്ടറും ചമ്പക്കുളം ബസിലിക്ക റെക്ടറുമായ റവ. ഫാ. ഗ്രിഗറി ഓണംകുളം ഉദ്ഘാടനം നിർവഹിച്ചു. കുട്ടനാടിന്റെ പുരോഗതി കർഷക ഉന്നമനത്തിലൂടെ മാത്രമേ സാധ്യമാകൂവെന്ന് അച്ചൻ യോഗത്തിൽ ഊന്നിപ്പറഞ്ഞു.

യോഗത്തിൽ ശ്രീ. ജോണിച്ചൻ മണ്ണുപറമ്പിൽ കർഷകസംഘടനയുടെ ആവശ്യകതയും അനിവാര്യതയും അക്കമിട്ടു നിരത്തികൊണ്ട് കർഷക സംഘടനാ ബോധവത്ക്കരണം നടത്തി. യോഗത്തിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ഫാ. ജോർജ് പനക്കേഴം, ഫാ. ജോസഫ് കൊച്ചുചിറയിൽ, ജോർജ് വാച്ചാപറമ്പിൽ, ടോം ജോസഫ് അറയ്ക്കപറമ്പിൽ, സി.ടി. തോമസ് കാച്ചാംകോടം, ജേക്കബ് നീണ്ടിശ്ശേരി എന്നിവർ സംസാരിച്ചു. തുടർന്നുള്ള ദിവസങ്ങളിലായി കർഷകസമിതി മറ്റ് ഇടവകകളിൽ രൂപീകരിച്ചുവരുന്നു.

കർഷകസമിതി രൂപീകരിച്ച ഇടവകകൾ

ജൂലൈ 10 ഞായർ 4 മണി– തായങ്കരി സെന്റ് ആന്റണീസ്

ജൂലൈ 13 ബുധൻ 4 മണി– നസറത്ത് സെന്റ് ജെറോം

ജൂലൈ 15 വെള്ളി 4 മണി– ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക

ജൂലൈ 19 ചൊവ്വ 3 മണി– മുട്ടാർ ന്യൂ കുമരംചിറ സെന്റ് തോമസ്

ജൂലൈ 19 ചൊവ്വ 4 മണി– പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ്

ജൂലൈ 20 ബുധൻ– രാമങ്കരി, മിത്രക്കരി, മുട്ടാർ ഓൾഡ്

ജൂലൈ 22 വെള്ളി 4.30 മണി– വേഴപ്ര സെന്റ് പോൾസ്

കർഷകസമിതി രൂപീകരണത്തിനായി ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, ഫാ. ജോർജ് പനക്കേഴം, ഫാ. ജോസഫ് കൊച്ചുചിറയിൽ, ജോർജ് വാച്ചാപറമ്പിൽ, ടോം ജോസഫ് അറയ്ക്കപറമ്പിൽ, സി.ടി. തോമസ് കാച്ചാംകോടം തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ടീം പ്രവർത്തിച്ചുവരുന്നു. കുട്ടനാട്ടിലെ 73 ഇടവകകളിലും പ്രാദേശികസമിതി രൂപീകരണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ടോം ജോസഫ് അറക്കപ്പറമ്പിൽ
(പി.ആർ.ഒ.)
ജോണി തോമസ് ചേപ്പില
(പ്രോജക്ട് കോർഡിനേറ്റർ)

ഫാ. ഗ്രിഗറി ഓണംകുളം
ഫാ. ജോസഫ് കൊച്ചുചിറ
ഫാ. ജോർജ് പനക്കേഴം
ഫാ. തോമസ് കുളത്തുങ്കൽ
ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി
(ഡയറക്ടേഴ്സ്)

കളർ എ ഹോം ഭവനനിർമ്മാണപദ്ധതി

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2021 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2022 ജൂലൈ 23 -വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%) തുടർച്ച

	ഇടവക	ആകെ സമാഹരിച്ച തുക	അതിരൂപതയിൽ ലഭിച്ച തുക
203	കുട്ടമംഗലം	24700	9880
204	പെരുന്ന	29250	11700
205	മാമ്മൂട്	230830	50000

(തുടരും.....)

കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022- ജൂലൈ മുതൽ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

	ഇടവക	തുക
1.	തുരുത്തി - മർത്ത് മറിയം ഫൊറോനാ ചർച്ച്	50000
2.	ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച്	20000
3.	മണ്ണാർകുന്ന് - സെന്റ് ഗ്രിഗോറിയോസ് ചർച്ച്	15000

നിത്യതയിലേക്ക്

സിസ്റ്റർ അന്നമ്മ AO

സിസ്റ്റർ അനറ്റ് ഐക്കര SABS

സിസ്റ്റർ മേരി കോട്ടയരികിൽ SABS

സിസ്റ്റർ അന്നമ്മ മാത്യു വരിക്കാനിക്കൽ SOIL

സിസ്റ്റർ ലൂസി മരങ്ങാട്ട് SABS

സിസ്റ്റർ പുഷ്പ മരിയ വള്ളിപ്പാലം SH

സിസ്റ്റർ അലക്കോക്ക് മേരി നാരകത്തറ SABS

ഈശോയിൽ പ്രിയ അച്ചന്മാരേ, സിസ്റ്റേഴ്സ്, ഡി.എഫ്.സി. പ്രവർത്തകരേ,

സഭാ-സമുദായ നവീകരണത്തിന്റെ കാഹളധ്വനി മുഴക്കിക്കൊണ്ട് നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തിന്റെ അതിരൂപത-ഇടവകതല ഉദ്ഘാടനങ്ങൾ ദുക്റാന തിരുനാളിൽ നടന്നുകഴിഞ്ഞു. ആഗസ്റ്റ് 1 മുതൽ 15 വരെ 'ഗാർഹിക പന്തക്കുസ്തായ്ക്കായി' നമുക്കു നോമ്പുനിന്ന് പ്രാർത്ഥിച്ചൊരുങ്ങാം.

1. മാർ തോമാശ്ലീഹാ വർഷാചരണത്തോട് ചേർന്ന് ദീപിക പ്രചാരണം

കേരളസഭാ നവീകരണകാലം 2022-2025 - അജപാലന കർമപദ്ധതികളിൽ അഭിവന്ദ്യ പിതാവ് ഉൾപ്പെടുത്തിയിരിക്കുന്ന **'നമ്മുടെ സമുദായത്തിന്റെ ജിഹ്വയായ ദീപികയെ ശക്തിപ്പെടുത്തുക'**. എല്ലാ ഭവനങ്ങളിലും ദീപിക എത്തിക്കാനായി 'ദീപിക പ്രചാരണം' വൻവിജയമാക്കുവാൻ ഓരോ ഡി.എഫ്.സി. പ്രവർത്തകനും ഉത്സാഹിക്കണം.

2. ഡ്രീം ലൈൻ പ്രോജക്ട് നടപ്പിലാക്കുക

ബഹു. ഫൊറോന ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ ഓരോ ഫൊറോനയിലും ഒരു ഇടവകപള്ളി എന്ന കണക്കിന് ദീപിക പ്രചാരണാർത്ഥം ഡ്രീം ലൈൻ പ്രൊജക്ട് ആഗസ്റ്റുമാസം നടപ്പിലാക്കണം. പ്രസ്തുത പരിപാടിയിൽ ദീപികയുടെ സെൻട്രൽ ടീമും ഡി.എഫ്.സി. പ്രവർത്തകരും കൂട്ടായ്മാ ലീഡേഴ്സും അണിചേരുക.

3. ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് കുട്ടികൾക്കായി ദീപിക കളർ ഇന്ത്യാ പെയിന്റിംഗ് മത്സരം

ആഗസ്റ്റ് 11 ന് കുട്ടികൾക്കായി നടക്കുന്ന ദീപിക കളർ ഇന്ത്യാ പെയിന്റിംഗ് മത്സരത്തിൽ സ്കൂളുകളും കുട്ടികളും രജിസ്റ്റർ ചെയ്യാൻ ഡി.എഫ്.സി. പ്രവർത്തകരുടെയും കൂട്ടായപരിശ്രമം ആവശ്യമാണെന്നറിയിക്കുന്നു. പ്രസ്തുത പരിപാടിയിൽ മാക്സിമം സ്കൂളുകളിൽനിന്നുള്ള പങ്കാളിത്തം ഉറപ്പാക്കണം.

4. ദീപിക തീവ്രപ്രചാരണ മുന്നൊരുക്കങ്ങൾ ആരംഭിക്കാം

ഒക്ടോബർ - നവംബർ മാസങ്ങളിൽ നമ്മുടെ അതിരൂപതയിൽ നടക്കുന്ന ദീപിക തീവ്രപ്രചാരണത്തിന്റെ വിജയത്തിനുള്ള കർമ്മപദ്ധതികൾ ആരംഭിക്കാം.

a) എല്ലാ ഇടവകകളിലും ഡി.എഫ്.സി. പുരുഷ - വനിത ഭാരവാഹികളെ സജീവമാക്കുക.

b) ഡി.എഫ്.സി. ഭാരവാഹികൾ ഇല്ലാത്ത ഇടവകകളിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സംഘടനാഭാരവാഹികൾ എന്നിവരിൽനിന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുക.

c) ഓഗസ്റ്റ് മാസത്തിൽത്തന്നെ അവരുടെ മീറ്റിങ്ങുകൾകൂടി നിലവിലത്തെ അനുകൂല - പ്രതികൂല അവസ്ഥ പഠിച്ച് കർമ്മപദ്ധതി തയ്യാറാക്കുക.

d) പത്ര ഏജന്റുമാരുമായുള്ള ബന്ധം ഊഷ്മളമാക്കുക. അവരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി *ഏജന്റുമാരുടെ സംഗമം* നടത്തുക.

e) ദീപികയ്ക്ക് മാത്രമായി ഏജന്റുമാരെ കണ്ടെത്താൻ കഴിയുന്ന ഇടവകകളിൽ അപ്രകാരം ചെയ്യുന്നത് ഉത്തമമാണ്.

f) ഇടവകയിലെ എല്ലാ കുടുംബങ്ങളും ഇതിനോട് സഹകരിക്കാനായി പ്രാർത്ഥിച്ചു ഒരുങ്ങുക.

5. ഫൊറോന/ യൂണിറ്റ് സന്ദർശനങ്ങൾ

ഓരോ ഫൊറോനയിലെയും ഫൊറോനാസമിതിയുടെ യൂണിറ്റ് സന്ദർശനവും അതിരൂപതാസമിതിയുടെ ഫൊറോനാ സന്ദർശനവും ഒക്ടോബർ-നവംബർ മാസങ്ങളിലെ പ്രചാരണകാല മുന്നൊരുക്കമായി നടന്നുവരികയാണല്ലോ. അത് കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ ഡി.എഫ്.സി. ഭാരവാഹികൾ ഉത്സാഹിക്കുമല്ലോ.

6. വരിസംഖ്യ പുതുക്കൽ

ദീപിക ദിനപത്രം ഒന്നുപോലും നഷ്ടപ്പെടാതെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വരിസംഖ്യ പുതുക്കൽ (റിന്യൂവൽ) കൃത്യമായി നടത്തുവാൻ നമുക്ക് സാധിക്കണം.

ഉപസംഹാരം

ദീപിക നമ്മുടെ ഭാഷാപദ്ധതി മിക്കവാറും എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച സ്കൂൾ മാനേജർമാർ, ഹെഡ്മാസ്റ്റർമാർ, പത്രം സ്പോൺസർ ചെയ്ത മഹത്വ്യക്തികൾ, ഡി.എഫ്.സി. പ്രവർത്തകർ എന്നിവർക്കു പ്രത്യേകം നന്ദി. ഒക്ടോബർ - നവംബർ മാസങ്ങളിൽ നമ്മുടെ അതിരൂപതയിൽ നടക്കാൻ പോകുന്ന **'ദീപിക തീവ്ര പ്രചാരണത്തിന്റെ'** വിജയത്തിനായുള്ള മുന്നൊരുക്കങ്ങൾ ഓരോ ഇടവകയിലും പൂർത്തീകരിക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെ പ്രാർത്ഥനാമംഗളങ്ങളും ഭാരതസ്വാതന്ത്ര്യദിനത്തിന്റെ ആശംസകളും സ്നേഹപൂർവം നേരുന്നു.

ആന്റണി തോമസ് മലയിൽ
9446342561
(പ്രസിഡന്റുമാർ)

സണ്ണി പുളിങ്കാലായിൽ
9539125164
പരിമൾ ആന്റണി അറയ്ക്കത്തറ
9495393890
(ജന: സെക്രട്ടറിമാർ)

ഫാ. ജോർജ്ജ് മാന്തുരുത്തിൽ
(ഡയറക്ടർ)
9447432531

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് - 9400390539**
കോര സി. - 9495445827, വർക്കി ഇ.വി. - 9349599028

സെന്റ് തോമസ് ഹോസ്പിറ്റൽ

ആതുരസേവകർ മാനവസ്നേഹത്തിന്റെ മഹനീയമാതൃക: ബിഷപ് മാർ തോമസ് തറയിൽ

ആതുരസേവകർ മാനവസ്നേഹത്തിന്റെ മഹനീയമാതൃകയെന്ന് ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി സാന്തോം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ത്രിദിന കോൺഫറൻസ് STH Q-CONFAB 2022 ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു. സെന്റ് തോമസ് ഇൻസ്റ്റിറ്റൂട്ട് ഓഫ് ഹെൽത്ത് കെയർ ആന്റ് മെഡിക്കൽ എഡ്യുക്കേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ചു. അക്കാദമിക് കൺസൾട്ടന്റ് ഇമ്മാനുവൽ രത്നരാജ്, തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിലെ ഡോ. ലിബി ഇടിക്കുള, സെന്റ് തോമസ് നഴ്സിങ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഷൈല ഐപ്പ് വർഗീസ്, സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് പ്രിൻസിപ്പൽ ഡോ. സജി ടി.എം., പ്രവീണ പി., ഫ്രിനി പി. ഫ്രാൻസിസ്, ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റലിലെ ഡോ. റിജു മാത്യു, സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ ഇന്ത്യ (SEMI) പ്രസിഡന്റ് ഡോ. ഷിജു സ്റ്റാൻലി, ജിതിൻ ലാൽ, ജിജി ജേക്കബ് എന്നിവർ സെഷനുകൾ നയിച്ചു.

STIHAME ഹോം ഡേ

ചെത്തിപ്പുഴ സെന്റ് തോമസ് ഇൻസ്റ്റിറ്റൂട്ട് ഓഫ് ഹെൽത്ത് കെയർ ആന്റ് മെഡിക്കൽ എഡ്യുക്കേഷനിൽ പുതുതായി ആരംഭിച്ച 24x7 സ്ട്രോക്ക് കെയർ സെന്ററിന്റെയും ഹോം ഡേയുടെയും ഉദ്ഘാടനം സംസ്ഥാന സഹകരണവകുപ്പ് മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു.

ന്യൂറോളജിസ്റ്റിനെ നേരിട്ടുവിളിക്കാം; പക്ഷാഘാത ചികിത്സക്ക് ഫലപ്രദമായ ചികിത്സ നേടാം

ചെത്തിപ്പുഴ സെന്റ് തോമസ് ഇൻസ്റ്റിറ്റൂട്ട് ഓഫ് ഹെൽത്ത് കെയർ ആന്റ് മെഡിക്കൽ എഡ്യുക്കേഷന്റെ നേതൃത്വത്തിൽ എസ്.റ്റി.എച്ച്. സ്ട്രോക്ക് കെയർ സെന്റർ പ്രവർത്തനക്ഷമമായി. സ്ട്രോക്ക് കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾ 24 മണിക്കൂറും ലഭ്യമാണ്. സ്ട്രോക്കുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും ചികിത്സയ്ക്കും സ്പെഷ്യലിസ്റ്റ് ഡോക്ടറെ ഏതുസമയത്തും 7736676111 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. അത്യാധുനിക ചികിത്സ നൽകുവാനുള്ള മെഡിക്കൽ സംഘം സെന്ററിൽ സജ്ജമാണ്. രക്തധമനികളിലെ തടസം അല്പിയിച്ചുകളയുന്ന ഏറ്റവും നവീനമായ ത്രോമ്പോളൈസിസ് ചികിത്സ ഈ കേന്ദ്രത്തിൽ ലഭ്യമാണ്. പക്ഷാഘാത ലക്ഷണങ്ങളായ മുഖംകോടൽ, ശബ്ദം കുഴയൽ, കൈകാലുകൾക്ക് ബലക്കുറവ് എന്നീ ലക്ഷണങ്ങൾ ഉള്ളവരെ നാലര മണിക്കൂറിനുള്ളിൽ ആശുപത്രിയിൽ എത്തിച്ചെങ്കിലേ ഫലപ്രദമായ ചികിത്സ നൽകാൻകഴിയൂ. മധ്യതിരുവിതാംകൂറിൽ ഇത്തരം ചികിത്സനല്കുന്ന പ്രമുഖ സ്ഥാപനമാണിത്. പക്ഷാഘാത ലക്ഷണങ്ങളുള്ളവരെ വേഗത്തിൽ ആശുപത്രിയിലെത്തിക്കാനുള്ള ആംബുലൻസ് സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്.

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഇനി ചെത്തിപ്പുഴയിലും

ചെത്തിപ്പുഴ സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ ആന്റ് മെഡിക്കൽ എഡ്യുക്കേഷനിലെ ഡിപ്പാർട്ടുമെന്റ് ഓഫ് നെഫ്രോളജിയുടെ നേതൃത്വത്തിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും അനുബന്ധ ചികിത്സകളും നൽകുന്ന കിഡ്നി ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് ആരംഭിച്ചു. ഹോം ഡേയുടെ ഭാഗമായി സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ ഗവ. ചീഫ് വിപ്പ് എൻ. ജയരാജ് എം.എൽ.എ. സെന്റർ ഉദ്ഘാടനം ചെയ്തു. ഇരുപത്തിനാല് മണിക്കൂർ ഡയാലിസിസ് സെന്റർ സജ്ജമാണ്. ഡോ. ഹരീഷ് കെ.സി. MBBS, MD, DM, ഡോ. ശബരിനാഥ് സി. DCH, DNB (Paed), DM (Nephro), DNB (Nephro), ഡോ. മഹേഷ് കൃഷ്ണസ്വാമി MBBS, MS, MCh, ഡോ. മെബിൻ ബി. തോമസ് MBBS, MS, MCH വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നല്കുന്നു. ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഓപ്പറേഷൻ തീയറ്റർ സമുച്ചയവും ക്രമീകരിച്ചിട്ടുണ്ട്. വൃക്ക മാറ്റിവച്ചതിനുശേഷമുള്ള സമ്പൂർണ്ണചികിത്സാ സൗകര്യവും ചെത്തിപ്പുഴ ആശുപത്രിയിൽ സജ്ജമാണ്.

ചെത്തിപ്പുഴ ആശുപത്രിയിൽ കർക്കിടക ചികിത്സകൾക്ക് വൻതിരക്ക്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പ്രകൃതിചികിത്സാവിഭാഗത്തിന്റെ നേതൃത്വത്തിൽ ഈ വർഷവും തുടരുന്ന കർക്കിടക ചികിത്സയ്ക്ക് വൻതിരക്ക്. ഡോ. അഭിരാമി പ്രകാശ് മേൽനോട്ടം വഹിക്കുന്ന ചികിത്സയ്ക്ക് കുറഞ്ഞചിലവിൽ സ്പെഷ്യൽ പാക്കേജുകൾ ലഭ്യമാണ്. ഫുൾ ബോഡി മസാജ്, ഇലക്കിഴി, ലെഗ് മസാജ്, ബാക്ക് മസാജ്, സ്റ്റീം ബാത്ത്, മഡ് ബാത്ത്, കർക്കിടക കഞ്ഞി എന്നിവയും ഉണ്ട്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0481-2747766, 8547367754 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അറിയിച്ചു.

സവിശേഷ ന്യൂറോ സ്ട്രോക്ക് ക്യാമ്പ്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ന്യൂറോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ 2022 ജൂലൈ 18 മുതൽ 23 വരെ രാവിലെ 09 മുതൽ 1 വരെ സവിശേഷ ന്യൂറോ സ്ട്രോക്ക് ക്യാമ്പ് പ്രൈമറി സ്ട്രോക്ക് സെന്ററിൽ ജില്ലാ പഞ്ചായത്ത് അംഗം ശ്രീമതി സുധാ കുര്യൻ ഉദ്ഘാടനം ചെയ്തു. പ്രസ്തുത ക്യാമ്പിന് ഡോ. സ്വരൂപ് കെ. രാജ് MBBS, MD (AIIMS), DM, ഡോ. ഭാഗ്യ എസ്. MD,DNB, DM (Neurology), MRCP (UK), SCE RCP (UK), MNAMS നേതൃത്വം നല്കി. മസ്തിഷ്കത്തെയും മസ്തിഷ്ക ഞരമ്പുകളെയും ബാധിക്കുന്ന എല്ലാ രോഗങ്ങൾക്കും മാർഗനിർദ്ദേശങ്ങളും ചികിത്സയും ഈ ക്യാമ്പിലൂടെ ലഭ്യമാക്കിയിരുന്നു. കൺസൾട്ടേഷൻ പൂർണ്ണമായും സൗജന്യമായിരുന്നു. ലാബ് ടെസ്റ്റുകൾക്കും സ്കാനിങ്ങിനും 25% ഡിസ്കൗണ്ട് നൽകി.

ചുമതലേറ്റു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ഡോ. ഷിജു സ്റ്റാൻലി, ഡോ. ആദർശ് കെ., ഡോ. ലക്ഷ്മി എ. എന്നിവർ പുതുതായി ചുമതലയേറ്റു.

ഫാ. ജോഷി മുപ്പതിൽചിറ
ഫാ. ജേക്കബ് അത്തിക്കളം
ഫാ. തോമസ് പുതിയിടം
(അസോ. ഡയറക്ടേഴ്സ്)

ഫാ. ജയിംസ് പി. കുന്നത്ത്
(ഡയറക്ടർ)

സഹൃദയ ഹോസ്പിറ്റൽ

സഹൃദയയിലൂടെ പുതുജീവൻ നേടി യുവാവ്

തെങ്ങിൽനിന്ന് വീണ് നട്ടെല്ലൊടിഞ്ഞ 35 വയസ്സുള്ള കടവുങ്കൽ സ്വദേശിയായ യുവാവിന് സഹൃദയ ആശുപത്രിയിൽ നടത്തിയ ശാസ്ത്രക്രിയ പരിപൂർണ്ണ വിജയത്തിലേക്ക്.

വീഴ്ചയിൽ യുവാവിന്റെ 9 വാരിയെല്ലുകൾ ഒടിഞ്ഞ് നെഞ്ചിന്റെ ഇരുഭാഗങ്ങളിലായി കെട്ടിക്കിടന്നിരുന്ന ഒന്നര ലിറ്റർ രക്തം കട്ടയായത് ഡോ. അനിഷാ ഫാത്തിമയുടെ നേതൃത്വത്തിൽ ട്യൂബിട്ട് നീക്കം ചെയ്തു. ഡോ. ഡെയിൻ മേരി ഐസക് അനസ്തേഷ്യ നൽകി. യുവാവിന്റെ ഒടിഞ്ഞ് പുറത്തേക്ക് തള്ളിനിന്നിരുന്ന നട്ടെല്ലും പൊട്ടിപ്പോയ സ്പൈനും ഡോ. ജഫേഴ്സൺ ജോർജ് ശസ്ത്രക്രിയ ചെയ്തു നേരെയാക്കി. രോഗിയുടെ ന്യൂമോണിയ ഡോ. ഗോവിന്ദ് എസ്. ചികിത്സിച്ച് സുഖപ്പെടുത്തി. രണ്ടാഴ്ചയായി ബെഡിൽ അനങ്ങാൻപോലും കഴിയാതിരുന്ന രോഗിക്ക് സർജറിക്കുശേഷം ഇപ്പോൾ പരസഹായം ഇല്ലാതെ എഴുന്നേറ്റിരിക്കാൻ സാധിക്കുന്നുണ്ട്.

ദുക്റാന തിരുനാൾ ആചരിച്ചു

ജൂലൈ 3 ദുക്റാന തിരുനാളിന്റെയും ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ നാമഹേതുക തിരുനാളും സംയുക്തമായി ആചരിച്ചു.

യാത്രയയപ്പും ഭക്ഷണവിതരണവും

38 വർഷം TIMUC സ്കൂളിൽ സേവനമനുഷ്ഠിച്ച മോളി ടീച്ചർക്ക് യാത്രയയപ്പ് നല്കി. ചാരിറ്റി പ്രവർത്തനത്തിന്റെ ഭാഗമായി തെരുവിൽ കഴിയുന്നവർക്ക് ഭക്ഷണ വിതരണം നടത്തി.

ശസ്ത്രക്രിയ സമുച്ചയം

പുതിയ ശസ്ത്രക്രിയാ സമുച്ചയത്തിന്റെ ഉദ്ഘാടനവും ജോസ് ആലുക്കാസ് ഗ്രൂപ്പ് സ്പോൺസർ ചെയ്ത ഡയാലിസിസ് മെഷീന്റെ സമർപ്പണവും ഹോസ്പിറ്റൽ കോർപ്പറേറ്റീവ് ബ്രോഷറിന്റെ പ്രകാശനവും ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ജൂൺ 30ന് നിർവഹിച്ചു. ആശുപത്രി ജീവനക്കാരുടെ കുട്ടികളിൽ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിച്ചു.

സൗജന്യ മെഡിക്കൽ ക്യാമ്പ്

സഹൃദയ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ റോട്ടറി ക്ലബ് ഓഫ് ആലപ്പി കയർസിറ്റിയും പൂങ്കാവ് സെൻട്രൽ റസിഡൻസ് അസോസിയേഷനും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ് ജൂലൈ 7 ന് സംഘടിപ്പിച്ചു. ജനറൽ മെഡിസിൻ, കാർഡിയോളജി, പൾമണോളജി, ഇ.എൻ.ടി., ഒപ്താൽമോളജി എന്നീ ഡിപ്പാർട്ട്മെന്റുകളുടെ സൗജന്യസേവനവും സൗജന്യ മരുന്നുവിതരണവും പ്രമേഹരോഗനിർണയവും പി.എഫ്.ടി. ടെസ്റ്റുകളും നടത്തപ്പെട്ടു.

ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ
(അസി. ഡയറക്ടർ)

ഫാ. തോമസ് മാളിയേക്കൽ
(ഡയറക്ടർ)

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണത്തിരുനാൾ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ എല്ലാവർക്കും ആശംസിക്കുന്നു. തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ആശംസകൾ എല്ലാ പ്രവാസികൾക്കും വാട്സ് ആപ്പിലൂടെ അറിയിച്ചു. അഭി. മാർ തോമസ് തറയിൽ പിതാവിനും പെരിയ ബഹു. തോമസ് പാടിയത്ത് അച്ചനും നാമഹേതുക തിരുനാളിന്റെ പ്രാർത്ഥനകളും ആശംസകളും അറിയിച്ചു. ഡിപ്പാർട്ടുമെന്റ് പ്രതിനിധികളും പ്രവാസി എക്സിക്യൂട്ടീവ് അംഗങ്ങളും സ്റ്റാഫംഗങ്ങളും അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിനെ നേരിൽക്കണ്ട് ജന്മദിനാശംസകൾ അറിയിച്ചു.

മാർ തോമാശ്ലീഹായുടെയും വി. ഡോമിനിക് സാവിയോയുടെയും വി. മറിയം ത്രേസ്യായുടെയും തിരുനാൾ ഒമാൻ സെന്റ് ജോസഫ് ഓൺലൈൻ സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികളോടെ നടത്തപ്പെട്ടു. റവ. ഫാ. സിനു വേളങ്ങാട്ടുശ്ശേരി മുഖ്യാതിഥിയായിരുന്നു.

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം ഓർമ്മയാചരണത്തിന്റെ ഭാഗമായി 2023 ഏപ്രിൽ 16 (പുതുഞായർ) വരെ മാർ തോമാശ്ലീഹായുടെ വർഷമായി ആചരിക്കുന്നു. പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ജൂലൈ 9-ാം തീയതി നടത്തിയ 'മാർ വാലാഹ്' എന്ന ആഗോള ഓൺലൈൻ സമ്മേളനത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് മാർ തോമാശ്ലീഹായുടെ വർഷാചരണപ്രവർത്തനങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ അഭി. മാർ തോമസ് തറയിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി. വിവിധ രാജ്യങ്ങളിൽ നിന്നും കലാപരിപാടികളും കുട്ടികൾക്കുവേണ്ടി വിവിധ മത്സരങ്ങളും നടത്തുകയുണ്ടായി.

പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ആവേ മരിയ ടൂർസിന്റെ സഹകരണത്തോടെ നടത്തിയ മൈലാപ്പൂർ തീർത്ഥാടനത്തിൽ ജൂലൈ 11, 12, 13 തീയതികളിൽ അഭി. ജോസഫ് പെരുന്തോട്ടം പിതാവും ബഹുമാനപ്പെട്ട വൈദികരുമുൾപ്പെടെ 40 പേരടങ്ങുന്ന സംഘം തീർത്ഥാടനം കഴിഞ്ഞ് 13-ാം തീയതി മടങ്ങിയെത്തി. 49 പേരടങ്ങുന്ന രണ്ടാമത്തെ സംഘം അഭി. തോമസ് തറയിൽ പിതാവിനോടൊപ്പം ജൂലൈ 21, 22, 23 തീയതികളിൽ തീർത്ഥാടനത്തിനുശേഷം മടങ്ങിയെത്തി. ആഗസ്റ്റ് 25, 26, 27 തീയതികളിൽ നടത്തുന്ന തീർത്ഥാടനത്തിന് ഇപ്പോൾ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാ. ജിജോ മാറാട്ടുകളം
(അസി. ഡയറക്ടർ)

ഫാ. റ്റെജി പുതുവീട്ടിൽക്കളം
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

ഈശോയിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ അതിരൂപതയിലെ തൊഴിലാളി സമൂഹത്തെ ശാക്തീകരിക്കുവാനുള്ള കെ.എൽ.എം. -ന്റെ പ്രവർത്തനങ്ങളെ നമുക്ക് ബലപ്പെടുത്താം. ഓരോ ഫൊറോനായിൽനിന്നും അതിരൂപതാസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു വന്നിരിക്കുന്ന 31 പേർക്കും അഭിനന്ദനങ്ങൾ! നിങ്ങളുടെ തീക്ഷ്ണതയേറിയ പ്രവർത്തനങ്ങൾ ഈ പ്രസ്ഥാനത്തെ കരുത്തുറ്റതാക്കുമെന്നു പ്രത്യാശിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

സ്നേഹത്തോടെ,

ഫാ. ജോൺ വടക്കേക്കളം
(ഡയറക്ടർ)

യൂണിറ്റ് സന്ദർശനം

പയറ്റുപാക്ക, ആർപ്പൂക്കര, കുമരകം നവനസ്രത്ത്, വില്ലൂന്നി, ചെങ്ങളം, തോട്ടയ്ക്കാട്, കൂത്രപ്പള്ളി, പള്ളിക്കൂട്ടുമ്മ, മാമ്പുഴക്കരി എന്നീ യൂണിറ്റുകളിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം സന്ദർശനം നടത്തി.

പുതിയ യൂണിറ്റുകളും സംഘങ്ങളും

മുണ്ടുപാലം, മഹേന്ദ്രപുരം, വടക്കേക്കര എന്നീ ഇടവകകളിൽ കെ.എൽ.എം -ന്റെ പുതിയ യൂണിറ്റുകളും മാടപ്പള്ളിയിൽ പുതുതായി ഒരു സംഘവും പ്രവർത്തനമാരംഭിച്ചു.

ആദരാഞ്ജലികൾ

വെളിയനാട് സെന്റ് തോമസ് സംഘാംഗം പറപ്പള്ളി ഇരുപതിൽ ജോളിച്ചന്റെയും ചമ്പക്കര സെന്റ് ആന്റണീസ് സംഘാംഗം പുള്ളാപ്പറമ്പിൽ സെബാസ്റ്റ്യൻ പി.എം.-ന്റെയും നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

❍

» ***CARP തുടർച്ച...***

മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്: ഡിഗ്രി/പിജി/ടെക്നിക്കൽ/പ്രഫഷണൽ കോഴ്സുകൾ ചെയ്യുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് - അവസാന തീയതി: 2022 ഒക്ടോബർ 31.

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്: +2 തലത്തിൽ 80% മാർക്ക് വാങ്ങി ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് - അവസാന തീയതി: 2022 ഒക്ടോബർ 31.

ബേബി വട്ടക്കര
(കോർഡിനേറ്റർ)
9142121717

ഫാ. ജയിംസ് കൊക്കാവയലിൽ
(ഡയറക്ടർ)
6238214912

❍

ഈശോയിൽ പ്രിയപ്പെട്ടവരേ,

ലഹരി വിമുക്തസമൂഹത്തെ രൂപപ്പെടുത്താനുള്ള നമ്മുടെ പ്രവർത്തനങ്ങളെ നമുക്ക് ശക്തിപ്പെടുത്താം. ലഹരിയോടുള്ള ആസക്തിയിൽനിന്ന് വിമോചനം പ്രാപിച്ചെങ്കിൽ മാത്രമെ മനുഷ്യത്വപരമായി പരസ്പരം ഇടപെടുവാൻ ഒരുവന് കഴിയൂ. അല്ലാത്തപക്ഷം ബോധരഹിതമായി കാട്ടിക്കൂട്ടുന്ന പ്രവർത്തനങ്ങൾ പരസ്പരം മുറിവേൽപ്പിക്കും. ഒട്ടുമിക്ക കുടുംബത്തിന്റെയും സൈര്യജീവിതത്തിന്റെ വിഘാതകൻ ലഹരിയായിരിക്കും. ആയതിനാൽ, നമ്മൾ കണ്ടുമുട്ടുന്ന ജീവിതങ്ങൾക്ക് പ്രത്യാശപകർന്ന് അവരെ തിരികെകൊണ്ടുവരാം.

സ്നേഹത്തോടെ,

ഫാ. ജോൺ വടക്കേക്കളം
(ഡയറക്ടർ)

അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണം

ചങ്ങനാശേരി അതിരൂപത ആത്മതാകേന്ദ്രത്തിന്റെയും കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെയും ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണത്തിനു തുടക്കംകുറിച്ച് ചങ്ങനാശേരിയിൽ പ്രതിഷേധജ്വാല തെളിയിച്ചു. കേരളസർക്കാരിന്റെ മദ്യനയം ജനങ്ങളുടെ ആരോഗ്യത്തെയും ജീവിത സാഹചര്യങ്ങളെയും തകർക്കുന്ന ഒന്നാണ്. സർക്കാരിന് ജനത്തോട് സ്നേഹവും പ്രതിബദ്ധതയും ഉണ്ടെങ്കിൽ ഈ നയം പിൻവലിച്ച് കേരളത്തെ മദ്യത്തിന്റെ പിടിയിൽനിന്ന് രക്ഷിക്കണം. ഇതിനുവേണ്ടികൂടിയാണ് ചങ്ങനാശേരിയിൽ 'പ്രതിഷേധജ്വാല' എന്ന പേരിൽ അന്ധകാരത്തെ പ്രകാശംകൊണ്ട് നേരിടുന്നതുപോലെ വ്യത്യസ്തമായ ഒരു പ്രതിഷേധരീതി നടത്തിയത്.

പ്രതിഷേധജ്വാല ഉദ്ഘാടനവും അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണ ഉദ്ഘാടനവും അതിരൂപതാ വികാരി ജനറാളും ആത്മതാകേന്ദ്രം പ്രസിഡന്റുമായ വെരി റവ.ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖസന്ദേശം നല്കി. അതിരൂപത പ്രസിഡന്റ് ശ്രീ. റാംസെ ജെ.റ്റി. മെതിക്കളത്തിൽ ലഹരി വിരുദ്ധദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശ്രീ. ടി.എം. മാത്യു തച്ചിലേട്ട് സ്വാഗതവും ശ്രീ. തോമസുകുട്ടി മണക്കുന്നേൽ നന്ദിയും പറഞ്ഞു. ശ്രീ. ബേബിച്ചൻ പുത്തൻപറമ്പിൽ, ശ്രീ. ജോസി കല്ലുകളം, ശ്രീ. സിജൻ ആന്റണി, ശ്രീ. കെ.പി. മാത്യു, ശ്രീ. ജോൺസൺ കുമരംചിറ, ശ്രീ. ബിജു കൊച്ചുപുരയ്ക്കൽ, ശ്രീ. ബേബിച്ചൻ തടത്തിൽ, ശ്രീ. ജോയിച്ചൻ തിനപ്പറമ്പിൽ, ശ്രീ. പാപ്പച്ചൻ നേര്യംപറമ്പിൽ, ശ്രീ. തോമച്ചൻ കല്ലുകളം, ശ്രീമതി റോസമ്മ കാടാശ്ശേരി, ശ്രീമതി ലൈസാമ്മ തുണ്ടുപറമ്പിൽ, ശ്രീമതി ലൗലി മാളിയേക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണത്തിന്റെ ഭാഗമായി തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ ലഹരിവിരുദ്ധ പ്രതിജ്ഞയും ദിനാചരണവും ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ഉദ്ഘാടനം നിർവഹിച്ചു. ഫൊറോനാ വികാരി വെരി റവ.ഫാ. ജോസ് വരിക്കപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. തുടർന്നു നടന്ന ബോധവത്ക്കരണ സെമിനാറിൽ ശ്രീ. റ്റി.എം. മാത്യു ക്ലാസ്സ് നയിച്ചു. അതിരൂപതാ ഭാരവാഹികളായ ശ്രീ. തോമസുകുട്ടി മണക്കുന്നേൽ, ശ്രീ. ബേബിച്ചൻ പുത്തൻപറമ്പിൽ, ശ്രീ. ജോസി കല്ലുകളം, ശ്രീ. കെ.പി. മാത്യു, ശ്രീ. പാപ്പച്ചൻ നേര്യംപറമ്പിൽ, ശ്രീ. തോമാച്ചൻ കല്ലുകളം തുടങ്ങിയവർ നേതൃത്വം നല്കി.

മാതാപിതാക്കൾക്ക് ബോധനം

ചങ്ങനാശേരി സെന്റ് ജോസഫ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ 2022 -23 അധ്യയന വർഷത്തെ PTA ജനറൽ ബോഡിയോഗം ജൂൺ 29 ന് സ്കൂൾ മാനേജർ റവ.സി. സൂസൻ റോസ് സി.എം.സി. യുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗം ചങ്ങനാശേരി നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സണും വാർഡ് കൗൺസിലറുമായ ശ്രീമതി ബീനാ ജോബി ഉദ്ഘാടനം ചെയ്തു. തുടർന്ന് ആത്മതാകേന്ദ്രം സെക്രട്ടറി റ്റി.എം. മാത്യു 'വളരുന്ന കൗമാരത്തിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. റവ.സി. ധന്യ തെരേസ് സി.എം.സി. സ്വാഗതവും PTA പ്രസിഡന്റ് റ്റോജി സെബാസ്റ്റ്യൻ ആശംസയും പറഞ്ഞു.

ചങ്ങനാശേരി സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂൾ PTA ജനറൽ ബോഡിയോഗം ജൂലൈ 6 ന് സ്കൂൾ മാനേജർ റവ.സി. സൂസൻ റോസ് സി.എം.സി. യുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗം ചങ്ങനാശേരി നഗരസഭ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സണും വാർഡ് കൗൺസിലറുമായ ശ്രീമതി ബീനാ ജോബി ഉദ്ഘാടനം ചെയ്തു. തുടർന്ന് ആത്മതാകേന്ദ്രം സെക്രട്ടറി റ്റി.എം. മാത്യു 'വളരുന്ന മക്കളുടെ വളർച്ചയിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. റവ.സി. അമൽ മരിയ സി. എം.സി. സ്വാഗതവും PTA പ്രസിഡന്റ് ജോൺ ജോർജ്ജ് നന്ദിയും പറഞ്ഞു.

ബോധവത്ക്കരണ സെമിനാർ

ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിൽ സംഘടിപ്പിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണസെമിനാർ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സ്

ആലപ്പുഴ കൈനകരി സെന്റ് മേരീസ് ഹൈസ്കൂൾ കുട്ടികൾക്കായി ബോധവത്ക്കരണക്ലാസ്സും, എക്സിബിഷനും നടത്തി. ശ്രീ. റ്റി.എം. മാത്യു ക്ലാസ്സ് നയിച്ചു. കുട്ടികൾക്ക് ബോധന എക്സിബിഷൻ ഒരു പുത്തനനുഭവമായിരുന്നു.

ചങ്ങനാശേരി എസ്.ബി. ഹയർസെക്കണ്ടറി എൻ.എസ്.എസ്. അംഗങ്ങൾ

ക്കായി നടത്തിയ ബോധവത്ക്കരണ സെമിനാറിൽ ശ്രീ. റ്റി.എം. മാത്യു ക്ലാസ് നയിച്ചു. പ്രിൻസിപ്പൽ ഡോ. ബോസ് ഉദ്ഘാടനം നിർവഹിച്ചു.

പായിപ്പാട് ലൂർദ്ദ് മാതാ പള്ളിയിൽ യുവജനങ്ങൾക്കു 'ആധുനികയുഗത്തിൽ ക്രൈസ്തവ യുവജനസാക്ഷ്യം' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. റ്റി.എം. മാത്യു ക്ലാസ്സ് എടുത്തു.

എക്സിബിഷനുകൾ

ചങ്ങനാശേരി എസ്.ബി. കോളജ് സോഷ്യോളജി ഡിപ്പാർട്ടുമെന്റ്, ചങ്ങനാശേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ ലഹരിക്കെതിരായ ബോധവത്ക്കരണ എക്സിബിഷൻ ആത്മതാകേന്ദ്രത്തിന്റെ സഹായത്തോടെ ക്രമീകരിച്ചു.

സെമിനാർ

'ലഹരിക്കെതിരായ സാമൂഹ്യമുന്നേറ്റത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം' എന്ന വിഷയത്തെക്കുറിച്ച് പുതുപ്പള്ളിയിൽ നടത്തിയ സെമിനാറിൽ ശ്രീ. റ്റി.എം. മാത്യു ക്ലാസ്സ് നയിച്ചു.

ഹോമിയോ ചികിത്സാപദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി ലഹരിവസ്തു ഉപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവഹിച്ചുവരുന്നു. ഈ ചികിത്സാപദ്ധതിയിൽ കൗൺസിലിംഗ് സൗകര്യവും വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ പരിശോധനാസൗകര്യം ലഭ്യമാണ്. ചൊവ്വാഴ്ച തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും ബുധനാഴ്ച ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാശുശ്രൂഷാ കേന്ദ്രത്തിലും വ്യാഴാഴ്ച അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളിയിലും വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. മിതമായ നിരക്കിലും പാർശ്വഫലങ്ങൾ ഇല്ലാതെയും നടത്തുന്ന ഈ ചികിത്സാപദ്ധതിയുടെ പ്രയോജനമെടുക്കുവാൻ ഏവർക്കുമുള്ള അവസരമാണിത്.

സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി നടന്നുവരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ അംഗങ്ങൾക്ക് പത്തനംതിട്ട പ്രത്യാശ കേന്ദ്രത്തിൽ 16.07.2022 -ൽ ബഹു. ജോൺ വടക്കേക്കളം അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അച്ചൻ സന്ദേശം നല്കുകയും അവർക്കുള്ള ധനസഹായം (Rs. 1,12,100) നല്കുകയും ചെയ്തു. കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ കുട്ടികൾക്ക് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 30.07.2022 ശനിയാഴ്ച രാവിലെ ഒരു മണിക്കൂർ പ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ഉച്ചഭക്ഷണവും 47500 രൂപയുടെ

ശേഷം പേജ് 69 ൽ.....»

അതിരൂപതാ കൗൺസിൽ

2021 -24 പ്രവർത്തനവർഷ സമിതിയുടെ രണ്ടാമത് അതിരൂപതാ കൗൺ സിൽ യോഗം 10-07-2022 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ അതിരൂപതാ സന്ദേശനിലയം ഹാളിൽ നടന്നു. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് സമിതി മുന്നോട്ട് വച്ച ആശയങ്ങളെയും സർക്കുലറിൽ ഉൾപ്പെടുത്തിയ വിഷയങ്ങളെയും അധി കരിച്ചുനടന്ന ചർച്ചകൾക്കുശേഷം പ്രധാന അജണ്ടയായ നീതി ഞായർ ദിനാ ചാരണത്തെ സംബന്ധിച്ച് പ്രധാനതീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

നീതി ഞായർ ദിനാചരണവും മെഗാ മെറിറ്റ് ഈവനിംഗും

നാളുകളായി ദലിത്കത്തോലിക്കാസമൂഹം നേരിടുന്ന നീതി നിഷേധത്തി നെതിരായി ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്ത നീതി ഞായർ ദിനാചരണം ചങ്ങനാശേരി അതിരൂപതയിൽ ഓഗസ്റ്റ് 21 ഞായറാഴ്ച സംഘടിപ്പിക്കുന്നു. ചങ്ങനാശേരി എസ്.ബി. ഹൈസ്കൂളിൽ നടക്കുന്ന ദിനാ ചരണത്തിൽ അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണി യപ്പുരക്കൽ, സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ചങ്ങനാശേരി MLA ശ്രീ. ജോബ് മൈക്കിൾ എന്നിവർ സന്നിഹിതരായിരിക്കും. പ്രസ്തുത ചടങ്ങിൽ ഇക്കഴിഞ്ഞ അദ്ധ്യയനവർഷം SSLC,+2 പരീക്ഷകളിൽ വിജയിച്ച മുഴുവൻ വിദ്യാർത്ഥികളെയും അതിരൂപതാ DCMS കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അനുമോദിക്കുന്നതുമായിരിക്കും.

DCYL അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനവും സത്യപ്രതിജ്ഞയും

ചങ്ങനാശേരി അതിരൂപതാ ദലിത് കാത്തലിക്ക് യൂത്ത് ലീഗ് (DCYL) 2022 - 25 വർഷ സമിതിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും ഭാരവാഹികളുടെ സത്യ പ്രതിജ്ഞയും ജൂലൈ 23 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ പാസ്റ്ററൽ സെന്റർ മെയിൻ ഹാളിൽ നടന്നു. കെ.സി.എസ്.എൽ. അതിരൂപതാ ഡയറക്ടർ റവ. ഫാ. സിനു വേളങ്ങാട്ടുശ്ശേരി പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ DCYL ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം മുഖ്യ പ്രഭാഷണവും പ്രസിഡന്റ് ശ്യാം കെ. ജോസഫ് അധ്യക്ഷതയും വഹിച്ചു. DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് സമ്മേളനത്തിന് ആശംസയറിയിച്ചു സം സാരിച്ചു. പ്രസ്തുത ചടങ്ങിൽ സ്ഥാപകദിനാചാരണത്തിന്റെ ഭാഗമായി പ്രഥമ പ്രസിഡന്റ് ജയിംസ് ഇലവുങ്കലിനെ പ്രസ്ഥാനത്തിന് നല്കിയ സമഗ്ര സംഭാ വനകൾ പരിഗണിച്ച് പൊന്നാടയണിയിച്ചു മെമന്റോ നല്കി ആദരിച്ചു. DCYL സെക്രട്ടറി ജിബിൻ സാബു സമ്മേളനത്തിന് സ്വാഗതവും വൈസ് പ്രസിഡന്റ്

ആഷ്‌ലി വർഗീസ് കൃതജ്ഞതയും അറിയിച്ചു. വിവിധ യൂണിറ്റുകൾ ഒരുക്കിയ കലാപരിപാടികൾ മിഴിവേകിയ പരിപാടിക്ക് അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നല്കി.

DCVS അതിരൂപതാസമിതി തിരഞ്ഞെടുപ്പ്

ചങ്ങനാശേരി അതിരൂപതാ DCMS-ന്റെ വനിതാവിഭാഗമായ ദലിത് കത്തോലിക്കാ വനിതാ സംഘത്തിന്റെ (DCVS) 2022 –25 പ്രവർത്തനവർഷത്തേക്കുള്ള അതിരൂപതാസമിതി തിരഞ്ഞെടുപ്പ് ജൂലൈ 23 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ പാസ്റ്ററൽ സെന്റർ മിനി ഹാളിൽ നടന്നു. DCMS അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖപ്രഭാഷണവും തിരഞ്ഞെടുപ്പ് സംബന്ധമായ നിർദ്ദേശങ്ങളും നല്കി. പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് കൈപ്പുഴ യൂണിറ്റിൽ നിന്നുള്ള എൻ.ജെ. റോസമ്മയും സെക്രട്ടറിയായി അതിരമ്പുഴ യൂണിറ്റിൽ നിന്നുള്ള ശ്രീമതി ത്രേസ്യാമ്മ ജോസഫും തിരഞ്ഞെടുക്കപ്പെട്ടു. DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, ഓർഗനൈസർ മാത്യു ജോസഫ്, സെക്രട്ടറി ഷൈജു ജോസഫ് തുടങ്ങിയവർ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾക്ക് നേതൃത്വം നല്കി.

DCVS 2022 25 പ്രവർത്തനവർഷ സമിതി

പ്രസിഡന്റ്	:	എൻ.ജെ. റോസമ്മ (കൈപ്പുഴ)
വൈസ് പ്രസിഡന്റ്	:	ട്രീസാ ഫിലിപ്പ് (ചമ്പക്കുളം)
സെക്രട്ടറി	:	ത്രേസ്യാമ്മ ജോസഫ് (അതിരമ്പുഴ)
ജോയിന്റ് സെക്രട്ടറി	:	റൂബി സെബാസ്റ്റ്യൻ (ചങ്ങനാശേരി)
ട്രഷറർ	:	തെരേസാ ജോസഫ് (നെടുംകുന്നം)
എക്സിക്യൂട്ടീവ് അംഗങ്ങൾ	:	സെലിൻ കുഞ്ഞുമോൻ (കായൽപുറം)
		പൊന്നമ്മ മാത്യു (കായൽപുറം)
		ജെസ്സി ജോസഫ് (കുറുമ്പനാടം)
		രഞ്ജിനി റെജി (കുറുമ്പനാടം അസംപ്ഷൻ)
		മേരി ബെന്നി (അരുവിക്കുഴി)
		ജെയിസമ്മ ബെന്നി (അരുവിക്കുഴി)
		ഡോ. റ്റിജി പി.വി. (കൈപ്പുഴ)
		ബീനാ ബിജു (കൈപ്പുഴ)

ഷൈജു ജോസഫ്
(സെക്രട്ടറി)

ഫാ. ജോൺ വടക്കേക്കളം
(ഡയറക്ടർ)

ചങ്ങനാശേരി അതിരൂപത പാറേൽ ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 17.01.2020 മുതൽ 14.08.2022 വരെയുള്ള പ്രവർത്തന റിപ്പോർട്ട്

കൊറോണ മഹാമാരി കാരണം ഈ കാലയളവിൽ ചങ്ങനാശേരി കമ്മീസിയം കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടത്തുവാൻ സാധിച്ചില്ല. എങ്കിലും ആത്മീയതയിൽ വീഴ്ചയില്ലാതെ ഉറച്ചുനിന്നു. മാർച്ച് 8.2020-ൽ ആണ് ഞങ്ങൾ അവസാനമായി കമ്മീസിയം മീറ്റിംഗ് കൂടിയത്. 18.3.21-ലും 8.5.22-ലും കാര്യങ്ങൾ വിലയിരുത്തുന്നതിനുമായി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടിയിരുന്നു. 12.4.2020-ൽ നടത്തേണ്ടിയിരുന്ന പ്രാർത്ഥനാസമ്മേളനം 12.6.22-ൽ ആണ് നടത്തുവാൻ സാധിച്ചത്. ഇതിനോടകം കമ്മീസിയം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോജോ പുതുവേലിൽ സ്ഥാനം ഒഴിയുകയും പകരം ഫാ. ജോസഫ് ഇളംതുരുത്തിയിൽ സ്ഥാനം ഏൽക്കുകയും ചെയ്തു.

12.6.22-ൽ പാറേൽ കമ്മീസിയം ആയിട്ട് നേരിട്ടു ബന്ധമുള്ള 30 പ്രസീദിയങ്ങളിൽ 26 പ്രസീദിയങ്ങളെ പ്രതിനിധീകരിച്ച് ഏകദേശം 40 ഭാരവാഹികൾ പാറേൽ പുരയ്ക്കൽ ഹാളിൽ സമ്മേളിച്ച് പ്രാർത്ഥനായോഗം നടത്തി.

ക്രമപ്രകാരമുള്ള ലീജിയന്റെ പ്രാർത്ഥനകൾ നടത്തി. കോവിഡ് കാലത്ത് വിവിധ പ്രസീദിയങ്ങളിൽനിന്നും മരണംമൂലം വേർപെട്ടുപോയ സൈനികരെ ഓർമിച്ചു. അടുത്തുവരുന്ന സെപ്റ്റംബറിൽ സെപ്റ്റംബർ സമ്മേളനം പതിവുപോലെ നടത്താമെന്നു തീരുമാനിച്ചു. എല്ലാ പ്രസീദിയങ്ങളും കൊറോണ കാലത്തെ റിപ്പോർട്ട് പറയുന്നതുപോലെ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

പാറേൽ കമ്മീസിയത്തിലെ ചില പ്രസീദിയങ്ങൾ (ചീരഞ്ചിറ, വെരൂർ, ചെത്തിപ്പുഴ) പൂർവ്വാധികം ശക്തി പ്രാപിച്ചുവരുന്നത് ശ്രദ്ധേയമാണ്. പ്രസീദിയങ്ങളുടെ പേരും അംഗങ്ങളുടെ എണ്ണവും സംബന്ധിച്ച സ്റ്റേറ്റുമെന്റ് നേരത്തെ അയച്ചു തന്നിട്ടുണ്ടെന്ന് ഓർമപ്പെടുത്തുന്നു. കണക്കുകൾ അടുത്ത റിപ്പോർട്ടിൽ.

കമ്മീസിയത്തിനുവേണ്ടി,

സി. ജെമിനി സുരേഷ് കണ്ണമ്പള്ളി
(സെക്രട്ടറി)

ഫാ. ജോസഫ് ഇളംതുരുത്തിയിൽ
(സ്പിരിച്ചൽ അസിസ്റ്റന്റ്)

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടെ പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിതക്രമവും'' തുടർച്ച കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹാദന്മാർക്ക് വിശുദ്ധ ഫ്രാൻസിസ് കൊടുക്കുന്ന ഉദ്ബോധനം!

ജീവിതക്രമം

ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങളുടെ നിയമവും ജീവിതരീതിയും ഇതാകുന്നു. ദൈവത്തോടും ജനങ്ങളോടും കൂടിയുള്ള സ്വന്തം ജീവിതത്തിന്റെ പ്രചോദനവും കേന്ദ്രബിന്ദുവും മിശിഹായായിരുന്നു. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മാതൃകയെ അനുകരിച്ചുകൊണ്ട് നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ സുവിശേഷപ്രകാരം പ്രവർത്തിക്കുക.

'പിതാവായ ദൈവത്തിന്റെ സ്നേഹദാനമായ മിശിഹാ പിതാവിലേയ്ക്കുള്ള മാർഗവും, പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്ന സത്യവും, നമ്മുടെ ആത്മാവിന്റെ ദൈവികജീവനുമാകുന്നു. ഫ്രാൻസിസ്കൻ അല്മായ സഹോദരീസഹോദരന്മാർ വളരെ സൂക്ഷ്മതയോടുകൂടി സുവിശേഷം വായിക്കുകയും സുവിശേഷത്തിൽ നിന്ന് ജീവിതത്തിലേയ്ക്കും ജീവിതത്തിൽനിന്ന് സുവിശേഷത്തിലേയ്ക്കും കടന്നുചെല്ലുന്നതിന് പ്രത്യേകതരത്തിൽ അവരുടെ ജീവിതം സമർപ്പിക്കുകയും വേണം. ആകയാൽ സജീവമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിയായ മിശിഹായെ ഫ്രാൻസിസ്കൻ അല്മായ സഭയിലെ അംഗങ്ങൾ തങ്ങളുടെ സഹോദരീസഹോദരന്മാരിലും വിശുദ്ധഗ്രന്ഥത്തിലും തിരുസഭയിലും തിരുസഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിലും കണ്ടുമുട്ടുവാനും സ്തുതിക്കുവാനും അനുകരിക്കുവാനും സഹായിക്കുവാനും ശുശ്രൂഷിക്കുവാനും പരിശ്രമിക്കണം. മഹോന്നതനായ ദൈവപുത്രനെ ഈ ലോകത്തിൽ നമ്മൾ കാണുന്നത് അവിടുത്തെ അതിപരിശുദ്ധമായ ശരീരരക്തങ്ങളിൽ മാത്രമാകുന്നു എന്നുപറഞ്ഞ വിശുദ്ധ ഫ്രാൻസിസിന്റെ വിശ്വാസമായിരിക്കണം നമുക്ക് മാതൃക.

വിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ അവരുടെ ജീവിതത്തിന്റെ പ്രചോദനവും മാതൃകയും

ജ്ഞാനസ്നാനത്തോടുകൂടി അവർ മിശിഹായിൽ സംസ്കരിക്കപ്പെടുകയും പുനർജ്ജീവിക്കുകയും ചെയ്ത് തിരുസഭയുടെ സജീവാംഗങ്ങളായിത്തീരുന്നു. വ്രതവാഗ്ദാനംവഴി അവർ തിരുസഭയോട് കൂടുതൽ ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നു. തന്നിമിത്തം അവർ തങ്ങളുടെ ജീവിതത്താലും വചനത്താലും മിശിഹായെ ഉദ്ഘോഷിച്ചുകൊണ്ട് എല്ലാ ജനങ്ങളുടേയും ഇടയിൽ തിരുസഭയ്ക്ക് സാക്ഷ്യം വഹിക്കുന്ന ഉപകരണങ്ങളായി മുന്നേറണം. വിശുദ്ധ ഫ്രാൻസിസ്സിനെ

പ്പോലെ തിരുസഭയെ പുതുക്കിപ്പണിയുവാനായി വിളിക്കപ്പെട്ടിരിക്കുന്ന അവർ അദ്ദേഹത്തിന്റെ മാതൃകയാൽ പ്രചോദിതരായി പരിശുദ്ധ പിതാവ്, മെത്രാന്മാർ, വൈദികർ എന്നിവരുമായി പരിപൂർണ്ണ ധാരണയിലും സഹകരണത്തിലും വളരുവാൻ ഉന്മേഷപൂർവ്വം പരിശ്രമിക്കണം. തുറവിയിലും പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതവുമായ സംഭാഷണങ്ങളിലൂടെ അപ്പസ്തോലികപ്രവർത്തനങ്ങളിൽ സർഗ്ഗാത്മകതയും കാര്യക്ഷമതയും അവർ വളർത്തുകയും വേണം!

സ്വർഗ്ഗപ്രവേശം

വാഴപ്പള്ളി റീജൺ സെന്റ് മേരീസ് ഭ്രാത്യത്വാംഗം സഹോദരി പുറവടിയിൽ ഏലിക്കുട്ടി എബ്രഹാം 'എടത്വാ റീജൺ' സെന്റ് ജോർജ് ഭ്രാത്യത്വാംഗം സഹോദരി ചക്കാലയ്ക്കൽ മറിയാമ്മ വർഗ്ഗീസ്.

വാഴപ്പള്ളി റീജൺ ഗത്സമനി ഭ്രാത്യത്വാംഗം സഹോദരി കല്ലുക്കളം മേരിക്കുട്ടി ഇവരുടെ സ്വർഗപ്രാപ്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ (പ്രസിഡന്റ്)
ഫാ. മൈക്കിൾ പറുശ്ശേരിൽ OFM Cap. (സ്പിരിച്ചൽ അസിസ്റ്റന്റ്)

❍

» *ആത്മതാകേന്ദ്രം തുടർച്ച...*

ധനസഹായവും അവർക്കുനൽകി. ശ്രീ. സണ്ണി മാത്യു, ശ്രീമതി ട്രീസാ മാത്യു എന്നിവർ നേതൃത്വം വഹിച്ചു

ലഹരിവിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരിവിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ എല്ലാമാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം സൗജന്യമായി നടത്തപ്പെടുന്നു. തദവസരത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. എൻ. പരമേശ്വരക്കുറുപ്പ് ലഹരിക്കടിമപ്പെട്ടവർക്ക് ഹോമിയോ മരുന്ന് നല്കിവരുന്നു. ഈ മാസത്തെ ധ്യാനം 2022 ആഗസ്റ്റ് 14ന് വൈകിട്ട് 5 ന് ആരംഭിച്ച് 17ന് ഉച്ചയ്ക്ക് ഒരുമണിക്ക് സമാപിക്കും. മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം, തിരുവല്ല
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

❍

"ദൈവത്തോടു ചേർന്നു നിൽക്കുവിൻ, അവിടുന്നു നിങ്ങളോടും ചേർന്നുനിൽക്കും" (യാക്കോബ് 4:8)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ചരിത്രപ്രധാനമായ പല സംഭാവനകളുടെയും അനുസ്മരണയുടെ മാസമാണല്ലോ ആഗസ്റ്റ്. ദൈവത്താൽ പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട്, ഉത്ഭവപാപമില്ലാതെ ജനിച്ച്, രക്ഷകന്റെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ നാം ആഘോഷിക്കുന്ന ദിവസമാണല്ലോ ആഗസ്റ്റ് 15. അപ്പസ്തോലന്മാരുടെ കാലംതൊട്ട് എല്ലാ സഭകളിലും ഈ തിരുനാൾ ആഘോഷിക്കപ്പെട്ടിരുന്നുവെന്നാണ് സഭാചരിത്രങ്ങളിൽ കാണപ്പെടുന്നത്. 1950ൽ പന്ത്രണ്ടാം പീയൂസ് പാപ്പയാണ് പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണത്തെ സഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. ദൈവവുമായി പ്രത്യേകമായ ബന്ധം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു പരിശുദ്ധ മറിയം. അവൾ പിതാവായ ദൈവത്തിന്റെ പുത്രിയും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ മണവാട്ടിയും ആണല്ലോ. ജീവിതകാലമത്രയും പുത്രനോടു ചേർന്നുനിന്ന് അവന്റെ ജീവിതത്തിലും സഹനങ്ങളിലും മരണത്തിലും ഉത്ഥാനത്തിലും പങ്കാളിയായ അമ്മയെ ആത്മശരീരങ്ങളോടെ പുത്രൻ സ്വർഗത്തിലേക്ക് ആനയിച്ചുവെന്നത് അതിശയകരമല്ല. എല്ലാക്കാലവും അവൾ തന്നോടൊപ്പം ഉണ്ടാവേണ്ടതിന് ഈശോ പരിശുദ്ധ അമ്മയെ സ്വർഗത്തിലേക്കുയർത്തുകയും തന്റെ വലതുഭാഗത്ത് ഉപവിഷ്ടയാക്കുകയും ചെയ്തതിന്റെ അനുസ്മരണമായ സ്വർഗാരോപണത്തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ഹൃദയപൂർവം ആശംസിക്കുന്നു.

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുകയാണല്ലോ. ഇരുനൂറോളം വർഷങ്ങൾ നീണ്ടുനിന്ന വിദേശാധിപത്യത്തിൽനിന്നും നമ്മുടെ രാഷ്ട്രം സ്വതന്ത്രമായപ്പോൾ ഏറെ വെല്ലുവിളികളാണ് നമ്മുടെ രാജ്യത്തെ കാത്തിരുന്നത്. സ്വാതന്ത്ര്യത്തിനായി നാം കൊടുത്ത വലിയവില നമ്മുടെ രാജ്യത്തിന്റെ വിഭജനമായിരുന്നു. അകത്തും പുറത്തും നിന്നുള്ള ഏറെ വെല്ലുവിളികളെ നേരിട്ടുകൊണ്ട് കഴിഞ്ഞ 75 വർഷങ്ങളായി നമ്മുടെ രാജ്യത്തു ജനാധിപത്യം വിജയകരമായി തുടരുന്നുവെന്നതിൽ നമുക്കഭിമാനിക്കാം. വ്യത്യസ്ത രീതികൾ, ഭാഷകൾ, മതവിശ്വാസങ്ങൾ, സാമ്പത്തിക പൊരുത്തക്കേടുകൾ ഒക്കെയുണ്ടെങ്കിലും സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ, ശാസ്ത്ര-സാങ്കേതിക, കാർഷിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലൊക്കെ നാം കൈവരിച്ച അതിശയകരമായ പുരോഗതി 136 കോടി ജനങ്ങളുടെ ഐക്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമാണ്. ആധുനിക ലോകം ഏറ്റം പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന രാജ്യമാണ് ഇന്ത്യ. ജനാധിപത്യവും മതേതര

ത്വവും പൗരസ്വാതന്ത്ര്യവുമൊക്കെ ഏറെ വെല്ലുവിളികൾ നേരിടുന്നു. 'എന്റെ സ്വാതന്ത്ര്യദർശനം മൂന്നു വാക്കുകളിൽ സംഗ്രഹിക്കാവുന്നതാണ് - സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം' എന്ന ഡോ. അംബേദ്കറിന്റെ വാക്കുകൾ ഇവിടെ അനുസ്മരിക്കട്ടെ. സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ സമർപ്പിച്ചവരെ നമുക്ക് പ്രത്യേകം ഓർക്കാം. അവർ ഉയർത്തിപ്പിടിച്ച മൂല്യങ്ങളും ആശയങ്ങളും സ്വന്തമാക്കാൻ നമുക്കു പരിശ്രമിക്കാം. മഹാകവി വള്ളത്തോളിനോടൊപ്പം നമുക്കു പാടാം

''പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ
ഭാരതാക്ഷ്മ ദേവിയുടെ തൃപ്പതാകകൾ''

നമ്മുടെ സൊസൈറ്റി സ്ഥാപകൻ വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസാനാമിനെ വിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള നിയോഗത്തോടെ എല്ലാ മാസവും 23-ാം തീയതി ആഗോളതലത്തിൽ നമ്മുടെ പ്രവർത്തകാംഗങ്ങൾ ഉപവാസം അനുഷ്ഠിച്ചു പ്രാർത്ഥിക്കണമെന്ന നിർദ്ദേശം എല്ലാ അംഗങ്ങളിലും എത്തിയിട്ടുണ്ട് എന്നു പ്രതീക്ഷിക്കുന്നു. ഈ ദിവസത്തിനു തൊട്ടുമുൻപുവരുന്ന കോൺഫറൻസ് മീറ്റിംഗിൽ പ്രസിഡന്റുമാർ ഇക്കാര്യം ഓർമപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലൊ. ഈ വർഷത്തെ എട്ടുനോമ്പാചരണത്തിലും ഈ നിയോഗം പ്രത്യേകമായി ഉൾപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ സെൻട്രൽ കൗൺസിലിന്റെ ആധ്യാത്മിക ഉപദേഷ്ടാവായി ബഹു. ജോസഫ് പനക്കേഴം അച്ചൻ ചുമതലയേറ്റ കാര്യം എല്ലാവരും അറിഞ്ഞുകാണുമല്ലൊ. നമ്മുടെ അതിരൂപതയിൽ പല പ്രധാന ഉത്തരവാദിത്തങ്ങളും ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ നിർവഹിച്ചിട്ടുള്ള അച്ചന്റെ സേവനം നമുക്കേറ്റം അനുഗ്രഹപ്രദമാകുമെന്നതിൽ സംശയമില്ല. സംഘടനയുടെ വളർച്ചക്ക് എല്ലാ സഹായങ്ങളും അച്ചൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷങ്ങൾ നമ്മുടെ ആധ്യാത്മിക ഉപദേഷ്ടാവായി നമ്മോടൊപ്പം പ്രവർത്തിക്കുകയും നമുക്ക് മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്ത പ്രിയപ്പെട്ട ചാക്കോ പുതിയാപറമ്പിലച്ചന്റെ സേവനങ്ങളെ നന്ദിപൂർവം അനുസ്മരിക്കുന്നു. ഈ രണ്ടു ബഹുമാനപ്പെട്ട വൈദികർക്കും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

ബ്ര. തോമസ് ടി. മൂലയിൽ
(സി.സി. പ്രസിഡന്റ്)

1. രോഗികൾക്ക് ആശ്വാസമായി ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയർ

രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നേറുന്നു. പ്രവർത്തനം പുനഃരാരംഭിച്ച് കുറഞ്ഞനാളുകൾ കൊണ്ടുതന്നെ വളരെയധികം രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസമാകുവാൻ ചാരിറ്റി വേൾഡിന്റെ പാലിയേറ്റീവ് കെയറിന് സാധിച്ചു. പ്രതിമാസം ഇരുപത്തിയഞ്ചോളം രോഗികളുടെ ഭവനങ്ങളിൽ സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ 1000 രൂപ വിലവരുന്ന ഭക്ഷ്യകിറ്റും ചികിത്സാ സഹായവും എത്തിച്ചുനൽകാൻ സാധിക്കുന്നു. നിരവധി രോഗികൾക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡ് എടുത്ത് നൽകാൻ കഴിഞ്ഞു. കൂടാതെ സാമ്പത്തിക സഹായം, വീട് പുനഃരുദ്ധാരണത്തിന്നുള്ള സഹായം, രോഗികളുടെ മക്കൾക്ക് പഠനസഹായം, രോഗികളുടെ പുനഃരധിവാസത്തിനുള്ള സഹായം തുടങ്ങിയവ നൽകിവരുന്നു. നിർധനരായ രോഗികൾക്ക് ആവശ്യമായ വീൽ ചെയർ, എയർ ബെഡ്, ഡയപേഴ്സ് മുതലായവ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ എത്തിച്ചുനൽകുന്നു. കൂടാതെ ഒട്ടനവധി പ്രവർത്തനങ്ങൾ ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇരുനൂറോളംവരുന്ന സുമനസ്സുകളുടെ സഹായത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

2. വൃക്ക രോഗികൾക്ക് കരുതലായി ചാരിറ്റി വേൾഡ്

ജിമ്മി പടനിലം സെന്ററിന്റെ നേതൃത്വത്തിൽ 'കരുതൽ' എന്ന പേരിൽ നടത്തിവരുന്ന സൗജന്യ ഡയാലിസിസ് പദ്ധതിവഴി നാളിതുവരെ ആയിരത്തോളം ഡയാലിസിസുകൾ ചെയ്തു നൽകുവാൻ സാധിച്ചു. ഡോ. ജോർജ് പടനിലത്തിന്റെ സഹായത്തോടെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിവഴിയാണ് സൗജന്യ ഡയാലിസിസുകൾ ചെയ്തുവരുന്നത്. പ്രതിമാസം 100 സൗജന്യ ഡയാലിസിസുകളാണ് നൽകുന്നത്. നിർധനരായ വൃക്ക രോഗികളെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയാണ് സൗജന്യ ഡയാലിസിസ് കൂപ്പൺ നൽകുന്നത്.

3. പട്ടിണിരഹിത ചങ്ങനാശേരി

ചാരിറ്റി വേൾഡ് ട്രസ്റ്റും തുരുത്തി ആലഞ്ചേരി മറിയാമ്മ ഫിലിപ്പോസ് ഫൗണ്ടേഷനും സംയുക്തമായി നടത്തിവരുന്ന പട്ടിണിരഹിത ചങ്ങനാശേരി പദ്ധതി 6 വർഷത്തിലേക്ക് കടന്നു. പദ്ധതിയുടെ ഭാഗമായി പ്രതിമാസം 100 ഭക്ഷ്യകിറ്റുകൾ രോഗങ്ങളാലും മറ്റുപ്രശ്നങ്ങളാലും സാമ്പത്തികമായി ക്ലേശം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. 1000 രൂപ വിലവരുന്ന ഭക്ഷ്യകിറ്റുകളാണ് വിതരണം ചെയ്യുന്നത്.

.....»

''കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിന് മുന്നിൽനിന്ന് സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽനിന്ന് നിങ്ങളെ വേർതിരിച്ചത് നിസാരകാര്യമാണോ?'' (സംഖ്യ 10:9)

കരിസ്മാറ്റിക് സോണിൽ നവീകരണമുന്നേറ്റം ദൈവകൃപയാൽ സജീവമായി നടന്നുകൊണ്ടിരിക്കുന്നു. ചില സബ്സോണുകളിൽ പുതിയ പ്രാർത്ഥനാഗ്രൂപ്പുകൾ ആരംഭിക്കുവാൻ സാധിച്ചു. ലൈഫ് ഇൻ ദി സ്പിരിറ്റ് പ്രോഗ്രാം ചില സ്ഥലങ്ങളിൽ ഓഫ്ലൈനിലും മറ്റിടങ്ങളിൽ ഓൺലൈനിലും നടന്നുകൊണ്ടിരിക്കുന്നു. സബ്സോണുകളിൽ പുതിയതായി രൂപീകൃതമായ സർവീസ് ടീം അംഗങ്ങളുടെ ഫോർമേഷൻ ചെത്തിപ്പുഴ എസ്.എച്ച്. ഹാളിൽ ജൂലൈ പതിനാറാം തീയതി 9:00 എ.എം മുതൽ 5:00 പി.എം വരെ നടത്തപ്പെട്ടു. അംഗങ്ങളുടെ സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. മുൻ കോർഡിനേറ്റർമാർ, മുൻസേവനസമിതി അംഗങ്ങൾ തുടങ്ങി നേതൃനിരയിൽ ഉള്ളവരുടെ ക്രിയാത്മകമായ സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിരുന്നു. കെ.എസ്.സി. ചെയർമാൻ ബഹു. ജോസഫ് താമരവേളി അച്ചന്റെ നേതൃത്വത്തിൽ സെൻട്രൽ ടീം അംഗങ്ങൾ ക്ലാസ്സുകൾ നയിച്ചു. നവീകരണം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന അവബോധം എല്ലാവർക്കും ഉണ്ടായി. പുതിയ സോണൽ സമിതി രൂപീകരണം ആഗസ്റ്റ് ഒന്നാം തീയതി നടത്തുവാനുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ബഹു. സോണൽ ഡയറക്ടർ മാത്യു താന്നിയത്ത് അച്ചന്റെ നിർദ്ദേശപ്രകാരം സോണൽ കോർഡിനേറ്റർ മോൻ ചെത്തിമറ്റത്തിന്റെ നേതൃത്വത്തിൽ എല്ലാ കാര്യങ്ങളും വളരെ മനോഹരമായി പരിശുദ്ധാത്മാവ് ക്രമീകരിച്ചു. ദൈവമേ നന്ദി, സ്തുതി.

സ്നേഹപൂർവം,

മോൻ ചെത്തിമറ്റം
(കോർഡിനേറ്റർ)

ഫാ. മാത്യു താന്നിയത്ത്
(ആനിമേറ്റർ)

❍

«..... ചാരിറ്റി വേൾഡ് ട്രസ്റ്റ് തുടർച്ച...

4. അന്നദാനം

ചങ്ങനാശേരി ജനറൽ ആശുപത്രിയിലും ആയുർവേദ ആശുപത്രിയിലുമായി നിർധനരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന അന്നദാനം പദ്ധതി വിജയകരമായി മുന്നേറുന്നു. പ്രതിദിനം 300 നിർധനരായ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ആഹാരം നൽകാൻ ഈ പദ്ധതിക്കു കഴിയുന്നു. സുമനസ്സുകളുടെ സഹായത്താൽ ഒരു ദിവസംപോലും മുടങ്ങാതെ അന്നദാനം നൽകാൻ ചാരിറ്റി വേൾഡിന് സാധിക്കുന്നു. നിസ്വാർത്ഥരായ കുറെയധികം സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിലാണ് ആഹാരം തയ്യാറാക്കുന്നതും ആളുകൾക്ക് എത്തിച്ച് നൽകുന്നതും.

ഫാ. സെബാസ്റ്റ്യൻ പുന്നശേരി
(എക്സിക്യൂട്ടീവ് ഡയറക്ടർ)

❍

പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

179

മിശിഹായിലുള്ള ജീവിതം

(തിരുവചനഭാഗം: റോമാ 6, 1-23)

ക്രിസ്തീയജീവിതം മിശിഹായോടൊത്തു മരിച്ച് അവനോടൊത്ത് ഉത്ഥാനം ചെയ്ത ജീവിതമാണെന്നു പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്ന വചനഭാഗമാണ്, റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ ആറാം അദ്ധ്യായം. ഈ വചനഭാഗം താഴെകാണും വിധം വിഭജിക്കാം.

1. ഈശോയുടെ മരണോത്ഥാനങ്ങളോട് ഐക്യപ്പെട്ട ജീവിതം (6,1-5)
2. ദൈവത്തിനുവേണ്ടി ജീവിക്കുന്ന ജീവിതം (6,6-14)
3. അനുസരണത്തിന്റെ അടിമകളാവുക(6,15-18)
4. പാപവും മരണവും (6,19-21)
5. വിശുദ്ധിയും ജീവനും (6,21-23)

മാമ്മോദീസാനുഭവത്തെപ്പറ്റി പറയുന്ന ഈ ലേഖനഭാഗം അജപാലകർക്ക് നല്കുന്ന സന്ദേശങ്ങൾ ധ്യാനവിഷയമാക്കാം.

1. ഈശോയുടെ മരണോത്ഥാനങ്ങളോട് ഐക്യപ്പെട്ട ജീവിതം

''അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ മാമ്മോദീസായാൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്'' (6,4).

മാമ്മോദീസായാണ് ക്രൈസ്തവജീവിതത്തിന് തുടക്കംകുറിക്കുന്നത്. മാമ്മോദീസായുടെ ലക്ഷ്യം ഈശോമിശിഹായോടുള്ള ഐക്യപ്പെടലാണ്. ഈ ഐക്യപ്പെടൽ അവിടുത്തെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഒരു ഐക്യപ്പെടൽകൂടി ആണ്. ആദിമക്രൈസ്തവർ കുളത്തിലോ പുഴയിലോ മുങ്ങിനിവർന്നാണ് മാമ്മോദീസാ സ്വീകരിച്ചിരുന്നത്. ഇത് ഒരു പുനർജനനത്തിന്റെ പ്രതീകമായിരുന്നു. പാപങ്ങൾ കഴുകിക്കളയുന്ന ഈ ക്ഷാളനം വിശുദ്ധീകരണവും നീതീകരണവും നൽകുകകൂടി ചെയ്യുന്നു (1 കൊറി 6,11). കർത്താവായ ഈശോമിശിഹായിൽ പരിശുദ്ധാത്മാവുവഴിയാണ് ഇക്കാര്യങ്ങൾ സംഭവിക്കുന്നത്. മിശിഹാ സംഭവത്തിലുള്ള സമ്പൂർണ്ണമായ ഭാഗഭാഗിത്വമാണ് മാമ്മോദീസായിൽ സാക്ഷാത്കരിക്കപ്പെടുക. അതിനാൽ മാമ്മോദീസാ സ്വീകരിച്ചവർ മിശിഹായുടെ മരണം, സംസ്കാരം, പുനരുത്ഥാനം എന്നിവയിൽ പങ്കാളികളാകുന്നു (1 കൊറി 15,3-5).

ദൈവകൃപയാണ് പാപിയുടെ രക്ഷയ്ക്ക് ആധാരം എന്നുള്ള പൗലോസ് ശ്ലീഹായുടെ നിലപാടിനെ കുറ്റപ്പെടുത്തുന്ന വിമർശകർ, എത്രവേണമെങ്കിലും

പാപം ചെയ്യാം, ദൈവം രക്ഷിച്ചുകൊള്ളും എന്നു പരിഹസിക്കുന്നതാണ് ഇവിടെ സൂചിപ്പിക്കുന്നത്. കൃപ ധാരാളമായി ലഭിക്കാൻവേണ്ടി പാപത്തിൽ തുടരുന്നത് അഭികാമ്യമാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നുവെന്നു അവർ ആരോപിക്കുന്നു. അത് ഒരിക്കലും അംഗീകരിക്കാനാവില്ലെന്നാണ് പൗലോസിനു പറയാനുള്ളത്. പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണു നമ്മൾ. അതുകൊണ്ട് ഇനിയും പാപത്തിൽ കഴിയുക അചിന്ത്യമാണ്. കാരണം നാമെല്ലാവരും മാമ്മോദീസാ സ്വീകരിച്ചവരാണ്. മാമ്മോദീസാ സ്വീകരിച്ചവരെല്ലാം വിശുദ്ധിയിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്. ഉത്ഥിതനായ ഈശോ ജീവിക്കുന്ന അരൂപിയാണ്. അരൂപി വിശുദ്ധിയുടെ അരൂപിയാണ്. മാമ്മോദീസായിലൂടെ ഉത്ഥിതനായ ഈശോയോട് ഐക്യപ്പെട്ടവരെന്ന നിലയിൽ വിശുദ്ധിയിലേക്കുള്ള ഈ വിളി എല്ലാ ക്രൈസ്തവരുടേതുമാണ്. ഈ ഒരു ബോധവത്ക്കരണമാണ് അജപാലകർ തങ്ങളുടെ വിശ്വാസികൾക്ക് നൽകേണ്ടത്.

2. ദൈവത്തിനുവേണ്ടി ജീവിക്കുന്ന ജീവിതം

''മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്ത മിശിഹാ ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് ഇനി അവന്റെമേൽ അധികാരമില്ല. അവൻ മരിച്ചു; പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലെ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും ഈശോമിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ'' (6,9-11).

ക്രൈസ്തവർ ക്രൂശിക്കപ്പെട്ടവരാണ്. ശരീരത്തെ നശിപ്പിക്കാനാണത്. ശരീരം പാപപൂർണ്ണമാണല്ലോ. നശിപ്പിക്കപ്പെട്ടതുകൊണ്ട് ഇനി ശരീരം പാപത്തിന് അടിമപ്പെടുകയില്ല. അതുകൊണ്ട് പാപകരമായ ജീവിതശൈലിയുടെ അവസാനമാണ് മാമ്മോദീസാ. ജീവിതത്തിൽ ഭാവാത്മകമായ പരിവർത്തനം വരുത്താൻ മാമ്മോദീസായ്ക്കു കഴിയും (6,6). മാമ്മോദീസാ സ്വീകരിക്കുമ്പോൾ ഒരു വ്യക്തി പാപബദ്ധമായ തന്റെ ശരീരത്തെ മിശിഹായോടൊപ്പം ക്രൂശിക്കുകയാണു ചെയ്യുന്നത്. അങ്ങനെ ഒരു മരണം അവൻ ഈ ലോകജീവിതത്തിൽ അനുഭവിക്കുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽനിന്നു മോചിതനായിരിക്കുന്നു. മിശിഹായുടെ പാപമോചകമായ മരണത്തിൽ പങ്കുചേരുന്നതുകൊണ്ട് -അഥവാ മിശിഹായോടൊപ്പം മരിക്കുന്നതുകൊണ്ട്- അവിടുത്തെ മരണത്തിന്റെ ഫലം അവനും അനുഭവവേദ്യമാകുന്നു. ഈശോയുടെ മരണം നമ്മെ പാപത്തിൽനിന്നു രക്ഷിക്കുന്നു: ഒപ്പം പാപത്തോടുള്ള ആസക്തിയിൽനിന്നും രക്ഷനേടുവാനുള്ള ശക്തിയും ലഭിക്കുന്നു.

ഈശോ മരിച്ച്, ദൈവത്തിനുവേണ്ടി ജീവിക്കുന്നതുപോലെ, പാപത്തിനു മരിച്ച് ഈശോമിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവനാണെന്ന് ഓരോ ക്രൈസ്തവനും അറിയണം. അവർ പുതിയ സൃഷ്ടികളാണ് (2 കൊറി 5,17). മാമ്മോദീസാ സ്വീകരിച്ചവരാണെങ്കിലും അവർ ഇനിയും ഈ ലോകത്തിന്റെ പാപകരമായ പ്രലോഭനങ്ങൾക്കു വഴിപ്പെട്ടേക്കാം. പാപവും പ്രലോഭനവും ആസക്തിയും മരണവും യാഥാർത്ഥ്യങ്ങൾതന്നെയാണ്. അവയോടുള്ള പോരാട്ടം ക്രൈസ്തവർ തുടരണം. ദൈവവിരുദ്ധശക്തികളോടും മരണത്തോടും മിശിഹാ സന്ധിയില്ലാസമരത്തിലാണല്ലോ (1 കൊറി 15,25-26).

ദൈവത്തോടുള്ള സമ്പൂർണ്ണമായ അനുസരണമാണ് ക്രൈസ്തവനെ നയിക്കേണ്ടത്. അങ്ങനെ അവൻ മിശിഹായെ അനുകരിക്കുന്നവനാകുന്നു. പാപത്തിന്റെ മേധാവിത്വത്തെ വെല്ലുവിളിക്കാൻ പ്രാപ്തനാകുന്നു. മാമ്മോദീസായുടെ രക്ഷാകരഫലം നിത്യജീവനും പ്രത്യാശയുമാണ്. അത് സ്വന്തമാക്കുവാൻ ക്രൈസ്തവനു സാധിക്കണം. മാമ്മോദീസായിലൂടെ ലഭിച്ച പരിശുദ്ധാരൂപിയുടെ കൃപാവരത്താൽ ശക്തിപ്രാപിച്ച് അപ്രകാരം ജീവിക്കുവാൻ ക്രൈസ്തവനു കഴിയും. പുരോഹിതശുശ്രൂഷകളുടെയെല്ലാം ലക്ഷ്യം ഇതുതന്നെയാണ്.

3. അനുസരണത്തിന്റെ അടിമകളാവുക

''അതുകൊണ്ടെന്ത്? നാം നിയമത്തിനു കീഴ്പ്പെട്ടവരല്ല, കൃപയ്ക്കു കീഴ്പ്പെട്ടവരാണ് എന്നതുകൊണ്ട് നമുക്കു പാപം ചെയ്യാമോ? ഒരിക്കലും പാടില്ല. നിങ്ങൾ അനുസരണമുള്ള ദാസരെപ്പോലെ നിങ്ങളെത്തന്നെ ആർക്കെങ്കിലും സമർപ്പിക്കുമ്പോൾ, നിങ്ങൾ അവന്റെ അടിമകളാണെന്ന് അറിയുന്നില്ലേ? ഒന്നുകിൽ, മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ; അല്ലെങ്കിൽ, നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ'' (6,15-16).

കൃപയുടെ അധികാരത്തിൻകീഴിൽ ജീവിക്കുന്ന ക്രൈസ്തവർ എന്തുകൊണ്ട് പാപം ചെയ്തുകൂടാ എന്നും എങ്ങനെ അവർ വിശുദ്ധീകരണത്തിന് അർഹരായിത്തീരണമെന്നും ശ്ലീഹാ വിശദമാക്കുകയാണ്. വിമർശകരുടെ അഭിപ്രായത്തിൽ പൗലോസ്ശ്ലീഹാ പറയുന്നത് പാപം ചെയ്യാം, കാരണം നാം ഇപ്പോൾ നില്ക്കുന്നത് നിയമത്തിനുകീഴിലല്ല, കൃപയുടെ കീഴിലാണ് എന്നാണല്ലോ. ഇത് ഒരിക്കലും ശരിയല്ലെന്ന് അദ്ദേഹം ഖണ്ഡിതമായി പ്രസ്താവിക്കുന്നു. ഒരിക്കലും പാപം ചെയ്യാൻ പാടില്ല. ഇക്കാര്യം വ്യക്തമാക്കാൻ അടിമവ്യവസ്ഥിതികൊണ്ട് ഉദാഹരിക്കുന്നു. ഉടമസ്ഥനോടുള്ള സമ്പൂർണ്ണ വിധേയത്വവും അനുസരണവുമാണ് അടിമയുടെ മുഖമുദ്ര. അതുപോലെതന്നെ ക്രൈസ്തവനും പെരുമാറണം. മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവന് വിശ്വാസത്തിന്റെ അനുസരണം മാത്രമേ സാധ്യമായിട്ടുള്ളൂ. ഈ അനുസരണംവഴി ക്രൈസ്തവൻ ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരുകയും പരിശുദ്ധമായ ജീവിതം നയിക്കുകയും ചെയ്യുന്നു.

പൗലോസിന്റെ അനുവാചകരായ റോമൻ ക്രൈസ്തവർ ഒരിക്കൽ പാപത്തിന്റെ അടിമകളായിരുന്നു. എന്നാൽ ഇപ്പോളവർ പാപത്തിൽനിന്നു മോചിതരായി വിശുദ്ധിയുടെ അടിമകളായി മാറിയിട്ടുള്ളവരാണ്. മാമ്മോദീസായിലാണ് അവർ ഈ പുതിയ ജീവിതത്തിലേക്കു കടന്നുവന്നത്. വിശുദ്ധിയുടെ അടിമകളും ദൈവത്തെ അനുസരിക്കുന്നവരുമായി മാറിയ റോമൻ വിശ്വാസികൾക്കുവേണ്ടി പൗലോസ്ശ്ലീഹാ ദൈവത്തിനു നന്ദിപറയുകയാണ്. പാപം ചെയ്യാനുള്ള സ്വാതന്ത്ര്യമല്ല. ദൈവത്തെ അനുസരിക്കുന്നതിനുള്ള ആത്മീയ സാധനയാണ് ഇനി റോമായിലെ ക്രൈസ്തവരുടെ മുഖമുദ്ര. ഇതുതന്നെയാണ് എല്ലാ ക്രൈസ്തവരുടെയും മുഖമുദ്രയായിത്തീരേണ്ടത്. പാപത്തിൽനിന്നും നമ്മെ മോചിപ്പിച്ച ദൈവത്തിന്റെ മുമ്പിൽ നിരന്തരം വ്യാപരിക്കുകയും വിശുദ്ധിയിൽ പടിപടിയായി നാം വളരുകയും ചെയ്യണം. ക്രൈസ്തവരുടെ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് അജപാലകർ അജഗണങ്ങളെ നിരന്തരമായി അനുസ്മരിപ്പിക്കണം.

4. പാപവും മരണവും

''നിങ്ങളുടെ പരിമിതി നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുകയാണ്. ഒരിക്കൽ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിക്കും അനീതിക്കും അടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനുവേണ്ടി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ. നിങ്ങൾ പാപത്തിന് അടിമകളായിരുന്നപ്പോൾ നീതിയുടെ നിയന്ത്രണത്തിലല്ലായിരുന്നു'' (6,19-20).

മാമ്മോദീസായുടെ പശ്ചാത്തലത്തിലുള്ള ഒരുപദേശമായിട്ടാണ് പൗലോസ് ശ്ലീഹാ ഈ വാക്യങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഒരിക്കൽ, അതായത് മാമ്മോദീസായിലൂടെ വിശ്വാസം സ്വീകരിക്കുന്നതിനുമുൻപ്, റോമായിലെ ക്രൈസ്തവർ പാപം ചെയ്യുന്നവരായിരുന്നു. എന്നാൽ ഇപ്പോൾ അവർ വിശുദ്ധിയുടെ അടിമകളായിമാറേണ്ടവരാണ്. കാരണം മിശിഹായുടെ പാപമോചകമായ മരണോത്ഥാനത്തിൽ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് അവർ പുതിയൊരു ജീവിതാവസ്ഥയിലേക്കു പ്രവേശിച്ചിരിക്കുകയാണ്. ''മാനുഷികരീതിയിലാണു സംസാരിക്കുന്നത്'' എന്നു സൂചിപ്പിച്ചുകൊണ്ട് തന്റെ അനുവാചകരെ പ്രകോപിപ്പിക്കാതിരിക്കാൻ അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്. പാപം ഒരു യാഥാർത്ഥ്യമായിരുന്ന അവരുടെ മുൻകാലജീവിതമാണ് അദ്ദേഹം ആദ്യം സൂചിപ്പിക്കുന്നത്. അവരെ കുറ്റപ്പെടുത്തുകയല്ല പൗലോസിന്റെ ലക്ഷ്യം. ഒരിക്കൽ അശുദ്ധിയും അനീതിയും അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അതു വാസ്തവത്തിൽ ജീവനില്ലാത്ത, മരണത്തിനു തുല്യമായ ഒരു അവസ്ഥാവിശേഷമായിരുന്നു.

ക്രിസ്തീയവിശ്വാസം സ്വീകരിക്കുന്നതിനു മുമ്പുള്ള അവസ്ഥ അശുദ്ധവും നിയമരഹിതവുമായിരുന്നു. വിജാതീയലോകം, അന്നത്തെ റോമിന്റെ പശ്ചാത്തലത്തിൽ മരണസംസ്കാരം നിലനിന്നിരുന്ന ഒരു ലോകമായിരുന്നു. മനുഷ്യന്റെ മൃഗീയവാസനകളാണ് അവനെ സ്വാധീനിച്ചുകൊണ്ടിരുന്നത്. ആദ്യം തെറ്റുചെയ്യുമ്പോൾ അല്പമൊക്കെ 'മനഃസാക്ഷിക്കടി' ഉണ്ടാകുമെങ്കിലും, സാവകാശം അതു കുറഞ്ഞുവരികയും അവസാനം അനിയന്ത്രിതമായവിധം ആ തെറ്റ് അവനെ അടിമപ്പെടുത്തുകയും ചെയ്യും. അപ്രകാരം മനുഷ്യോചിതമല്ലാത്ത തെറ്റുകളിൽ മുഴുകിജീവിച്ചിരുന്ന മനുഷ്യസമൂഹമായിരുന്നു വിജാതീയസമൂഹം. എന്നാൽ അവിടേയ്ക്ക് ക്രിസ്തീയവിശ്വാസം കടന്നുവന്നപ്പോൾ വിപ്ലവകരമായ മാറ്റമാണ് റോമൻ ക്രൈസ്തവരുടെയിടയിൽ സംഭവിച്ചത്. അവർ മാമ്മോദീസായിലൂടെ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, വെറും മാനുഷികപ്രവണതകളെ അതിജീവിച്ച് മിശിഹായിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ പ്രാപ്തരായി. വെറും സ്വാഭാവികപ്രവണതകൾക്കനുസൃതം ജീവിക്കാതെ മിശിഹായിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ അജപാലകർ ജനങ്ങൾക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടിരിക്കണം.

5. വിശുദ്ധിയും ജീവനും

''എന്നാൽ, ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്. പാപത്തിന്റെ വേതനം മരണമാണ്. ദൈവത്തിന്റെ ദാനമാകട്ടെ, നമ്മുടെ കർത്താവായ ഈശോമിശിഹാവഴിയുള്ള നിത്യജീവനും'' (6,22-23).

മാനസാന്തരാനുഭവത്തിലൂടെ ക്രിസ്തീയവിശ്വാസികളായിത്തീരുന്നവർ പാപത്തിന്റെ അടിമത്തത്തിൽനിന്നും വിടുതൽനേടി ദൈവത്തിന്റെ അടിമകളായിത്തീരുന്നു. ദൈവഹിതമാണ് അവരുടെ ജീവിതത്തിന് മാനദണ്ഡം. അവർ ദൈവപ്രമാണങ്ങൾ അനുസരിക്കുന്നവരും സഭയുടെ കല്പനകൾ പാലിക്കുന്നവരുമാണ്. അപ്രകാരമുള്ള ജീവിതം നയിക്കുവാൻ അവരെ ശക്തിപ്പെടുത്തുന്നത് ദൈവത്തിന്റെ കൃപയാണ്. പാപകരമായ പ്രവണതകൾ ഉണ്ടെങ്കിലും അവയെ ചെറുത്തുനില്ക്കുവാനും ദൈവികരായി ജീവിക്കുവാനും അവരെ സഹായിക്കുന്നത് ദൈവത്തിന്റെ, മിശിഹായുടെ, അരൂപിയാണ്. സഭയുടെ പരിശുദ്ധ കുർബാനയിലൂടെയും കൂദാശകളിലൂടെയും സ്വീകരിക്കുന്ന പരിശുദ്ധാരൂപിയാൽ നയിക്കപ്പെട്ട്, ദൈവഹിതപ്രകാരം ജീവിക്കുവാൻ നിരന്തരമായ ജാഗ്രതയും പരിശ്രമവും ആവശ്യമാണ്.

തന്റെ വാദഗതികൾ സമാപിപ്പിച്ചുകൊണ്ട് പൗലോസ് പറയുന്നു, പാപത്തിന്റെ വേതനം മരണമാണ് എന്ന്. വിധിദിവസത്തിലെ നിത്യശിക്ഷയാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. എന്നാൽ തന്നിൽ വിശ്വസിക്കുന്നവർക്കുള്ള ദൈവദാനമാകട്ടെ നിത്യജീവനും. നമ്മുടെ കർത്താവായ ഈശോമിശിഹായാണ് ഈ നിത്യജീവന്റെ മദ്ധ്യസ്ഥൻ. പാപികൾക്കുവേണ്ടി മരണം ഏറ്റുവാങ്ങിയ അവിടുന്നു കർത്താവായി ജീവിക്കുന്നവനാണല്ലോ. വിശ്വാസികൾക്ക് ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യം വിശ്വാസത്തിലൂടെ അഭിഗമ്യവുമാണ് (ഗലാ 2,20). ദൈവകൃപ ലഭിക്കും എന്നതിന്റെ പേരിൽ പാപം ചെയ്യുന്നതിനുള്ള അനുമതിയല്ല, പൗലോസ്ശ്ലീഹാ പ്രസംഗിക്കുന്നത്. ആ ധാരണതിരുത്തിക്കൊണ്ട്, വിശുദ്ധീകരണം ലക്ഷ്യംവച്ചുള്ള ധാർമ്മികജീവിതം നയിക്കാൻ വിശ്വാസികൾക്ക് ബാധ്യതയുണ്ടെന്ന് ഓർമ്മിപ്പിക്കുകയാണ്. ഈ ബാധ്യതയെപ്പറ്റി അജപാലകരും വിശ്വാസികളെ കൂടെക്കൂടെ ഓർമ്മിപ്പിക്കുന്നത് നല്ലതാണ്.

ജീവിതസൂചിക

1. ക്രൈസ്തവരുടെ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് അജഗണങ്ങളെ ഞാൻ ബോധവൽക്കരിക്കുന്നുണ്ടോ?
2. പാപമാർഗ്ഗത്തിൽനിന്നകന്ന് വിശുദ്ധിയുടെ മാർഗത്തിലൂടെ ചരിക്കുവാൻ വിശ്വാസികളെ ശക്തിപ്പെടുത്തുന്ന അരൂപിയെ നല്കുന്ന ശുശ്രൂഷയായി എന്റെ പുരോഹിതശുശ്രൂഷ ഞാൻ നിർവഹിക്കുന്നുണ്ടോ?
3. ദൈവത്തെ അനുസരിക്കുന്ന ഒരു ജീവിതത്തിലൂടെ വിശുദ്ധി കൈവരിക്കാൻ ഞാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ടോ?
4. മാനുഷികപ്രവണതകളെ മറികടന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
5. വിശുദ്ധീകരണം ലക്ഷ്യംവച്ചുകൊണ്ട് ധാർമ്മികജീവിതം നയിക്കുവാൻ ജനങ്ങളെ ഞാൻ എങ്ങനെ പരിശീലിപ്പിക്കുന്നു?

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

മാർ ജോസഫ് പെരുന്തോട്ടം

ജൂൺ 2022

29 രാവിലെ SB കോളേജിൽ പ്രതിഷ്ഠിക്കാനായി ഇറ്റലിയിൽനിന്നു കൊണ്ടുവന്ന വി. ജോൺ ബർക്കുമാൻസിന്റെ തിരുശേഷിപ്പ് അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. തുടർന്ന് അരമന ദൈവാലയത്തിൽ വി. ജോൺ ബർക്കുമാൻസിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി, വിശുദ്ധന്റെ തിരുശേഷിപ്പ് SB കോളേജിൽനിന്ന് എത്തിച്ചേർന്ന വൈദികർക്കു കൈമാറി. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി ബൈപാസ് റോഡിനരികിൽ ചാസ്സിന്റെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡക്ഷൻ കമ്പനിക്കുവേണ്ടി 'റൂറൽ ഹാറ്റ്' എന്ന പ്രസ്ഥാനത്തിന്റെ ശില ആശീർവാദകർമം നിർവഹിച്ചു. വൈകുന്നേരം ഓൺലൈനായി നടന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

30 രാവിലെ ആലപ്പുഴ സഹൃദയ ആശുപത്രിയുടെ പുതിയതായി പണിതീർത്ത ഓപ്പറേഷൻ തിയേറ്ററിന്റെ ആശീർവാദകർമം നിർവഹിച്ചു. തുടർന്നുനടന്ന സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശംനൽകി. തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവായത്തിലെ കോൺഫ്രൻസ് ഹാളിൽ സഹൃദയ ആശുപത്രിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

ജൂലൈ 2022

01 രാവിലെ ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ കരുതൽ 2022ന്റെ സമാപനമീറ്റിംഗിലും ഉച്ചകഴിഞ്ഞ് ഓൺലൈനായിനടന്ന ലിറ്റർജിക്കൽ കമ്മീഷൻ മീറ്റിംഗിലും പങ്കെടുത്തു. വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ സാന്തോം ഓപ്പൺ ഓഡിറ്റോറിയത്തിൽ ഹോം ഡേ ആഘോഷചടങ്ങിൽ പങ്കെടുത്തു അനുഗ്രഹപ്രഭാഷണം നടത്തി.

02 രാവിലെ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിന്റെ ഓഡിറ്റോറിയത്തിൽ ചങ്ങനാശേരിമേഖല ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനവർഷ ഉദ്ഘാടനകർമം നിർവഹിച്ചു. തുടർന്ന് പാറേൽപള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടുവിലയിരുത്തി. ഉച്ചകഴിഞ്ഞ് അമ്പൂരി പഞ്ചായത്തിലെ ജനവാസകേന്ദ്രങ്ങൾ പരിസ്ഥിതിലോലമേഖലയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അമ്പൂരി ടൗണിൽ നടത്തിയ ജനകീയ പ്രതിഷേധസംഗമത്തിൽ സന്ദേശം നൽകി. തുടർന്നു രോഗാവസ്ഥയിലായിരിക്കുന്ന മായം ഇടവകാംഗമായ കാലായിൽ ബഹു. വർഗീസച്ചനെ സന്ദർശിച്ചു. വൈകുന്നേരം മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ഓഡിറ്റോറിയത്തിൽ മത-സാംസ്കാരിക-രാഷ്ട്രീയ നേതാക്കൾക്കായി നടത്തിയ ദുക്റാന സംഗമത്തിൽ പങ്കെടുത്തു സന്ദേശംനൽകി.

03 രാവിലെ ചങ്ങനാശേരി അതിരൂപത യുവദീപ്തി SMYM-ന്റെ നേതൃത്വത്തിൽ 16-ാമത് നിരണം തീർത്ഥാടനത്തിനു ചങ്ങനാശേരി കത്തീഡ്രൽ

കബറിടദൈവാലത്തിൽ ദീപംതെളിച്ചും യുവദീപ്തിപതാക കൈമാറിയും ആരംഭംകുറിച്ചു. തുടർന്നു കാൽനടയായി നിരണം മാർ തോമാശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേരുകയും മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷാചരണവും സഭാ നവീകരണ വർഷത്തിന്റെയും ഉദ്ഘാടനകർമ്മം നിർവഹിക്കുകയും പരി. കുർബാന യർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. ശേഷം നിരണം തീർത്ഥാടന കേന്ദ്രത്തിൽ പ്രതിഷ്ഠിക്കാനായി കൂരോത്ത് ബഹു. ജേക്കബച്ചൻ വരച്ച സഭൈക്യം പ്രകടമാകുന്ന ഐക്കണിന്റെ ആശീർവാദകർമം നിർവഹിച്ചു. വൈകുന്നേരം ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ മാർതോമാ വിദ്യാനികേതന്റെ 32-ാമത് വാർഷികസമ്മേളനത്തിലും 22-ാമത് പ്ലാസിഡ് സിമ്പോസിയത്തിലും പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

04 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരി. കുർബാന യർപ്പിച്ചു സന്ദേശം നൽകി. അതിനുശേഷം പരിശീലനത്തിലായിരിക്കുന്ന വൈദികാർത്ഥികളുമായി സംവദിക്കുകയും ഈ വർഷം വൈദികപരിശീ ലനത്തിലേക്കു കടന്നുവന്ന ആദ്യവർഷ വൈദികാർത്ഥികളെ പരിചയപ്പെ ടുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

05 രാവിലെ ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിക്കുകയും അവിടെയുള്ള വൈദികരോടൊപ്പം സൗഹൃദം പങ്കിടുകയും രോഗാവസ്ഥ യിലായിരിക്കുന്ന വൈദികരെ സന്ദർശിക്കുകയും ചെയ്തു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് വണ്ടാ നത്ത് (ആലപ്പുഴ) ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ പണി കഴിപ്പിക്കപ്പെട്ട ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം സപ്തതി സ്മാരക മദർ തെരേസാ കെയർഹോമിന്റെ ആശീർവാദകർമം നിർവഹിച്ച് തുടർന്നുള്ള സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന 75-ാം ജന്മദിനാഘോഷത്തിൽ പങ്കെ ടുത്തു ആശംസയറിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി സംസാരിച്ചു.

06 രാവിലെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ രോഗിയായി കിടക്കുന്ന വിരുപ്പേൽ ബഹു. ജോസച്ചനെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് റീജൻസി ചെയ്യുന്ന വൈദികാർത്ഥികളോടൊപ്പം വർത്തമാനപുസ്തകത്തെപറ്റി യുള്ള സെമിനാറിൽ പങ്കെടുത്തു.

07 രാവിലെ ചങ്ങനാശേരി എസ്.ബി. കോളേജ് അങ്കണത്തിൽ പുതിയതായി പണിതീർത്ത സുവനീർ ഷോപ്പിന്റെ ആശീർവാദകർമം നിർവഹിച്ചു. തുടർന്ന് എസ്.ബി. കോളേജിലെ സുവോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃ ത്വത്തിലുള്ള നവീകരിച്ച മ്യൂസിയത്തിന്റെ ആശീർവാദകർമ്മം നിർവഹി ക്കുകയും സന്ദേശംനൽകുകയും ചെയ്തു.

09 രാവിലെ കുമരങ്കരി സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാന യർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പുതിയതായി നിർമിക്കുന്ന പാരീഷ് ഹാളിന്റെ കല്ലിടൽ കർമവും പുതിയതായി പണിതീർത്ത വൈദികമന്ദി രത്തിന്റെ ആശീർവാദകർമവും നിർവഹിച്ചു. ചീരഞ്ചിറ സെന്റ് ജോർജ് ദൈവാലയത്തിൽ ASMI സന്ന്യാസസമൂഹത്തിലെ മൂന്നു സന്ന്യസ്തരുടെ പ്രഥമവ്രതവാഗ്ദാനശുശ്രൂഷക്കു മുഖ്യകാർമികത്വം വഹിച്ച് സന്ദേശം

നൽകി. അതിനുശേഷം ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിലെ കാർഡിനൽ ടിസ്റാങ്ങ് ഹാളിൽ 41-ാം CLT കോഴ്സിന്റെ ഉദ്ഘാടനകർമം നിർവഹിച്ചു സന്ദേശംനൽകി. ഉച്ചകഴിഞ്ഞ് അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർ സെക്കണ്ടറി സ്കൂളിൽ അതിരമ്പുഴ സോണിലെ ടീച്ചേഴ്സ് ഗിൽഡ് കൺവൻഷൻ സമ്മേളനത്തിൽ പങ്കെടുത്തു സമാപനസന്ദേശം നൽകി. വൈകുന്നേരം പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടന്ന ദുക്റാനതിരുനാളിന്റെ ആഘോഷചടങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി.

10 രാവിലെ കുളത്തൂർ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ പരി. കുർബാന യർപ്പിച്ചു സന്ദേശംനൽകി. പരി. കുർബാനയ്ക്കുശേഷം സൺഡേസ്കൂൾ കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ ഡയറിയുടെ പ്രകാശനകർമം നിർവഹിക്കുകയും ഇടവകസമൂഹത്തെ മുഴുവനെയും കണ്ടു സംസാരിക്കുകയും സുഖാന്വേഷണങ്ങൾ ചോദിച്ചറിയുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി കത്തീഡ്രൽ ഇടവകാംഗമായ പുല്ലംപ്ലാവിൽ പി.ഒ. ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. വൈകുന്നേരം കുറിച്ചി സെന്റ് ജോസഫ് ശാന്തിഗിരി ദൈവാലയത്തിന്റെ നവീകരിച്ച സിമിത്തേരിയുടെ ആശീർവാദകർമം നിർവഹിക്കുകയും തുടർന്ന് ഇടവകദിനാചരണം ഉദ്ഘാടനംചെയ്തു സംസാരിച്ചു. അതിനുശേഷം വെരൂർ സെന്റ് ജോസഫ് ഇടവകാംഗമായ ഇടിമണ്ണിക്കൽ ഇ.എം. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. വൈശ്യംഭാഗം ഹോളിക്രോസ് ഇടവകാംഗമായ അഞ്ചിൽ ബഹു. ഐസക്കച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു.

11 രാവിലെ ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മൈലാപ്പൂർ തീർത്ഥാടനത്തിനായി നാൽപതോളം വരുന്ന തീർത്ഥാടകരുമായി അതിരൂപതാകേന്ദ്രത്തിൽനിന്ന് പ്രാർത്ഥനയോടെ പുറപ്പെട്ടു. കുമളി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ തീർത്ഥാടകരോടൊപ്പം പരി. കുർബാനയർപ്പിച്ചു. യാത്രാമധ്യേ തീർത്ഥാടകർക്ക് ഏഴുനേരത്തെ യാമപ്രാർത്ഥനകളുടെ പരിശീലനം നൽകുകയും ചാന്റ് ആലാപനരീതി പരിശീലിപ്പിക്കുകയും മാർതോമാശ്ലീഹായെപ്പറ്റിയുള്ള സംശയങ്ങൾക്കു മറുപടി നൽകുകയും ചെയ്തു. യാമപ്രാർത്ഥനകളും ജപമാലകളുംചൊല്ലി രാത്രിയോടുകൂടി മൈലാപ്പൂരിൽ എത്തിച്ചേർന്നു.

12 രാവിലെ മൈലാപ്പൂരിൽ മാർതോമ്മാസ്ലീവാ സ്ഥിതിചെയ്യുന്ന സെന്റ് തോമസ് മൗണ്ടിൽ (പെരിയമല) എത്തിച്ചേർന്നു. അവിടെ മാർതോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വചരിത്രവും മാർതോമ്മാസ്ലീവായുടെ അർത്ഥവും പ്രാധാന്യവും തീർത്ഥാടർക്കു വിശദീകരിച്ചുനൽകി. അതിനുശേഷം ചിന്നമല സന്ദർശിച്ചു. മാർതോമ്മാശ്ലീഹാ താമസിച്ചിരുന്നുവെന്നു വിശ്വസിക്കപ്പെടുന്ന ഗുഹയിൽവച്ചു തോമ്മാശ്ലീഹാചരിത്രം വിവരിച്ചുകൊടുത്തു പ്രാർത്ഥനാശുശ്രൂഷ നടത്തി. അവിടെതന്നെയുള്ള അത്ഭുത ഉറവ സന്ദർശിച്ചു. ഉച്ചയോടുകൂടി തോമ്മാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേർന്നു. തോമ്മാശ്ലീഹായുടെ കബറിടത്തിങ്കൽ തീർത്ഥാടകരൊപ്പം പരി. കുർബാ

നയർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം മറീനാ ബീച്ച് സന്ദർശിച്ചു അതിനുശേഷം ഹൊസൂർ രൂപതാകേന്ദ്രം സന്ദർശിക്കുകയും അവിടെ പരി. കുർബാനമധ്യേ സന്ദേശം നൽകുകയും ചെയ്തു. രാത്രി തിരികെ യാത്ര ആരംഭിച്ചു.

13 തിരികെയുള്ള യാത്രയിൽ തീർത്ഥാടകരോടു യാമപ്രാർത്ഥനകളെക്കുറിച്ചു സംസാരിക്കുകയും സിനഡാത്മകതയെപറ്റിയും കുടുംബകൂട്ടായ്മയെ പ്പറ്റിയും സമുദായ സമുദ്ധാരണത്തെപ്പറ്റിയുമുള്ള ചർച്ചയിൽ പങ്കെടുക്കു കയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

14 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന ചെത്തിപ്പുഴ സെന്റ് തോമസ് ആശുപ ത്രിയുടെ ബോർഡ്മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം പള്ളിക്കൂട്ടുമ്മ ഫാത്തിമാമാതാ ഇടവകാംഗമായ വേലക്കളം മറിയാമ്മ തങ്കച്ചന്റെ മൃതദേ ഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. പുതിയിടം ബഹു. മാണിയച്ചന്റെ ജ്യേഷ്ഠൻ വടവാതൂർ സെന്റ് തോമസ് ഇടവകാംഗമായ കെ.എം. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു.

15 രാവിലെ തിരുവനന്തപുരം ലൂർദ്ദുമാതാ ദൈവാലയത്തിൽ പരി. കുർബാന യർപ്പിച്ചശേഷം പട്ടം സെന്റ് മേരീസ് സീറോ മലങ്കര കത്തീഡ്രൽ ദൈവാ ലയത്തിൽ തിരുവനന്തപുരം സീറോ മലങ്കര അതിരൂപതയുടെ സഹായ മെത്രാൻ അഭി. മാർ മാത്യു മനക്കരക്കാവിൽ തിരുമേനിയുടെയും സീറോ മലങ്കര മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയാബിഷപ് അഭി. മാർ ആന്റണി കാക്കനാട്ട് തിരുമേനിയുടെയും മെത്രാഭിഷേകശുശ്രൂഷയിൽ പങ്കെടുത്തു. അതിനുശേഷം മണ്ണന്തല റാണിഗിരി ദൈവാലയം സന്ദർശിച്ചു.

16 രാവിലെ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകാംഗമായ കണ്ണമ്പള്ളി സോബിച്ചന്റെ വീടിന്റെ ആശീർവാദകർമം നിർവഹിച്ചു. ചങ്ങനാശേരി റൂബിനഗർ സേവനോദ്യാനം (SOIL) മഠത്തിൽ ബഹു. സി. അന്നമ്മ മാത്യു വരിക്കാനിക്കലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിനു മുഖ്യകാർമികത്വം വഹിച്ചു അനുശോചനം അറിയിച്ചു. ശേഷം ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽനടന്ന ഗ്രീൻ ആന്റ് കെയ റിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് നെടുങ്കുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോന ദൈവാലയ പാരീഷ് ഹാളിൽ നടന്ന നെടും കുന്നം സോണിന്റെ അധ്യാപക-അനധ്യാപക കൺവൻഷനിൽ അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് കൂത്രപ്പള്ളി സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ നെടുംകുന്നം ഫൊറോനയിലെ യുവജനങ്ങൾക്കായി സംഘടിപ്പിച്ച ക്യാമ്പിൽ പങ്കെടുത്തു അവരെ കേൾക്കുകയും അവരുമായി സംവദിക്കുകയും ചെയ്തു.

17 രാവിലെ വടവാതൂർ സെന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാന യർപ്പിച്ചശേഷം സൺഡേസ്കൂളിലെ കുട്ടികളെയും അധ്യാപകരെയും കണ്ടുസംസാരിച്ചു. അതിനുശേഷം SH സാന്തോം ഭവൻ കോൺവന്റ് സന്ദർശിച്ചു. വൈകുന്നേരം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്ര ത്തിൽ നടക്കുന്ന വൈദികരുടെ വാർഷികധ്യാനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

18 രാവിലെമുതൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുക്കുകയും ഒഴിവുസമയങ്ങളിൽ വൈദികരെ വ്യക്തിപരമായികണ്ടു സംസാരിക്കുകയും ചെയ്തു.

19 രാവിലെ നർബോനപുരം സെന്റ് സെബാസ്റ്റ്യൻ ഇടവകാംഗവും ദൈവാലയ ശുശ്രൂഷിയുമായ ആന്റണി ജെ. യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. തുടർന്ന് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പ്പിറ്റലിൽ എസ്.ബി കോളേജ് മുൻ ലൈബ്രേറിയനായ വിരുപ്പേൽ ബഹു. ജോസച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുക്കുകയും ഒഴിവുസമയങ്ങളിൽ വൈദികരെ വ്യക്തിപരമായികണ്ടു സംസാരിക്കുകയും ചെയ്തു.

20 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനിക്കുന്ന വൈദികരെ വ്യക്തിപരമായികണ്ടു സംസാരിച്ചു. ഉച്ചയോടെ ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ കേരളാ ഖാദി ഗ്രാമവ്യവസായ ബോർഡുമീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമായ കോയിപ്പുറത്ത് തോമസ് മത്തായിയുടെ മൃതസംസ്കാരശുശ്രൂഷയിലെ ദൈവാലയത്തിലെയും സെമിത്തേരിയിലെയും കർമങ്ങൾക്കു കാർമികത്വംവഹിച്ചു. തുടർന്ന് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനിക്കുന്ന വൈദികരെ വ്യക്തിപരമായികണ്ടു സംസാരിച്ചു. വൈകിട്ട് വെരൂർ സെന്റ് ജോസഫ് ഇടവകാംഗമായ കണ്ണമ്പള്ളിൽ മാത്യു തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു.

21 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശംനൽകുകയും തുടർന്ന് വൈദികരെ വ്യക്തിപരമായികണ്ടു സംസാരിക്കുകയും ചെയ്തു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിലുള്ള രണ്ടാമത് മൈലാപ്പൂർ തീർത്ഥാടനത്തിന്റെ ഫ്ളാഗ് ഓഫ് കർമം നിർവഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരെ വ്യക്തിപരമായി കാണുകയും ഉച്ചകഴിഞ്ഞ് ധ്യാനത്തിൽ പങ്കെടുത്ത വൈദികർക്കു നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

22 വെഞ്ചെമ്പ് സെന്റ് ജോർജ് ഇടവകാംഗവും ചങ്ങനാശേരി എസ്.ബി. കോളേജ് മുൻ ലൈബ്രേറിയനുമായിരുന്ന വിരുപ്പേൽ ബഹു. ജോസച്ചന്റെ മൃതസംസ്കാരശുശ്രൂഷയിലെ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും തുടർന്നുള്ള കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു. വൈകുന്നേരം ഫാത്തിമാപുരം SH സ്കൂളിൽ ചങ്ങനാശേരി ഫൊറോനയിലെ യുവജനങ്ങൾക്കായി സംഘടിപ്പിച്ച ക്യാമ്പിൽ പങ്കെടുത്തു സന്ദേശം നൽകി.

23 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗമായ കെ.ജെ. മേരിക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. അതിനുശേഷം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട 'ദർശൻ 2022' എന്ന ദ്വിദിന നേതൃപരിശീലന

ശില്പശാലയുടെ ഉദ്ഘാടനകർമം നിർവഹിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി. ഹയർസെക്കണ്ടറി സ്കൂൾ പോപ്പ് ലിയോ 13-ാമൻ ഓഡിറ്റോറിയത്തിൽ കുറുമ്പനാടം സോൺ അധ്യാപക-അനധ്യാപകർക്കായി ഒരുക്കിയ കൺവൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി. വൈകുന്നേരം മാന്നാനം പന്ത്രണ്ടു ശ്ലീഹാന്മാരുടെ ദൈവാലയത്തിൽ ഇടവകതിരുന്നാളിനോടുനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

24 തിരുവനന്തപുരം ഫൊറോനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട തിരുവനന്തപുരം ലൂർദ്ദു ഫൊറോന ദൈവാലയത്തിൽനിന്നും പോങ്ങുമ്മൂട് സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലേക്കുള്ള 12-ാമത് അൽഫോൻസാ തീർത്ഥാടനത്തിന് ആമുഖസന്ദേശം നൽകി പദയാത്രയിൽ പങ്കുചേർന്നു. തുടർന്ന് പോങ്ങുമ്മൂട് സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

❍

മാർ തോമസ് തറയിൽ

ജൂൺ 2022

26 ആഘോഷമായ പ്രഥമ പരിശുദ്ധ കുർബാന സ്വീകരണം നടത്തിയ സിങ്കപ്പൂരിലെ സീറോ മലബാർ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ ക്ലാസെടുത്തു. കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം കൂട്ടുമ്മേൽ കെ.എസ്. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. പാറേൽ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ചങ്ങനാശേരി ഫൊറോന മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ഫൊറോനയിലെ യുവജനങ്ങൾക്കായി നടത്തിയ യുവജന സംഗമം 'ELEORA 2022' ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ചങ്ങനാശേരി മൗണ്ട് കാർമൽ മഠാംഗം ബഹു. സിസ്റ്റർ പിയർ സി.എം.സി. യുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ സിമിത്തേരിയിലെ തിരുക്കർമങ്ങൾക്ക് കാർമികത്വം വഹിച്ചു.

27 ബഫർസോൺ കരട് വിജ്ഞാപനത്തിലുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം കേരള ഗവണ്മെന്റ് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ പ്രതിഷേധസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അഭിവന്ദ്യ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയെ സന്ദർശിച്ചു. പോങ്ങുമ്മൂട് സെന്റ് അൽഫോൻസാ ഓഡിറ്റോറിയത്തിൽ നടത്തിയ തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയിലെ കൈക്കാരന്മാരുടെ മീറ്റിംഗിൽ സംസാരിച്ചു. ബഫർസോൺ പ്രശ്നങ്ങൾ അവലോകനം ചെയ്യുവാനായി KCBC നടത്തിയ ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

28 ചെത്തിപ്പുഴ മേഴ്സി ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിംഗിൽ നടന്ന ത്രിദിന ഹെൽത്ത് കെയർ കോൺഫറൻസ് ഉദ്ഘാടനംചെയ്തു സംസാരിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക്ക് സെമിനാരിയുടെ വജ്രജൂബിലിയു

ടെയും പൗരസ്ത്യവിദ്യാപീഠത്തിന്റെ റൂബിജൂബിലിയുടെയും സമാപന ത്തോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

29 നെടുംകുന്നം കർമലീത്ത മഠത്തിൽ ബഹു. സിസ്റ്റർ അകവീന സി.എം.സി. യുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഒന്നാംഭാഗത്തിലെ തിരുക്കർമങ്ങ ളിൽ കാർമികത്വം വഹിച്ചു. വാഴപ്പള്ളി എസ്.എ.ബി.എസ്. തിരുഹൃദയ ആരാധനാമഠത്തിൽ ബഹു. സിസ്റ്റർ ലൂസി മരങ്ങാട്ടിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോ ലീത്തൻ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീക രണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഇടവകാംഗം തുരുത്തുമാലിൽ പുതുച്ചിറ മേരിക്കുട്ടി ജയിംസിന്റെ മൃത സംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ തിരുക്കർമങ്ങൾക്ക് കാർമി കത്വം വഹിച്ചു.

30 ബഫർസോൺ വിഷയത്തിൽ ആശങ്കകളറിയിച്ച് സെക്രട്ടേറിയറ്റിൽ KCBC പ്രതിനിധി സംഘത്തോടൊപ്പം ബഹു. കേരള മുഖ്യമന്ത്രിയുമായും പ്രതി പക്ഷനേതാവുമായും സംസാരിക്കുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു. ഇതേവിഷയത്തിൽ ഇടപെടണമെന്നാവശ്യപ്പെട്ട് പട്ടം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ ശ്രീ. കാനം രാജേന്ദ്രനുമായി സംസാരിച്ചു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ മൃതസംസ്ക്കാര ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു. കോയിൽമുക്ക് സെന്റ് ജോസഫ്സ് ഇടവകാംഗം ഉലക്കപ്പാടിൽ ഒ.കെ. ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. സീറോമലബാർസഭ മേജർ ആർക്കിഎപ്പിസ് കോപ്പൽ അസംബ്ലി കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

ജൂലൈ 2022

01 ചങ്ങനാശേരി സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ് കൂൾ ഓഡിറ്റോറിയത്തിൽ 2022-23 അദ്ധ്യയന വർഷത്തിലെ അതിരൂപത കെ.സി.എസ്.എൽ. പ്രവർത്തനങ്ങളുടെ ഉദ്ഘാടനകർമം നിർവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽനടന്ന അതിരൂപതയുടെ കാരുണ്യസംരംഭമായ 'കരുതൽ 2022' ന്റെ അവലോകനയോഗത്തിൽ പങ്കെടുത്തു. പഴയേരൂർ സെന്റ് തോമസ് ദൈവാലയത്തിൽ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തി രുനാളിനോടനുബന്ധിച്ച് പരി. കുർബാന അർപ്പിക്കുകയും പുതിയതായി നിർമിച്ച സിമിത്തേരി ചാപ്പൽ വെഞ്ചരിക്കുകയും ചെയ്തു. മാർത്തോ മ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തോടനുബ ന്ധിച്ച് ചങ്ങനാശേരി പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ എസ്.എം.സി.എ. റിയാദ് നടത്തിയ ഓൺലൈൻ സഭാദിനാഘോഷ സമ്മേള നത്തിൽ അനുഗ്രഹസന്ദേശം പങ്കുവയ്ക്കുകയും സൺഡേ സ്കൂൾ കുട്ടി കൾക്കായുള്ള 'ഈശോയോടൊപ്പം വിശ്വാസോത്സവം 2022' ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

02 പാങ്ങോട് ഒ.സി.ഡി. കാർമൽ ഹിൽ ഫിലോസഫി കോളേജ് ഓഡിറ്റോറി യത്തിൽ 2022-23 അദ്ധ്യയനവർഷത്തിന്റെയും സെന്റ് തോമസ് അക്കാഡമി യുടെയും ഉദ്ഘാടനം നിർവഹിച്ച് കോളേജ് മാഗസിൻ, കലണ്ടർ എന്നിവ പ്രകാശനം ചെയ്യുകയും ചെയ്തു. അമ്പൂരി സെന്റ് തോമസ് ഹയർസെ ക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചങ്ങനാശേരി അതിരൂപത അമ്പൂരി സോൺ 'കത്തോലിക്ക അദ്ധ്യാപക ഗിൽഡ് കൺവൻഷൻ'

ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മായം സെന്റ് മേരീസ് ഇടവകാംഗം കാലായിൽ ബഹു. വർഗീസ് അച്ചനെ സന്ദർശിച്ചു. ജനവാസകേന്ദ്രങ്ങളായ അമ്പൂരി പഞ്ചായത്തിലെ വാർഡുകൾ പരിസ്ഥിതിലോലമേഖലയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അമ്പൂരി ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അമ്പൂരി ടൗണിൽ നടത്തിയ ജനകീയ പ്രതിഷേധസംഗമത്തിൽ സംസാരിച്ചു. പച്ചക്കാട് തിരുഹൃദയ ദൈവാലയത്തിൽ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളിനോടനുബന്ധിച്ച് പരി. കുർബാന അർപ്പിച്ചു. മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ഓഡിറ്റോറിയത്തിൽ മത-സാംസ്കാരിക-രാഷ്ട്രീയ നേതാക്കൾക്കായി നടത്തിയ ദുക്റാന സംഗമത്തിൽ നന്ദിപ്രകാശനം നിർവഹിച്ചു.

03 നിരണം മാർത്തോമ്മാശ്ലീഹാ തീർത്ഥാടന ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. ഈരേ ലൂർദ്ദുമാതാ ദൈവാലയത്തിൽ വചനസന്ദേശം നൽകുകയും വൈദികമന്ദിരത്തിന്റെ കല്ലിടീൽ കർമം നിർവഹിക്കുകയും ചെയ്തു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ സൺഡേ സ്കൂളിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശേരി അതിരൂപത എ.കെ.സി.സി. യൂത്ത് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സഭാദിനത്തോടനുബന്ധിച്ച് നടത്തിയ അന്നദാനം ഉദ്ഘാടനം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ നാമഹേതുകത്തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു. മാർത്തോമ്മാവിദ്യാനികേതന്റെ 32-ാമത് വാർഷികത്തോടും 22-ാമത് പ്ലാസിഡ് സിമ്പോസിയത്തോടുമനുബന്ധിച്ച് ദുക്റാന സന്ദേശം പങ്കുവയ്ക്കുകയും സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

04-07 താമരശ്ശേരി രൂപതയിലെ വൈദികർക്ക് ധ്യാനം നയിച്ചു.

09 മുട്ടക്കാട് കൃപാതീരം മറിയം ത്രേസ്യാ ഓൾഡ് ഏജ് ഹോമിൽ പരി. കുർബാന അർപ്പിച്ചു. തിരുവനന്തപുരം നിർമലഭവൻ ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനവർഷവും മതാദ്ധ്യാപക സംഗമവും ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'മാർ വാലാഹ്' ഓൺലൈൻ സമ്മേളനത്തിൽ സംസാരിച്ചു.

10 കുറിച്ചി സെന്റ് ജോസഫ് ദൈവാലയത്തിൽ ഇടവകദിനത്തോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാന അർപ്പിച്ചു. എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം പുല്ലംപ്ലാവിൽ പി.ഒ. ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി എം.എൽ.എഫ്. കോൺവന്റിൽ വയോധികരായ ബഹു. സന്യാസിനികളെ സന്ദർശിച്ചു. വെരൂർ സെന്റ് ജോസഫ് ഇടവകാംഗം ഇടിമണ്ണിക്കൽ ഇ.എം. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11-14 താമരശ്ശേരി രൂപതയിലെ വൈദികർക്ക് ധ്യാനം നയിച്ചു.

15 പട്ടം സെന്റ് മേരീസ് സീറോ മലങ്കര കത്തീഡ്രൽ ദൈവാലയത്തിൽ അഭി

വന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പോസ് തിരുമേനിയുടെയും അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് തിരുമേനിയുടെയും മെത്രാഭിഷേകശുശ്രൂഷയിൽ പങ്കെടുത്തു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ഇടവകാംഗം കരിമാലിക്കൽ സൂസമ്മ വർഗീസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ തിരുക്കർമങ്ങൾക്ക് സഹകാർമികത്വം വഹിച്ചു. പരി. കർമലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പാങ്ങോട് ഒ.സി.ഡി. മൗണ്ട് കാർമൽ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷമായ പരി. കുർബാന അർപ്പിച്ചു.

16 പരി. കർമല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശേരി സി.എം.സി. ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷമായ പരി. കുർബാന അർപ്പിച്ചു. ചങ്ങനാശേരി റൂബിനഗർ സേവനോദ്യാനം (SOIL) മഠത്തിൽ ബഹു. സിസ്റ്റർ അന്നമ്മ മാത്യു വരിക്കാനിക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചെത്തിപ്പുഴ കാർമൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ വചനസന്ദേശം പങ്കുവച്ചു. തെക്കേക്കര സെന്റ് ജോൺസ് ഇടവക ഓഡിറ്റോറിയത്തിൽ സിസ്റ്റർ അന്നമ്മ കൊട്ടാരത്തിൽ അറ്റത്തിൽച്ചിറ ഒ.പി. യുടെ സന്യാസവ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ആശംസകളറിയിച്ചു. മിത്രക്കരി സെന്റ് സേവ്യേഴ്സ് ഇടവാകാംഗം ചെറുകാട് അലക്സ് സി. മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ അജണ്ട കമ്മിറ്റിമീറ്റിംഗിൽ സംസാരിച്ചു.

17 കിള്ളി എൽ.എസ്.ഡി.പി. കോൺവന്റിൽ പരി. കുർബാന അർപ്പിച്ചു. കുറ്റിച്ചൽ എഞ്ചിനിയറിംഗ് കോളേജ് സന്ദർശിച്ചു. തുടർന്ന് കോളേജ് അലുമ്നൈ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നിർമലാഭവൻ ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പൂർവ്വവിദ്യാർത്ഥിസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

18–21 കല്യാൺ രൂപതയിലെ വൈദികർക്ക് ധ്യാനം നയിച്ചു.

19 സീറോമലബാർസഭ ക്ലർജ്ജികമ്മീഷന്റെ ആഭിമുഖ്യത്തിൽ സീറോമല ബാർസഭയിലെ മൈനർ സെമിനാരി റെക്ടർമാർക്കായി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

20 കല്യാൺ രൂപതയിൽ നെരുൾ അപ്പസ്തോലിക്ക് ഒബ്ലേറ്റ്സ് കോൺവന്റ് സന്ദർശിച്ചു.

22 ഹൊസൂർ രൂപത ബിഷപ്സ് ഹൗസിൽ രൂപതാദ്ധ്യക്ഷൻ അഭി. മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിനെ സന്ദർശിച്ചു. ചങ്ങനാശേരി അതിരൂപതയിൽനിന്നുള്ള തീർത്ഥാടകസംഘത്തോടൊപ്പം മൈലാപ്പൂർ സാന്തോം സെന്റ് തോമസ് കത്തീഡ്രൽ ബസിലിക്കയിൽ ആഘോഷമായ പരി. കുർബാന അർപ്പിക്കുകയും മാർത്തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് മാർത്തോമ്മാശ്ലീഹാ പ്രാർത്ഥിച്ചിരുന്ന പെരിയമലയിലും രക്തസാക്ഷിത്വംവരിച്ച മൈലാപ്പൂരിലെ പ്രശസ്ത തീർത്ഥാടനകേന്ദ്രമായ ചിന്നമല സെന്റ് തോമസ് മൗണ്ട് ദൈവാലയത്തിലും പ്രാർത്ഥിച്ചു. മൈലാപ്പൂരിൽ SABS കോൺവന്റ് സന്ദർശിച്ചു.

23 ചങ്ങനാശേരി എസ്.ബി. ഹയർസെക്കൻഡറി സ്കൂൾ ചാപ്പലിൽ 'APOSTLE' പ്രോഗ്രാമിന്റെ അംഗങ്ങളായുള്ള വിദ്യാർത്ഥികളോടു സംസാരിച്ചു. ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗം കൊട്ടാരം ത്രേസ്യാമ്മ കുര്യാക്കോസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമങ്ങൾക്ക് മുഖ്യകാർമികത്വംവഹിച്ചു. യുവദീപ്തി എസ്.എം.വൈ.എം. തുരുത്തി ഫൊറോനയുടെ ആഭിമുഖ്യത്തിൽ കാനായിൽ നടത്തിയ ത്രിദിന യുവ ജന പ്രാർത്ഥന-പഠന-പരിശീലനക്യാമ്പിൽ യുവജനങ്ങളുമായി സംസാരിച്ചു. യുവദീപ്തി എസ്.എം.വൈ.എം. ചങ്ങനാശേരി ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഫാത്തിമാപുരം സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തിയ ത്രിദിന യുവജനക്യാമ്പിൽ യുവ ജനങ്ങളുമായി സംസാരിച്ചു.

24 പാറമ്പുഴ ബേത്‌ലഹേം ദൈവാലയത്തിൽ പരി. കുർബാന അർപ്പിക്കുകയും ഓഡിറ്റോറിയത്തിൽനടന്ന ഇടവക പൊതുയോഗത്തിൽ സംസാരിക്കുകയും ചെയ്തു. തുടർന്ന് സൺഡേസ്കൂൾ അദ്ധ്യാപകരും കുട്ടികളും ഇടവകയിലെ വിവിധ സംഘടനകളുമായും സംസാരിച്ചു. കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന ദ്വിദിന നേതൃപരിശീലന ശില്പശാല 'ദർശൻ 2022' നോടനുബന്ധിച്ചു നടത്തിയ നേതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിലെ പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിന്റെ ഇടവക പ്രഖ്യാപന സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഇടവക ഓഡിറ്റോറിയത്തിൽ നടന്ന നേതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

25 വെഞ്ചെമ്പ് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വിരുപ്പേൽ ബഹു. ജോസ് അച്ചന്റെ ഏഴാം ചരമദിനത്തോടനുബന്ധിച്ച് പരി. കുർബാന അർപ്പിക്കുകയും കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. മാങ്ങാനം നസ്രത്ത് ജ്ഞാനാശ്രമം എൽ.എസ്.സി. ജനറലേറ്റിൽ വി. ചാൾസ് ഡേ ഫൂക്കോയുടെ തിരുശേഷിപ്പ് വണക്കത്തോടനുബന്ധിച്ചു സന്ദേശം പങ്കുവച്ചു.

❍

ENGAGEMENTS

2022 AUGUST

Mar Joseph Perumthottam
Metropolitan Archbishop of Changanacherry

01-05		KCBC Annual Retreat
06	10:00 am	ബഹറിൻ പ്രവാസി സംഗമം
	02:00 pm	Message @ വി. അൽഫോൻസാ ജന്മഗൃഹം, Kudamaloor
07	03:00 pm	Mother Generals & Provincial Superiors Meeting on Home mission
08-11		Priests' Retreat @ Kunnamthanam
08	10:00 am	School Jubilee Inauguration @ Kainady
09	03:00 pm	Graduation Ceremony @ St Thomas Hospital, Chethipuzha
13	09:30 am	Pastoral Council
	04:30 am	Old Age Home blessing @ Meenkulam
14	04:00 pm	Chengannur Forane Official Inaugural Function
15	02:00 pm	Inauguration of Symposium on Fr Bernard Thoma CMI @ Thuruthy
16-27		Synod
29	03:30 pm	Convent Blessing of Josephine Sisters @ Villoonni
30	10:00 am	Presbyteral Council
	04:30 pm	Class @ Niranam Seminary

ENGAGEMENTS

Mar Thomas Tharayil
Auxiliary Bishop of Changanacherry

2022 AUGUST

01–05		KCBC Annual Retreat
06	09:30 am	Homily @ Alphonsa Bhavan, Kudamaloor
	11:00 am	*Requiem* @ Ettumanoor
	03:00 pm	Talk – SMCA Kuwait
	04:30 pm	Visitors
07	09:00 am	Holy *Qurbana* @ Rajamattom
	03:00 pm	Young Couples' Meet @ Cathedral
	04:00 pm	Mother Generals & Provincial Superiors Meeting on Home mission
08	12:00 pm	Betrothal @ Cathedral
	04:00 pm	Reception of newly ordained Bishops @ Vakathanam
09	06:45 am	Holy *Qurbana* @ Kunnamthanam
	09 am-04 pm	Class @ Danahalaya
10	03:00 pm	Visitors
11	06:00 am	Holy *Qurbana* @ Shanthimadam, Veroorchira
	09 am-04 pm	Class @ Danahalaya
12	05:00 pm	Holy *Qurbana* @ Alphonsa Bhavan, Kudamaloor
13	09:30 am	Pastoral Council General Body Meeting
	03:00 pm	Talk for Parents @ Rajamattom
	04:30 pm	Consecration @ Vazhappally West
14	09:00 am	Holy *Qurbana* @ Nazarath Bhavan, Meenkulam
	11:00 am	Vayojana Sangamam @ Meenkulam
	03:30 pm	Forane Meet @ Chengannur
15	09:30 am	Holy *Qurbana* @ Ambalapuzha
	03:00 pm	Youth Meet @ Parel
	05:00 pm	Youth Meet @ Parampuzha
16-20		Synod
21	06:00 pm	Online Talk – Khadki Diocese
22-25		Synod
26	03:00 pm	Visitors
28	05:30 pm	Youth Meet @ Ettumanoor
29	10:30 am	Holy *Qurbana* @ ASMI, Cheeranchira
	03:00 pm	Visitors
30	10:00 am	Presbyteral Council Meet
31	05:00 pm	Holy *Qurbana* @ Ithithanam

ആശംസകൾ

സീറോമലങ്കര സഭയിൽ നവാഭിഷിക്തരായ
അഭി. ആന്റണി മാർ സിൽവാനൂസ്, അഭി. മാത്യൂസ് മാർ പോളികാർപ്പോസ്
പിതാക്കന്മാർക്ക് അതിരൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

VEDAPRACHARA MADHYASTAN VOL.95 No.02 August 2022
Date of Publication: 31-07-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month

Rs 25/-

സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ

Estd. 1928 Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org